UNIVERSITY LIBRARY
11 JUN 1935
MADRAS

# കൈരളി

പുസ്തകം ൧൯. | ൧൧൧൦ മീനം | ലക്കം ൧൨.

## സാഹിത്യവും സമുദായവും *

[മിസിസ് സി. കട്ടൻനായർ ബി. എ., എൽ. ടി.]

സാഹിത്യത്തിന്നു കേവലം സങ്കുചിതമായ ഒരൎത്ഥം കല്പിക്കുന്നപക്ഷം അതിന്റെ ലോകത്തിൽ യാതൊരു സ്ഥാനവുമില്ലാത്ത എന്നെ ഈ മാന്യപദത്തിലേയ്ക്കു ക്ഷണിച്ചതു് എന്തുകൊണ്ടെന്നറിയുന്നില്ല. പ്രായംകൊണ്ടും പാണ്ഡിത്യംകൊണ്ടും സാഹിത്യസാഹചര്യംകൊണ്ടും ഈ ഉൽകൃഷ്ടപദവിക്കു സർവ്വഥാ അർഹരായ അനേകം ആളുകളാൽ അലംകൃതമായിരിക്കുന്ന ഈ മഹാസദസ്സിൽ ഞാൻ വളരെ സങ്കോചത്തോടുകൂടിയാണു സന്നിഹിതയാകുന്നതു്. ആരംഭത്തിൽത്തന്നെ എനിക്കൊന്നറിയിക്കുവാനുണ്ടു്. പണ്ഡിതാഗ്രഗണ്യന്മാരായ സാഹിത്യകുശലന്മാൎക്കു മാത്രം സാദ്ധ്യമാകുന്നവിധത്തിൽ സാഹിത്യപരമായ ഒരു വിമർശനത്തിനു ഞാൻ ആഗ്രഹിക്കുന്നില്ല. ജീവിതത്തിനും സാഹിത്യത്തിനും തമ്മിൽ സ്ഥായിയായ ബന്ധമുള്ളതിനാൽ മനുഷ്യന്റെ യഥാൎത്ഥാനുഭവങ്ങളെ പ്രതിഫലിപ്പിക്കുമ്പോൾ, ഭാഷയ്ക്കു ലാളിത്യം കുറഞ്ഞാലും, സങ്കേതങ്ങളെ അതിലംഘിച്ചുപോയാലും ആ സാഹിത്യം ഉജ്ജ്വലവും സജീവവും ആയിരിക്കയും, സമുദായത്തിന്റെ പരിവൎത്തനമാകുന്ന പരമോദ്ദേശത്തെ അതു നിറവേററുകയും ചെയ്യും. മനുഷ്യജീവിതം ശകലങ്ങളായ അനുഭവപാഠങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കുന്നു. അവ സ്ഥിതിവ്യത്യാസങ്ങളെ കണക്കാക്കുന്നില്ല. ഈ ബോധത്തോടുകൂടി നാം സാഹിത്യത്തെ വീക്ഷിക്കുന്നതായാൽ അതിന്റെ വ്യാപ്തി വിപുലമെന്നു പ്രത്യക്ഷമാകും. അങ്ങനെയിരിക്കെ, എന്നെപ്പോലെയുള്ളവൎക്കുപോലും സാഹിത്യത്തെസ്സംബന്ധിച്ചു് എന്തെങ്കിലും വല്ലതും പറവാനുണ്ടാകുമെന്നുള്ള വിശ്വാസമാണു്

* സമസ്തകേരള സാഹിത്യപരിഷത്തു് നവമസമ്മേളനം തൃതീയയോഗത്തിൽ ചെയ്ത അദ്ധ്യക്ഷപ്രസംഗം.

ഈ സ്ഥാനം സ്വീകരിക്കുന്നതിന്ന് എന്നെ പ്രേരിപ്പിച്ചത്. അപൂൎണ്ണങ്ങളും ഒരുപക്ഷേ മാമൂൽപ്രിയന്മാരായ പലേ സാഹിത്യകാരന്മാൎക്ക് അഹിതങ്ങളും ആയിരിക്കാമെങ്കിലും, സ്വന്തം ചില അനുഭവങ്ങളുടെ ഫലമായ ചിന്താശകലങ്ങൾ മാത്രമാണ് ഇന്നു നിങ്ങളുടെ മുമ്പിൽ സമൎപ്പിക്കുന്നതിനു ഞാനുദ്ദേശിക്കുന്നത്. അതിന്നിടയാക്കിയതിനു പരിഷൽഭാരവാഹികളോട് എന്റെ ഹാൎദ്ദമായ നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു.

മനുഷ്യന്റെ ചിന്താശക്തിയുടെ ദുരതിക്രമമായ മഹാബലത്തെ പുരാതനയോഗികളും ആധുനികമനഃശാസ്ത്രജ്ഞന്മാരും പലവിധപരീക്ഷണങ്ങളും നടത്തി സ്ഥാപിച്ചിരിക്കുന്നു. മനുഷ്യനിൎമ്മിതമായ ഏതൊരു വസ്തുവും സൃഷ്ടിപരമായ ഭാവനാശക്തിയുടെ സന്താനമാണ്. അവന്റെ മാനസികവ്യാപാരങ്ങളുടെ വിവിധപ്രകടനങ്ങളിൽ എത്രയോ പ്രധാനമായ സ്ഥാനമാണ് വാക്കുകൾക്കുള്ളത്. വ്യക്തികളെ തമ്മിൽ അടുപ്പിക്കാം, അകറ്റാം, മഹത്തായ കാൎയ്യങ്ങൾക്കു പ്രേരിപ്പിക്കാം, നികൃഷ്ടങ്ങളായ മാൎഗ്ഗങ്ങളിലേയ്ക്കു വലിച്ചിഴയ്ക്കാം. വാക്കുകൾക്ക് എന്താണു സാദ്ധ്യമല്ലാത്തത്! വാഗ്വൈഭവംകൊണ്ടു മനുഷ്യനു സിദ്ധമാകുന്ന സ്വാധീനശക്തിക്ക് ഏതു കാലത്തെ ലോകചരിത്രവും സാക്ഷ്യം വഹിക്കുന്നു.

ഇന്നത്തെ പാശ്ചാത്യപരിഷ്ക്കാരത്തിന്റേയും സംസ്കാരത്തിന്റേയും അസ്തിവാരമിട്ട പുരാതനഗ്രീസ്സിന്റെ യഥാൎത്ഥമായ നട്ടെല്ല് അവിടത്തെ വാഗ്മികളും സാഹിത്യകാരന്മാരുമായിരുന്നു.

ഭയങ്കരങ്ങളായ ആപത്തുകളെ യാതൊരു ക്ലേശലും കൂടാതെ വരിക്കുവാൻ നെപ്പോളിയന്റെ പടയാളികൾ സന്നദ്ധരായിരുന്നതിനു കാരണം അവരുടെ നേതാവിന്റെ യുദ്ധവൈദഗ്ദ്ധ്യമോ ധീരതയോ, ശാസനാശക്തിയോ അല്ല; തന്റെ അനുയായികളുടെ ഹൃദയങ്ങളെ ശക്തിമത്തായി സ്പൎശിച്ച് ഇഷ്ടംപോലെ പ്രവൎത്തിപ്പിക്കുന്നതിനുള്ള അന്യാദൃശമായ വാക്ചാതുൎയ്യമായിരുന്നുവത്രെ.

27 കൊല്ലം തന്റെ ജന്മദേശമായ മേവാർ വീണ്ടെടുക്കുന്നതിന് അക്ബരോട് വാശിയോടെ പൊരുതിയ ധീരനായ റാണാപ്രതാപസിംഹൻ ഒടുവിൽ തന്റെ പടയാളികളുടെ ക്ലേശങ്ങൾകണ്ടു മനസ്സു ക്ഷീണിച്ചു മുഗൾ ചക്രവൎത്തിക്കു കീഴടങ്ങുന്നതിനു തീൎച്ചയാക്കിയപ്പോൾ അദ്ദേഹത്തിന്റെ നിശ്ചയത്തിന് ഇളക്കം വരുത്തി ദേശാഭിമാനവും സ്വാതന്ത്ര്യേച്ഛയും ഉദ്ദീപിപ്പിച്ചത് അക്ബരുടെ രാജധാനിയിൽ താമസിച്ചിരുന്ന ഒരു രാജപുത്രകവി കവിതാരൂപത്തിൽ അയച്ചുകൊടുത്ത ഏതാനും ചില വരികളാണത്രേ.

ലോകചരിത്രം ഇത്തരത്തിലുള്ള പല ഉദാഹരണങ്ങൾകൊണ്ടും

നിറഞ്ഞിരിക്കുന്നു. ആധുനികകാലത്തു വിശേഷിച്ചും സാഹിത്യം അസാമാന്യമായ ശക്തിവിശേഷംമൂലം സമുദായത്തിൽ വരുത്തിയിട്ടുള്ളതും, നിമിഷംപ്രതി വരുത്തുന്നതും ആയ അത്യത്ഭുതകരങ്ങളായ പരിവത്തനകൾക്ക് അവസാനമില്ല.

നമ്മുടെ സങ്കല്പദൃഷ്ടികൾ 35 കൊല്ലങ്ങൾക്ക് മുമ്പു സെൻറ് പീറേറഴ്സ് ബർഗിൽ ഉണ്ടായിരുന്ന ഭയങ്കരമായ കാരാഗൃഹത്തിലെ ഏകാന്തമായ മുറിയിലേയ്ക്കു് ഓടിക്കുന്നതായാൽ അവിടെ ചെറുപ്പക്കാരനായ ഒരു കുറിയ മനുഷ്യനിരുന്നു്, എത്രയും ശ്രദ്ധയോടും ക്ഷമയോടുംകൂടി പാലിൽനിന്നുള്ള കൃത്രിമമഷികൊണ്ടു് കടലാസ്സുകൾ എഴുതി നിറയ്ക്കുന്നതു കാണാം. സൂത്രത്തിൽ പുറത്തേയ്ക്കു കടത്തുന്ന അവസരത്തിൽ, അവയിൽ പലതും പോലിസ്സിൻെറ കയ്യിൽ പെട്ടുപോകുന്നുവെങ്കിലും ഉദ്ദിഷ്ടസ്ഥാനത്തു് എത്തിച്ചേരുന്നവ അവയുടെ കൃത്യം വേണ്ടുംവണ്ണം നിവ്വഹിക്കുന്നു. അജ്ഞതയിലും അലസതയിലും ആണ്ടുകിടക്കുന്ന റഷ്യൻ തൊഴിലാളിവഗ്ഗം ആദ്യമായി തട്ടി ഉണത്തപ്പെടുന്നു. പിന്നീട്ടു സൈബീരിയയിലേയ്ക്കു് നാടുകടത്തപ്പെട്ടപ്പോഴും ആത്മരക്ഷയ്ക്കുവേണ്ടി അന്യരാജ്യങ്ങളിൽ പോയി പാത്തിരുന്നപ്പോഴും അക്ഷീണപരിശ്രമത്തോടെ തൂലികാവ്യാപാരം തുടന്നുകൊണ്ടിരുന്ന ആ വിപ്ളവകാരി—അതെ, ചരിത്രപ്രസിദ്ധനായ ആ ലനിൻ - തൻെറ ലഘുപത്രികകൾ ചില സ്നേഹിതന്മാരുടെ സഹായത്താൽ സ്വരാജ്യത്തിലെങ്ങും പ്രചരിപ്പിച്ചതിൻെറ ഫലമായി റഷ്യയിൽ വിപ്ളവകാലത്തു പ്രവേശിക്കുന്നതിനും തൊഴിലാളികളുടെ നേതൃത്വം നിഷ്പ്രയാസം വഹിക്കുന്നതിനും ശക്തനായിത്തീന്നു. ആശയഗാംഭീര്യത്തോടുകൂടി യുക്തിയുക്തം ലഘുവും സ്പഷ്ടവും ശക്തവുമായ ഭാഷയിൽ അദ്ദേഹം എഴുതീട്ടുള്ള പല ഉപന്യാസങ്ങളും ആധുനികറഷ്യൻ സാഹിത്യത്തിൽ, എന്നല്ല ലോകസാഹിത്യത്തിൽതന്നെ ഒരു പ്രധാന സ്ഥാനം അഹിക്കുന്നവയാണു്.

സാഹിത്യത്തിൻെറ ശക്തി നല്ലവണ്ണം അറിഞ്ഞിട്ടുള്ള രാജ്യതന്ത്രജ്ഞന്മാർ അതിൻെറ സഹായത്താൽ പലപ്പോഴും ആപൽഘട്ടങ്ങളിൽകൂടി രാഷ്ട്രങ്ങളെ നയിക്കുകയും ചിലപ്പോൾ സ്വാത്ഥലാഭത്തിനായി പ്രക്ഷോഭണങ്ങൾക്കിരയാക്കുകയും ചെയ്തിട്ടുണ്ടു്. ഇന്നു് പരസ്പരവിരുദ്ധങ്ങളായ മാനുഷികശക്തികൾ, സാഹിത്യപരമായ പ്രചാരണവേലയാണു് വിജയത്തിനു് ഒരു പ്രധാനമാഗ്ഗമായി കരുതുന്നതു്. ഇതുകൊണ്ടു തന്നെയാണു് യാഥാസ്ഥിതികരായ പല രാഷ്ട്രനേതാക്കന്മാരും നിയമങ്ങൾകൊണ്ടു സാഹിത്യപരമായ പ്രചാരണവേലയെ കക്കശമായി നിയന്ത്രിക്കുകയോ നിരോധിക്കുകയോ ചെയ്യുന്നതും.

എന്നാൽ സാഹിത്യത്തിന്റെ പരമമായ ഉദ്ദേശത്തെപ്പററി ഭിന്നാഭിപ്രായങ്ങൾ ഉണ്ടു് എന്ന പരമാൎത്ഥം ഞാൻ ഈ സന്ദൎഭത്തിൽ വിസ്മരിക്കുന്നില്ല. കല കലയ്ക്കുവേണ്ടി എന്ന വാക്യത്തെ മുറുകെപ്പിടിച്ചു മനുഷ്യന്റെ സൌന്ദൎയ്യാവബോധത്തെ തൃപ്തിപ്പെടുത്തുകമാത്രമാണു് അതിന്റെ പ്രഥമകൃത്യമെന്നു് അഭിപ്രായപ്പെടുന്ന പ്രാമാണികന്മാരായ കലാനിരൂപകന്മാർ ധാരാളമുണ്ടു്.

മനഃസംസ്കാരമാണു് സാഹിത്യത്തിന്റെ യഥാൎത്ഥമായ ഉദ്ദേശമെന്നു വളരെപ്പേൎക്കുള്ള അഭിപ്രായത്തോടു ഞാൻ യോജിക്കുന്നുവെങ്കിലും സംസ്കാരം എന്ന വാക്കുകൊണ്ടു് എല്ലാവരും വിവക്ഷിക്കുന്നതു ഒന്നുതന്നെയാണോ എന്നു സംശയമാണു്. സദാചാരപരമ്പരകളായി കണക്കാക്കപ്പെടുന്ന ജീൎണ്ണിച്ച ചില മാമൂലുകളെ മുറുകെപ്പിടിച്ചു ജീവിക്കുന്ന പലേ പണ്ഡിതന്മാരേയും മനഃസംസ്കാരം സിദ്ധിച്ചവരെന്നു മാനിച്ചുകാണാറുണ്ടു്. എന്നാൽ യഥാൎത്ഥമനുഷ്യത്വത്തിനു് അത്യാവശ്യമായിരിക്കുന്ന സ്വതന്ത്രചിന്ത, സ്വാതന്ത്ര്യബോധം, ജീവിതത്തെ അതിന്റെ നഗ്നതയിൽ അഭിമുഖീകരിക്കുന്നതിനുള്ള സന്നദ്ധത, എന്നിവ അവൎക്കുണ്ടോ എന്നാണു് നാം ആലോചിക്കേണ്ടതു്; മനുഷ്യജീവിതത്തെ ഞെക്കിക്കൊല്ലുന്ന അടിമത്വത്തിൽനിന്നും വിമുക്തമാക്കി സമുദായപുരോഗതിക്കു് അത്യന്താപേക്ഷിതമായ പരിവൎത്തനം വരുത്തുകയാണു സാഹിത്യത്തിന്റെ മഹത്തരമായ മുഖ്യകൃത്യം.

ഈ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ നമ്മുടെ മലയാളസാഹിത്യത്തെ ഒന്നു പരിശോധിച്ചുനോക്കുയാൽ വലിയ അഭിമാനത്തിനു വകയുണ്ടാകുമോ എന്നു സംശയമാണു്. മനുഷ്യന്റെ പരിക്ഷണങ്ങളേയും അനുഭവങ്ങളേയും പ്രതിഫലിപ്പിക്കുന്നതാണു സാഹിത്യം എന്ന തോതുവച്ചു നോക്കുന്നതായാൽ കേരളീയരുടെ സാഹിത്യം എത്ര ശുഷ്കമാണെന്നു് എളുപ്പത്തിൽ മനസ്സിലാക്കാം. രാഷ്ട്രീയമായും, ശാസ്ത്രീയമായും, സാമുദായികമായും ഉള്ള വിവിധപ്രമേയങ്ങളെ ധീരമായും കൂലങ്കഷമായും പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ നമ്മുടെ ഭാഷയിൽ എത്രകണ്ടുണ്ടു്? മനുഷ്യസമുദായത്തോടു് എത്രയും സ്ഥായിയായി ബന്ധമുള്ളതും ഇന്നു പരിഷ്കൃതരാജ്യങ്ങളിൽ പൎയ്യവേക്ഷണത്തിനു വിഷയീഭവിച്ചിരിക്കുന്നതുമായ (Euginics) വംശസംസ്കാരവിജ്ഞാനീയം സ്വഭാഷയിലേയ്ക്കു തൎജ്ജമചെയ്യുന്നതിനു് എന്തൊരു വൈമുഖ്യമാണു് നാം കാണിക്കുന്നതു്! കൎമ്മകുശലതകൊണ്ടും, ജീവിതമാഹാത്മ്യംകൊണ്ടും ഒരു പ്രത്യേകവൎഗ്ഗത്തിന്റെയോ രാഷ്ട്രത്തിന്റെയോ സ്വകാൎയ്യസ്വത്തെന്നു കരുതുവാൻ നിവൃത്തിയില്ലാത്തവരും, ലോകചക്രത്തെ തിരിക്കുന്നവരുമായ വ്യക്തി

കളെപ്പററി നമ്മുടെ സാഹിത്യം നമ്മെ എന്തു പഠിപ്പിക്കുന്നു? ശാസ്ത്രലോകത്തിലെ കണ്ടുപിടിത്തംമൂലം രാഷ്ട്രങ്ങൾ അന്യോന്യം സംഘടിതമായിരിക്കുന്ന ഇക്കാലത്തു് ഏതൊരു പൌരനും സ്വന്തം രാജ്യത്തിന്റെ മാത്രമല്ല, ലോകത്തിന്റെ ഒരു സംക്ഷിപ്തചരിത്രം അറിഞ്ഞിരിക്കേണ്ടതു് അത്യാവശ്യമായിരിക്കെ നമ്മുടെ ഭാഷയിൽ ഇന്ത്യാരാജ്യത്തെപ്പററിയെങ്കിലും ശരിയായ പര്യവേക്ഷണം നടത്തി ഒരു ചരിത്രം എഴുതുന്നതിന്നു വല്ലവരും പുറപ്പെട്ടിട്ടുണ്ടോ. സാഹിത്യത്തിനു പരിമിതമായ അർത്ഥം കല്പിക്കുന്നതായാൽതന്നെയും നമ്മുടെ സാഹിത്യം എത്രയും അപൂർണ്ണമാണു്. കേരളീയരുടെ ജീവിതം എത്ര ശുഷ്കമായാലും ശരി, അതിന്റെ ഒരു യഥാർത്ഥ പ്രതിഫലനമെങ്കിലും അവരുടെ സാഹിത്യത്തിൽ കാണുന്നില്ല. കഥാപാത്രങ്ങളായ നായന്മാൎക്കു് ആഭിജാത്യവും സ്ഥാനവലിപ്പവും ഒരു Passport ആയിട്ടാണു നമ്മുടെ ഇടയിൽ ഇന്നും സാധാരണമായി കാണുന്നതു്. പ്രഭുക്കന്മാരോടും പുരോഹിതവൎഗ്ഗത്തിനോടും ഉള്ള അടിമമനോഭാവത്തിനു വലിയ കുറവു കാണുന്നില്ല. അവശസമുദായങ്ങളുടെ വിഷമതകളെ സഹതാപബുദ്ധിയോടെ ഊന്നിപ്പറയുന്ന കവിതകളോ, ആഖ്യായികകളോ ഇന്നും സുലഭമായിട്ടില്ല; വല്ലതും ഉണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. കേരളത്തിലെ സ്ത്രീകളെപ്പോലെ യഥാർത്ഥസ്വാതന്ത്ര്യം അനുഭവിക്കുന്ന മററു സ്ത്രീകൾ ഇന്ത്യയിൽ എന്നല്ല ലോകത്തിൽ മിക്ക സ്ഥലങ്ങളിലില്ലെങ്കിലും ഇന്നു് അനഭിമാക്കാരുണ്ടെങ്കിലും, കഥാപാത്രങ്ങളായ സ്ത്രീകളെ ഇന്നും വെറും വികാരാധീനകളായ 'ജീവികൾ' (Sentimental beings) ആയി—കവിയുടെ വാക്കിൽ പറകയാണെങ്കിൽ പുരുഷനാകുന്ന മഹാതരുവിനു ചുററും പടൎന്നു വളരുന്നതോ, വളരേണ്ടുന്നതോ ആയ കോമളവല്ലികളായി—മാത്രമാണല്ലോ, നമ്മുടെ സാഹിത്യകാരന്മാർ ചിത്രീകരിക്കുന്നതു്. മാൎത്താണ്ഡവൎമ്മയിലെ 'സുഭദ്രയെപ്പോലെ' ചില വീരനായികമാരെ നമ്മുടെ സ്വതന്ത്രകൃതികളിൽ കാണുന്നതു് ഒരു അപൂൎവ്വതയായിട്ടേ കരുതേണ്ടതുള്ളു. സാമുദായികപ്രശ്നങ്ങളെ ആസ്പദമാക്കി ദിനംപ്രതി ജനതാമദ്ധ്യത്തിൽ നടന്നുകൊണ്ടിരിക്കുന്ന യഥാർത്ഥസംഭവങ്ങളെ വിമൎശിച്ചുകൊണ്ടു്, സമുദായത്തിന്റെ പുരോഗതിക്കു സഹായിക്കുന്ന വിപ്ലവകരങ്ങളായ ഗംഭീരാശയങ്ങളോടുകൂടി മാക്സിംഗോൎക്കി ഡോസ്റേറാവ്സ്കി മുതലായ ആധുനികസാഹിത്യകാരന്മാർ രചിച്ചിട്ടുള്ള നോവലുകൾ ഇതരഭാരതസാഹിത്യങ്ങളിലേയ്ക്കു തൎജ്ജിമചെയ്യാൻ തുടങ്ങിയിട്ടുണ്ടെങ്കിലും, വിദ്യാഭ്യാസത്തിൽ ഇന്ത്യയിൽവെച്ചു മുന്നണിയിൽ നില്ക്കുന്ന കേരളത്തിൽ ഇന്നും, ഇംഗ്ലണ്ടിൽ കൂലിക്കാരുടെ വിശ്രമസമയ

ത്തു വായിക്കുന്നതിനു യഥാൎത്ഥസാഹിത്യലോകത്തിൽ യാതൊരു സ്ഥാനവുമില്ലാത്ത ചില 'ഗ്രന്ഥകൎത്താക്കന്മാർ' 5 ദിവസംകൊണ്ടു് 1000 വശങ്ങൾ വീതം എഴുതിവിടുന്നതും, അവിടത്തെ വെട്ടുവഴികളിൽ നിസ്സാരവിലയ്ക്കു വാങ്ങാൻ കിട്ടുന്നതുമായ ചില നോവലുകളാണു് യാതൊരു ക്ഷാമവുമില്ലാതെ, സ്വന്തമായി സ്വഭാഷയിലേയ്ക്കാക്കപ്പെടുന്നതു്. ആകപ്പാടെ ഇതാണു് ഇന്നത്തെ മലയാളസാഹിത്യത്തിന്റെ സ്ഥിതി.

ഇതിനുള്ള കാരണങ്ങളും പരിഹാരവും ആരാഞ്ഞറിയേണ്ടതാണല്ലോ. നല്ല നിഘണ്ടുക്കളുടെയോ വായനശാലകളുടെയോ നിരൂപണഗ്രന്ഥങ്ങളുടെയോ സഹായത്താൽമാത്രം നമ്മുടെ സാഹിത്യത്തെ പരിപുഷ്ടമാക്കാമെന്നുള്ള അഭിപ്രായം അത്ര ശരിയാണെന്നു തോന്നുന്നില്ല. എന്നു് മലയാളസാഹിത്യത്തിനു വിദ്യാലയങ്ങളിൽ പ്രഥമസ്ഥാനം കൊടുക്കുന്നുവോ, എന്നു് എല്ലാ ഗവൎമ്മേണ്ടു് വകുപ്പുകളിലേയും ഭാഷയായി അതു് സ്വീകരിക്കുന്നുവോ അന്നു മാത്രമേ മലയാളസാഹിത്യത്തിനു യഥാൎത്ഥമായ അഭിവൃദ്ധിയുണ്ടാകയുള്ളു. ഇന്ത്യാരാജ്യത്തിൽ അനവധിഭാഷകളുണ്ടു്. ഒരു പൊതുദേശീയഭാഷയായി ഹിന്ദിസ്വീകരിക്കേണ്ടിവരും. അങ്ങിനെയിരിക്കെ ഇന്ത്യയിലെ ഒരു പൊതുഭാഷയാകാൻ നിവൃത്തിയില്ലാത്ത മലയാളഭാഷയ്ക്കു് പ്രഥമസ്ഥാനം കൊടുക്കുന്നതിലും നല്ലതു് ഇന്ത്യക്കാരുടെ പൊതുവെയുള്ള അഭിവൃദ്ധിയെ ആസ്പദമാക്കി, ഇന്നു ഭൂരിപക്ഷം ഭാരതീയർ സംസാരിക്കുന്ന ഹിന്ദി പ്രധാനഭാഷയായി സ്വീകരിക്കയല്ലേ എന്നു ചിലർ സംശയിക്കുന്നുണ്ടായിരിക്കാം. ഞാൻ അതിനെപ്പററി ഒരു വാദം നടത്തുന്നതിനു തുനിയുന്നില്ല. മലയാളഭാഷയ്ക്കു നാം പുരോഗതി ആശിക്കുന്നുവെങ്കിൽ അതിന്നത്യാവശ്യമായിരിക്കുന്നതു് മുൻപറഞ്ഞപോലെ പ്രഥമസ്ഥാനം അതിനു നല്കുകയാണു്. ഏതായാലും നാം ഇംഗ്ലീഷുഭാഷയ്ക്കു് ഇന്നു കൊടുക്കുന്ന പ്രാധാന്യം മററു ഇന്ത്യൻസാഹിത്യങ്ങളെ അപേക്ഷിച്ചു ബാല്യദശയിലിരിക്കുന്ന മലയാളഭാഷയ്ക്കു് വലിയ ഉടവു് വരുത്തിയിട്ടുണ്ടു്. ലോകത്തിൽ വെച്ചു ഏററവും പ്രചാരത്തിലിരിക്കുന്ന ഒരു ഭാഷ അറിഞ്ഞിരിക്കുന്നതു് ഉപയോഗകരംതന്നെയെങ്കിലും അതിനു നാം ഇന്നു കൊടുക്കുന്ന അനാവശ്യമായ പ്രാധാന്യം ഗുണത്തേക്കാൾ അധികം ദോഷമാണു് ചെയ്യുന്നതു്. വ്യത്യസ്തങ്ങളായ പരിതഃസ്ഥിതികളുടെ ഫലമായി തീരെ ഭിന്നമായ സംസ്കാരവും ജീവിതരീതിയുമുള്ള എത്രയോ അകലെ കിടക്കുന്ന ഒരു രാജ്യക്കാരുടെ ഭാഷ ഇവിടത്തെ സാമാന്യജനങ്ങളുടെ ഭാഷയാക്കാമെന്നു വിചാരിക്കുന്നതു്, ഒരു വെറും വ്യാമോഹംമാത്രമാണു്. വിശേഷിച്ചു ഫ്രെഞ്ചു് ജൎമ്മൻ എന്നീ ഭാഷകളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇംഗ്ലീ

ഷഭാഷ കൂടുതൽ വിഷമമുള്ളതുമാണ്. യൂറോപ്പിൽതന്നെ ഇംഗ്ലണ്ട് ഒഴിച്ചു മററു രാജ്യങ്ങളിൽ എത്രയോ നിസ്സാരമായ ഒരു ജനവിഭാഗത്തിനു മാത്രമേ ഇംഗ്ലീഷുഭാഷ അറിഞ്ഞുകൂടു—അവിടങ്ങളിൽ ഫ്രഞ്ചോ, ജർമ്മനോ നിശ്ചയമില്ലാതെ ഇംഗ്ലീഷുഭാഷാപരിജ്ഞാനംകൊണ്ടുമാത്രം സഞ്ചരിക്കുന്നതും വിഷമമാണ്. അങ്ങിനെയിരിക്കെ നമ്മുടെ കുട്ടികൾ പള്ളിക്കൂടങ്ങളിൽ എത്രയും വിഷമിച്ച് ഈ വിദേശഭാഷ പഠിക്കുന്നതിനു ചിലവഴിക്കുന്ന സമയവും അനുഭവിക്കുന്ന ക്ലേശവും കാക്കുമ്പോൾ അതു് വലിയ ഒരു ദുർവ്യയമെന്നു് തോന്നാതിരിക്കാൻ നിവൃത്തിയില്ല. വലിയ ബിരുദങ്ങൾ നേടിയിട്ടുള്ളവരിൽ ചുരുക്കം പേക്കുമാത്രമേ തെററുകൂടാതെയും സങ്കോചമില്ലാതെയും ഒരു ദീർഘപ്രസംഗം ഇംഗ്ലീഷിൽ ചെയ്യാൻ ഇന്നു് സാധിക്കുന്നുള്ളു. അതിനുവേണ്ടി ചിലവഴിക്കുന്ന സമയത്തിന്റെ നാലിലൊരംശം സ്വഭാഷയ്ക്കുവേണ്ടി വിനിയോഗിക്കുന്നതായാൽ വശ്യവചസ്സായ ഒരു വാഗ്മിയോ ലേഖകനോ ആകുവാൻ പ്രയാസമുണ്ടാവുകയില്ല.

അങ്ങിനെയിരിക്കെ, ഇന്നു് നമുക്കു് സ്വഭാഷയും അന്യഭാഷയും വേണ്ടപോലെ ഉപയോഗിക്കാൻ സാധിക്കാത്തവിധത്തിലുള്ള വിദ്യാഭ്യാസരീതികൊണ്ടെന്തു പ്രയോജനമാണ്?

മലയാളം പ്രധാനഭാഷയാക്കിത്തീക്കുന്നതിനു് ഗവമ്മേണ്ടിന്റെ അനുകൂല്യവും അനുവാദവും വേണമെങ്കിലും പൊതുജനാഭിപ്രായത്തിന്റെ ശക്തികൊണ്ടുമാത്രമേ അതു രണ്ടും സമ്പാദിക്കുവാൻ കഴിയുകയുള്ളു. ഇന്നു് ഹൈദരബാദിൽ എല്ലാ വിദ്യാലയങ്ങളിലും ഗവമ്മേണ്ടു വകുപ്പുകളിലും ഉർദുവാണു് പ്രധാന ഭാഷയായി സ്വീകരിച്ചിരിക്കുന്നതു്. ഇംഗ്ലീഷിനു രണ്ടാമത്തെ സ്ഥാനം കൊടുത്തു് ആ ഭാഷയിൽനിന്നു വിവിധവിഷയങ്ങളെപ്പററിയുള്ള വിശിഷ്ടഗ്രന്ഥങ്ങളെല്ലാം പരിഭാഷപ്പെടുത്തുന്നതിനു മറെറല്ലാ പരിഷ്കൃതരാജ്യങ്ങളിലും ഉള്ളതുപോലെ ഒരു കമ്മിററി ഏപ്പെടുത്തുകയാണു് നമ്മുടെ പ്രഥമകത്തവ്യം. മലയാളത്തിൽ നമുക്കിന്നാവശ്യമായ പുസ്തകങ്ങൾ വളരെ കുറവായതുകൊണ്ടു് ആരംഭത്തിൽ കുറെ വിഷമമുണ്ടായിരിക്കും. എന്നാൽ അതുതന്നെ തജ്ജിമയ്ക്കു് വലിയ ഒരു പ്രേരണയായിത്തിരുവാനാണിടയുള്ളതു്.

ഇതിനും പുറമെ നമ്മുടെ സാഹിത്യത്തിന്റെ വളച്ചയ്ക്കു് അത്യന്താപേക്ഷിതമായ വേറൊരു പ്രധാന സംഗതികൂടെയുണ്ടു്. സങ്കുചിതമനസ്സരായ യാഥാസ്ഥിതികന്മാർ സാഹിത്യലോകത്തെ ഭരിക്കുന്നതായാൽ അതിന്റെ സ്ഥിതി ശോചനീയംതന്നെയായിരിക്കും. വെറും ഭാഷാപാണ്ഡിത്യമുള്ളതുകൊണ്ടോ, സാഹിത്യസംബന്ധമായ മാമൂലുകൾ ആദ

രിച്ചതുകൊണ്ടോ മാത്രം ഒരാൾക്ക് സജീവമായ സാഹിത്യം സൃഷ്ടിക്കുന്നതിനു സാധിക്കയില്ല. നെയ്ത്തുകാരനായ കബീർ അക്ഷരജ്ഞാനമില്ലാതിരുന്ന രാമകൃഷ്ണപരമഹംസർ, തുളസിദാസ്, തുക്കാറാം, ലോകഗുരുക്കന്മാരായി ആരാധിച്ചുവരുന്ന ബുദ്ധൻ, ക്രിസ്തു, ഇവരൊക്കെ പണ്ഡിതന്മാരായിരുന്നില്ല. എങ്കിലും അവരുടെ വാക്യങ്ങൾ ഇന്നും നിരവധി മനുഷ്യഹൃദയങ്ങളെ ഇളക്കുന്നു. ലോകസാഹിത്യത്തിലെ അമൂല്യരത്നങ്ങളായി കണക്കാക്കപ്പെടുന്നു; എന്താണതിനു കാരണം? അവർ അവതാരപുരുഷന്മാരായിരുന്നുവെന്നോ, അവർക്ക് ഈശ്വരകടാക്ഷമുണ്ടായിരുന്നുവെന്നോ പറഞ്ഞതുകൊണ്ടായി എന്നു തോന്നുന്നില്ല. അവർ അസാമാന്യന്മാരായിരുന്നുവെന്നതു വാസ്തവംതന്നെ. സാധാരണ ജനങ്ങൾക്കു സാധിക്കാത്ത രീതിയിലുള്ള നിർഭയത്വം, സഹതാപബുദ്ധി മുതലായ ഗുണങ്ങൾ അവർക്കുണ്ടായിരുന്നു. നിർഭയത്വമൊന്നുമാത്രമാണ് ജീവിതത്തെ അഭിമുഖീകരിക്കുന്നതെന്നും തന്മൂലം മഹത്തായ അനുഭവപാഠങ്ങളെക്കൊണ്ട് ജീവിതത്തിൻെറ അളവററ വികാസം സാദ്ധ്യമാകുന്നതിനും സഹായമായിട്ടുള്ളത്. വലിയ മതിൽക്കെട്ടുകൾക്കുള്ളിൽ അഭയംപ്രാപിക്കുന്നവർക്കു പ്രകൃതിവിലാസം കണ്ടാസ്വദിക്കുന്നതിനോ, മനുഷ്യസമുദായത്തോട് നേരിട്ടിടപെടുന്നതിനോ എങ്ങിനെ സാധിക്കും. കാററും വെളിച്ചവും ഭയപ്പെടുന്ന മാനസികരോഗികളുടെ സാഹിത്യത്തിൽ ശക്തിമത്തായ ജീവിതപ്രവാഹത്തിൻെറ പ്രകടനം എങ്ങിനെ സാദ്ധ്യമാകും. ഇതാണ യാഥാസ്ഥിതികന്മാരായ പണ്ഡിതന്മാരുടെ സാഹിത്യത്തിനും സ്വാതന്ത്ര്യതൃഷ്ണയോടുകൂടിയ ശക്തരായ വ്യക്തികളുടെ സാഹിത്യത്തിനും തമ്മിലുള്ള വ്യത്യാസത്തിന് കാരണം.

'കാർമേഘങ്ങളിൽ കയറി മിന്നൽപിണരുകളുടെ വെളിച്ചത്തിൽ നക്ഷത്രങ്ങളുമായി സല്ലപിച്ച് കാലംകഴിക്കുന്ന ഇന്നത്തെ പല ചെറുകവികളും, ഇടയ്ക്കെങ്കിലും കീഴ്പ്പോട്ടെയ്ക്ക് ഒന്നിറങ്ങി ഭൂമിയിൽ സഞ്ചരിക്കുന്നതായാൽ സഹാനുഭൂതിയോടുകൂടി യഥാർത്ഥവിഷയങ്ങളായ പലതും കാണുന്നതാണ്. മനുഷ്യനിർമ്മിതങ്ങളായ വ്യവസ്ഥകളുടെ ഫലമായുണ്ടായിട്ടുള്ള അവശതകളുടേയും ദുരിതങ്ങളുടേയും പരിഹാരത്തിനായി, ജനസമുദായത്തിൽ ഒരു ചലനമുണ്ടാക്കത്തക്കവണ്ണം പാടുന്നതിന് ഒരു യഥാർത്ഥകവിയെപ്പോലെ ആർക്കാണ് സാധിക്കുക. 'സാമാന്യജനദൃഷ്ടിയിൽ അധഃപതിച്ചിരിക്കുന്ന ഒരു 'പാപി'യേപ്പോലും യഥാർത്ഥജീവിതത്തോടു ബന്ധമുള്ള ഒരു സാഹിത്യകാരന് മൈത്രീബോധത്തോടെ വീക്ഷിക്കുന്നതിന് സാധിക്കും. കവിയുടെ സങ്കല്പപാത്രമായ ശകുന്തള, അസ്വാരസ്യഭാഷയിൽ പറകയാണെങ്കിൽ അവിവാഹിത

യായ ഒരു മാതാവാണ്; എങ്കിലും ഭാരതീയ സാഹിത്യകാരന്മാരുടെ ആരാധനാപാത്രമാകുന്നു. ഇതിൽ ആൎക്കും പരിഭവിക്കാനില്ല. എന്നാൽ കവിയുടെ ശകുന്തളയെക്കാൾ, നിൎഭാഗ്യകളും നിസ്സഹായകളുമായ ശകുന്തളകൾ ലോകത്തിൽ എപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നതാണെന്നും സ്ത്രീപുരുഷന്മാൎക്ക് വ്യത്യസ്തങ്ങളായ സാന്മാൎഗ്ഗികമാനദണ്ഡങ്ങളനുവദിച്ചുകൊടുക്കുന്ന നമ്മുടെ 'പരിഷ്കൃത' മനുഷ്യസമുദായം അവരെ മാത്രം ഇന്നും പൈശാചികമായവിധത്തിൽ, സാഹിത്യലോകത്തിൽക്കൂടെ വേട്ടയാടിക്കൊണ്ടിരിക്കുന്നുവെന്നുമുള്ളതിനെപ്പററി അല്പം ഒന്നു ചിന്തിച്ചുക്കുക. ഇതു പ്രഥമദൃഷ്ടിയിൽ നിസ്സാരമെന്നു തോന്നാമെങ്കിലും സമുദായത്തെ യഥാൎത്ഥത്തിൽ ഇന്നു ഭരിക്കുന്ന സാഹിത്യലോകത്തിന് വിശാലഹൃദയത്തോടും സഹതാപബുദ്ധിയോടുംകൂടി മനുഷ്യജീവിതത്തെ വീക്ഷിച്ചു തെററന്നു തോന്നുന്നപക്ഷം ശരിയെന്നഭിപ്രായമുള്ള മാൎഗ്ഗത്തിലേക്കു സമത്വഭാവേന തിരിച്ചുവിടേണ്ടതായ അതിന്റെ ചുമതല, യഥാൎത്ഥജീവിതവുമായി ബന്ധമില്ലാതെ ചില സങ്കല്പലോകത്തിൽ സഞ്ചരിച്ചുകൊണ്ടു സാദ്ധ്യമാകയില്ലെന്നു സ്പഷ്ടമാകുന്നു. രോഗത്തിന്റെ മൂലകാരണമറിഞ്ഞു ചികിത്സിച്ചാലല്ലാതെ പൂൎണ്ണാരോഗ്യം പ്രാപിക്കയില്ലല്ലോ. എന്നു നമ്മുടെ സാഹിത്യകാരന്മാരിൽ നിൎഭയത്വം തൽഫലമായിട്ടുള്ള സ്വാതന്ത്ര്യാസക്തി, സഹിഷ്ണുത മുതലായ വിശിഷ്ടഗുണങ്ങൾ പരിലസിച്ചു തുടങ്ങുന്നുവോ, എന്നു ഏതൊരു ജീവിതപ്രശ്നത്തേയും സങ്കോചംകൂടാതെ ചിന്തിക്കുന്നതിനെങ്കിലും സാദ്ധ്യമാകുന്നുവോ അന്നുമാത്രമേ ദീപ്തിമത്തും, ഉജ്ജ്വലവുമായ സാഹിത്യം രചിക്കുവാൻ സാധിക്കയുള്ളു. അന്നുമാത്രമേ അതിന്റെ ഫലമായ, മഹത്തായ ജീവിതതത്വങ്ങളിലേക്കു പ്രയാണംചെയ്യാൻ സന്നദ്ധമായ ഒരു നവീനസമ്പ്രദായം സൃഷ്ടിക്കുവാൻ അവർ ശക്തരാകയുള്ളു.

എനിക്ക് അവസാനമായി എന്റെ സോദരിമാരോടു രണ്ടു വാക്കു പറയുവാനുണ്ട്. ഭാരതീയരുടെ സാഹിത്യത്തിൽ സ്ത്രീകൾക്കു വലിയ ഒരു സ്ഥാനം പുരാതനകാലത്തു നല്കിയിരുന്നതായി കാണുന്നുവെങ്കിലും ഇന്നു സ്ഥായിയായി നമ്മെ ബാധിക്കുന്ന ഏതൊരു പ്രശ്നത്തെയാണ് നമ്മുടെ സാഹിത്യത്തിൽ കാണുന്നതു്. നമ്മുടെ അവകാശങ്ങൾക്കുവേണ്ടി വാദിക്കുന്നതിനും നമ്മുടെ അവശതകളെപ്പററി അനുഭാവപൂൎവ്വം ഊന്നിപ്പറയുന്നതിനും തക്ക വിശാലമനസ്കതയുള്ള സാഹിത്യകാരന്മാർ നമ്മുടെ ഇടയിൽ എത്രപേരുണ്ട്? സാഹിത്യപരമായ മാൎഗ്ഗത്തിൽക്കൂടി പ്രവൎത്തിക്കുന്നതായാൽ സ്ത്രീജനതയെ തട്ടിയുണൎത്തുന്നതിനു സാദ്ധ്യമാകുമെന്നും, അതിനു മററാരെയും ആശ്രയിച്ചുകൊണ്ടു കാൎയ്യമില്ലെന്നും നാം

മനസ്സിലാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. എത്ര മനഃസംസ്കാരമുണ്ടെന്നഭിമാനിച്ചാലും, നമ്മുടെ വിഷമങ്ങളേയും ക്ലേശങ്ങളേയും നമ്മെപ്പോലെ ഒരു പുരുഷനും ശരിയായി ഗ്രഹിക്കുന്നതിനോ അതു ദൂരീകരിക്കുന്നതിനു ശക്തിപൂർവ്വം ശ്രമിക്കുന്നതിനോ സാധിക്കുമെന്നു തോന്നുന്നില്ല. ഇന്നു സ്ത്രീകളെ പ്രത്യേകം സ്പർശിക്കുന്ന പലേ പ്രശ്നങ്ങളേയും പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ മററ ഭാഷകളിൽനിന്നു പരിഭാഷപ്പെടുത്തുകയോ, ആ വിഷയങ്ങളെപ്പററി സ്വതന്ത്രകൃതികൾ രചിക്കുകയോ ചെയ്യേണ്ടതാണ്. ജീവിതത്തോട് ഏതെങ്കിലും വിധത്തിൽ ബന്ധമുള്ള ഏതു സംഗതിയേയും ശാസ്ത്രീയമായ രീതിയിൽ പ്രതിപാദിക്കുന്നതിന് സങ്കോചം തോന്നേണ്ട ആവശ്യമില്ല. തുന്നൽപ്പണി, പാചകവൃത്തി, ഇവയെപ്പററി എഴുതിക്കൊണ്ടിരുന്നാൽ മാത്രം സാഹിത്യത്തിന് ഒരു യഥാർത്ഥസംഭാവന നമുക്കു ചെയ്വാൻ സാധിക്കുമെന്നു വിചാരിക്കുന്നുണ്ടോ? 'ഭർത്തൃശുശ്രൂഷ', ശീലവതിയുടെ പാതിവ്രത്യം, 'ഭാര്യാധർമ്മം' എന്നീവിധത്തിലുള്ള ഉപന്യാസങ്ങൾ മൂലം ഒരുപക്ഷേ, സ്ത്രീകളുടെ 'പരിഷ്കാരഭ്രമം', 'ദുസ്സ്വാതന്ത്ര്യം' എന്നിവയെപ്പററി എഴുതിക്കൂട്ടുന്ന സാഹിത്യരസികന്മാരുടെ നല്ല സർട്ടിഫിക്കററ ലഭിച്ചുവെന്നു വരാമെങ്കിലും, അവ നിർത്തേണ്ട കാലം വളരെ വൈകിയിരിക്കുന്നു. ജീവിതത്തിൻെറ ഏകോദ്ദേശ്യം വിവാഹമോ, നമ്മെക്കാൾ ഏതു വിധത്തിലും ശക്തിയെന്നഭിമാനിക്കുന്ന പുരുഷൻെറ പരിചരണമോ അല്ലെന്നും, മനുഷ്യനെന്ന നിലയിൽ സ്ത്രീക്കും പുരുഷനോടൊപ്പം തന്നെ ഒരു സ്ഥാനം ജനസമുദായത്തിൽ ഉണ്ടെന്നും നാം മനസ്സിലാക്കണം. ആ സ്ഥാനത്തോടു ചേർന്നില്ലാത്ത ചുമതലകളെ നിർവ്വഹിക്കുന്നതിന്, നഗ്നമായ ഇരുമ്പിൻകൂട്ടിലോ, മനോഹരമായ കാരാഗൃഹത്തിലോ ജീവിച്ചതുകൊണ്ടായില്ലെന്നും, ജീവിതഗതിയിൽ നമ്മെ വലയം ചെയ്യുന്ന വിവിധപ്രശ്നങ്ങൾക്കു നാംതന്നെ കഴിവുള്ളേടത്തോളം ഒരു നിവൃത്തിമാർഗ്ഗം കണ്ടുപിടിക്കേണ്ടതാണെന്നുമുള്ള ബോധം നമ്മിൽ വേരുന്നേണ്ടതാണ്. പുരുഷൻെറ ദയാപൂർവ്വമായ ഒരു വാക്കിനോ, നോക്കിനോ വേണ്ടി ജീവിക്കുന്ന കഥാനായികമാരെ സ്ത്രീലോകം മാതൃകകളായി ഇനി കരുതുകയില്ലെന്ന്, സാഹിത്യംമൂലവും നാമാണ് കാണിച്ചുകൊടുക്കേണ്ടത്. ജീവിതത്തിൽ സ്ത്രീയും പുരുഷനും 'സഖാക്കളാ'ണെന്ന ബോധം—ഇതു ആധുനികരാഷ്ട്രയിൽനിന്നോ മററാ ഇറക്കുമതിചെയ്യു, അനാദരണീയമായ ഒരു നവീനാദർശമല്ല, പുരാതന ഭാരതത്തിലെ ഒരു വിശിഷ്ടാദർശമാണ്—സ്ത്രീകളിൽ എന്നു സുസ്ഥാപിതമാകുന്നുവോ അന്നു മാത്രമേ അവർക്കു മനുഷ്യസഹജമായ അഭി

മാനത്തെ പുലത്തിജ്ജീവിക്കാൻ സാധിക്കയുള്ളു. ഇടക്കിടക്കു് പുറത്തെടുത്തു പുകകളഞ്ഞു തുടച്ചു വൃത്തിയാക്കേണ്ട അടുക്കളസ്സാമാനമോ, 'സൽക്കാരമുറിയിലെ അലങ്കാരപദാർത്ഥമോ' മാത്രമായി ജീവിക്കാതെ, അനുഭവതൃഷ്ണാപൂർണ്ണവും സദാ ജാഗരൂകവും ആയിരിക്കുന്ന മനസ്സോടുകൂടി നാം വർത്തിക്കുക. എന്നാൽ മാത്രമേ മാമൂലുകളാലും അന്ധവിശ്വാസങ്ങളാലും ബന്ധിക്കപ്പെടാതെ യഥാർത്ഥസംസ്കാരസമ്പന്നരും സത്യാന്വേഷപരരും ആയി ജീവക്കാൻ സാധിക്കയുള്ളു; എന്നാൽ മാത്രമേ നമുക്കു ഒരു സജീവമായ പുതിയ സാഹിത്യത്തേയും, ഒരു നവകേരളത്തേയും സൃഷ്ടിക്കുവാൻ കഴികയുള്ളു. ലോകവിജ്ഞാനത്തിന്റെ വെളിച്ചം നമ്മുടെ ഭാഷയെ അനുഗ്രഹിക്കട്ടെ!

# ദൈവം.

കെ. യം. പണിക്കർ. എം. എ. (ഓക്സൺ)

ഫലം ലഭിക്കാത്തൊരു ജീവിതത്തി-
ലാശ്വാസമായ് കാണ്മൊരു ദൈവഭക്തി
ക്ഷീണിച്ച ദേഹത്തിനു മദ്യമെന്ന
പോലല്പനേരം സുഖമേകിയേക്കാം. ൧

മദാന്ധനാകും പ്രഭുവെക്കണക്കെ
നമസ്കരിപ്പാനു സഹായമേകാൻ
ആധാരമെല്ലാത്തിനുമാകുമീശൻ
തുടങ്ങുമെന്നെങ്ങനെ വിശ്വസിക്കാം? ൨

സൽഭക്തികൊണ്ടോ, സ്മൃതി പണ്ഡിതന്മാർ
വിധിക്കുമാചാരഗണങ്ങൾകൊണ്ടോ,
പണിഞ്ഞുനേടുന്ന തപസ്സുകൊണ്ടോ,
യാഗാദി നാനാവിധി ചെയ്തുകൊണ്ടോ, ൩

സർവ്വജ്ഞനാമീശ്വരനുള്ളലിഞ്ഞു
സന്തോഷമുണ്ടായ് വരമേകുമെന്നായ്
നിനപ്പതിന്നെങ്ങനെ? കാഴ്ചവെച്ചാൽ
മോദിക്കുമോ ജന്മികണക്കുനാഥൻ? ൪

മന്ത്രത്തിനെന്താണൊരു ശക്തി? ശബ്ദ
ഗണങ്ങളുച്ചാരണരീതിയാലെ
ദൈവത്തിനെക്കൈവശമാക്കുമെന്നു
നിനപ്പതാന്ധ്യത്തിനു ലക്ഷ്യമത്രേ. ൫

പരന്നൊരംഭോധി കുളത്തിലാണെ-
ന്നുരച്ചിടുന്നോരു പുരോഹിതന്മാർ
വിധിച്ചിടും സ്വാർത്ഥപരങ്ങളായ
മാർഗ്ഗങ്ങൾ ദൈവത്തിലണഞ്ഞിടില്ല. ൬

# സഹൃദയത്വം.

ഈശ്വരനുണ്ണി.

ഉൽഗ്രഥിക്കുന്നതിനു പകരം അപഗ്രഥിക്കുകയാണു നാം സാധാരണമായി ചെയ്യാറുള്ളതു്. ഉദാഹരണമായി, പരസ്പരവിരോധികളായിട്ടാണല്ലോ ശാസ്ത്രത്തെയും കലകളേയും നാം ഗണിക്കുന്നതു്. വാസ്തവത്തിൽ വിമർശകന്മാർ കണ്ടെത്തിയ നാനാവ്യത്യാസങ്ങളുടേയും അടിയിൽ, ശാസ്ത്രവും കലകളും സംയോജിച്ചു്, ജീവിതത്തിന്റെ ഐക്യത്തേയും പരിപൂർണ്ണതയേയും സ്ഥാപിക്കുകയാണു്.

ഭക്ഷണപേയങ്ങൾ മാത്രമല്ല മനുഷ്യസ്വഭാവത്തെ ബാധിക്കുന്നതു്, അനുഭവങ്ങളും വിചാരങ്ങളും കൂടി അതിനെ ബാധിക്കുന്നുണ്ടു്. അടുത്തകാലത്തു ലോകം പത്ഥ്യാഹാരത്തിന്റെ അർത്ഥം മനസ്സിലാക്കിയതുപോലെ സുകുമാരകലാസ്വാദനത്തിലും ഒരു പത്ഥ്യവിധിയുണ്ടെന്നുള്ള ബോധം ക്രമേണ പ്രബലപ്പെട്ടുവരുന്നുണ്ടു്, വിപുലമായ അറിവും വിശിഷ്ടമായ അറിവും ഒന്നല്ലല്ലോ.

പണ്ടൊരിക്കൽ മഹാനായ യൂക്ലിഡ് പറഞ്ഞതുപോലെ, സഹൃദയത്വത്തിലേക്കു ഒരു രാജവീഥിയില്ല. ഓരോരുത്തരുടേയും അഭിരുചി ഓരോ വിധത്തിൽ ആണെന്നും അതിനാൽ ഇതിനെപ്പററിയുള്ള തർക്കം അനാവശ്യമാണെന്നും പറയുന്നതിൽ ഏതാണ്ടു് വാസ്തവമുണ്ടു്. പക്ഷെ, ഈ കാരണത്തിന്മേൽ യാതൊരുത്തന്റെയും അശിക്ഷിതമായ അഭിരുചിക്കു് സ്വേച്ഛാവിഹാരം അനുവദിച്ചുകൂടാ. രസാനുഭവത്തിന്റെ അകൃത്രിമത ശ്ലാഘനീയം തന്നെ; പക്ഷെ അതു് എല്ലായ്പോഴും ശ്രേഷ്ഠമായ അഭിരുചിയുടെ ലക്ഷ്യമാകേണമെന്നില്ല.

കവി അനാവശ്യങ്ങളായ സംഗതികൾ തീരെ നിരസിക്കുകയും അത്യാവശ്യങ്ങളായവ ഏകാഗ്രതയോടെ സ്വീകരിക്കുകയും ചെയ്യുന്നു. അതുകൊണ്ടു്, സഹജജ്ഞാനത്താലോ അദ്ധ്യയനത്താലോ വസ്തുവിന്റെ വാസ്തവങ്ങളെ തന്റെ കാവ്യപരിധിയിൽ അകപ്പെടുത്തുന്നു. കവി വാസ്തവത്തിൽനിന്നു് ദൂരെ നില്ക്കുന്നതായി തോന്നുന്നുവെങ്കിലും വാസ്തവങ്ങളാണു കാവ്യത്തിന്റെ അടിസ്ഥാനം. അതുകൊണ്ടാണു കലയെ ആദർശരൂപമായ ശാസ്ത്രം എന്നുകൂടി പറയുന്നതു്.

ജീവിതസമരത്തിൽ നിന്നു ഓടിയൊളിക്കുവാനുള്ള ഒരു സ്ഥാനമാണു് സാഹിത്യം എന്നു ഒരു തെററിദ്ധാരണ ചില ബുദ്ധിമാന്മാർക്കുകൂടി ഉണ്ടു്. അങ്ങിനെ ഓടിയൊളിക്കുന്നതു മാനസികരോഗത്തിന്റെ ലക്ഷണമാണു്, കലയുടെ അല്ല. സാഹിത്യം യുദ്ധവിശ്രാമപതാകയല്ല, വിശ്രു

ന്നതു്; ജൈത്രയാത്രാപതാകയാണു്. ജീവിതത്തിൽ പ്രവേശിക്കുകയാണു് സാഹിത്യം ചെയ്യുന്നതു്. കിഴടങ്ങുന്ന എന്ന വ്യാജമഹാവിജയത്തെയാണു് കവി സമ്പാദിക്കുന്നതു്. അസംഗതമായ സാമാന്യവൃത്താന്തങ്ങളിൽനിന്നു് ജീവിതത്തെ അൎത്ഥവത്താക്കുന്ന സാരം പിഴിഞ്ഞെടുക്കുന്നവനാണു് സാക്ഷാൽ കവി. അതുകൊണ്ടു് സാഹിത്യത്തെ കേവലം ഒരു അലങ്കാരമായികരുതുന്നതു് അതിനെ അപമാനിക്കുകയാണു്. ശ്വസിക്കുന്ന വായുവിനെപ്പോലെ ഒഴിച്ചുകൂടുവാൻ വയ്യാത്ത ഒരു വസ്തുവാണു് അതു്.

യഥാൎത്ഥസാഹിത്യവും 'കൃത്രിമസാഹിത്യവും' തമ്മിൽ ഉള്ള വ്യത്യാസം മനസ്സിലാക്കേണ്ടതു് ഏതു കാലത്തും ഇന്നത്തെപ്പോലെ ഇത്ര ആവശ്യമായിരുന്നിട്ടില്ല. ഈ സന്ദൎഭത്തിൽ പാണ്ഡിത്യവും ജ്ഞാനവും തമ്മിലുള്ള ഭേദമാണു് ഒരുത്തനു് ഓൎമ്മ വരുന്നതു്. വാസ്തവങ്ങളുടെ ഒരു കൂമ്പാരമാണു് പാണ്ഡിത്യം. പണ്ഡിതവിഡ്ഢികൾ എന്നു ചിലരെ വിളിക്കുന്നതു ഏററവും ഉചിതമായിരിക്കും. എല്ലാററിന്റെയും അൎത്ഥം അറിയാം; ഒന്നിന്റെയെങ്കിലും സാരം അറിഞ്ഞുകൂടാ. പാണ്ഡിത്യം ശേഖരിച്ചിട്ടുള്ള അസംബന്ധങ്ങളായ വാസ്തവങ്ങളെ ശോഭനമായ ഒരു രൂപത്തിൽ സംയോജിപ്പിക്കുകയെന്നാണു് ജ്ഞാനത്തിന്റെ സാരം. ഒന്നു മററൊന്നിലേക്കുള്ള നടക്കല്ലെന്നേ ഉള്ളൂ.

ഒരു കാവ്യത്തിന്റെ വിലമതിക്കുവാനായി എന്തെങ്കിലും ഒരു പ്രമാണം ഉണ്ടോ? തീൎച്ചയായും ഇല്ല. നാം ഭിന്നാഭിരുചിയുള്ളവരായതിനാൽ 'വാസന' വിധി പറയുവാൻ ശക്തമാവുന്നില്ല. അതു പ്രാഥമികവും ജഡസംബന്ധവും ആയ ഭാവവും അതിന്റെ പരിതഃസ്ഥിതികളും തമ്മിലുള്ള സംമൎദ്ദത്തിന്റെ ഫലം മാത്രമാണല്ലോ.

വ്യത്യസ്തമാണെങ്കിലും, ചില മൂലസൂത്രങ്ങളിൽ കൂടി, സഹൃദയത്വത്തെ കുട്ടിയിന്നക്കാം എന്നു ചില മഹാന്മാർ നമുക്കു ദൃഷ്ടാന്തപ്പെടുത്തിയിട്ടുണ്ടു്. അശിക്ഷിതനായ ഒരു സഹൃദയന്റെ അഭിപ്രായത്തേക്കാൾ എത്രയോ ആദരണീയമാണു് ഒരു സുശിക്ഷിതന്റെ നിരൂപണം എന്നതു സൎവ്വജനസമ്മതമാണല്ലോ. ബാക്കിയുള്ള പ്രവൃത്തികൾ എന്നപോലെ സഹൃദയത്വവും ചിരപരിചയത്താൽ ഉൽക്കൎഷത്തെ പ്രാപിക്കുന്നു. നിങ്ങളിൽ നിന്നു വേറെയുള്ള മണ്ണുകൊണ്ടല്ല ഒരു വിമൎശകനെ സൃഷ്ടിച്ചിട്ടുള്ളതു്. പരീക്ഷണം, പ്രമാദം, കുഴപ്പം എന്നിവയിൽ കൂടെ കയറിവന്ന മനുഷ്യവൎഗ്ഗത്തിന്റെ സാഹിത്യാഭിരുചിയാകുന്നു നിരൂപകനിലുള്ളതു്. സ്പൎശനം, ദൎശനം, ശ്രവണം മുതലായ ഇന്ദ്രിയവിഷയങ്ങളുടെ ശക്തിയിലും ശുദ്ധിയിലും ആണു് ഒരു വായനക്കാരന്റെ ശ്രദ്ധ ആദ്യം പതിയേണ്ടതു്.

നല്ല പുസ്തകം വായിക്കുകയും, നല്ല ചിത്രം നോക്കുകയും, നല്ല പാട്ടു കേൾക്കുകയും ചെയ്യുന്ന ഒരാൾക്ക് പ്രവൃത്തിയിൽ ഉത്തമകലാഭിരുചി ഉണ്ടായിരിക്കണമെന്നില്ല; അധികാരപൂർവ്വമായ ഉപദേശത്തെ അനുസരിക്കയായിരിക്കാം ആയാൾ ചെയ്യുന്നതു്. ഇതു ആരംഭദശയിൽ നല്ലതാണെങ്കിലും വിശാലതരമായ സ്വാനുഭവത്തെ ആസ്പദമാക്കി തിരഞ്ഞെടുക്കുവാൻ തുടങ്ങുമ്പോഴെ കേവലം ലോകാചാരാനുസരണം യഥാർത്ഥസഹൃദയത്വമായി പരിണമിക്കുന്നുള്ളു.

മനുഷ്യർ, ഉൽകൃഷ്ടാവസരങ്ങളിൽ ഉജ്വലമായ ഒരവസ്ഥ പ്രാപിക്കുന്നു. മൂലവസ്തുവിന്റെ ഒഴിച്ചുകൂടുവാൻ വയ്യാത്തതും അനിവാര്യവും, സാവയവവും ആയ രചനയെയാണ് നാം 'രൂപം' എന്നു പറയുന്നതു്. നമ്മുടെ ശരീരത്തിനുള്ള സാമ്യം വിസ്മയനീയം തന്നെ. എങ്കിലും ആ സാമ്യത്തിലുള്ള ഭേദം അതിലും വിസ്മയനീയമാണ്. മാതൃക എന്നു പറയുന്നതു് അച്ചുമാത്രമാണ്; അതിൽ കവിപ്രവേശിപ്പിക്കുന്ന ജീവനാണ് 'രൂപം.'

സാഹിത്യം ജീവിതത്തെ പഠിപ്പിക്കുകയല്ല; ജീവിതത്തെ സമ്പന്നമാക്കുകയാണു ചെയ്യുന്നതു്. കല ജീവിതത്തെ തീർച്ചയായും സഹായിക്കുന്നുണ്ടു്. എന്നാൽ ആ സഹായത്തെ തീരെ വിസ്മരിച്ചിട്ടാണ് അങ്ങിനെ ചെയ്യുന്നതു്. എന്തുകൊണ്ടെന്നാൽ ജീവിതത്തിൽ അനന്തരകർമ്മത്തെ ആവശ്യപ്പെടാത്ത ഭാഗങ്ങളെയാണു കവി പ്രതിപാദിക്കുന്നതു്.

കാവ്യവസ്തുവിനെപ്പറ്റിയുള്ള അഭിപ്രായങ്ങൾ ഇന്നും വളരെ വ്യത്യസ്തങ്ങളാണ്. സാഹിത്യരസം പരിപൂർണ്ണമായി ആസ്വദിക്കുവാൻ ഇച്ഛിക്കുന്ന ഏവനും ഇതിനെപ്പററി ഗാഢമായി ആലോചിക്കേണ്ടതാണ്. കാവ്യത്തിന്റെ സാക്ഷാൽ വസ്തു കവി തന്നെയാകുന്നു വസ്തുവിൽനിന്നു യദൃച്ഛാ സംഗതികളെല്ലാം തള്ളിക്കളഞ്ഞു ശാശ്വതമായവയെ മാത്രം സ്വീകരിച്ചു വാസ്തവത്തെ കവി വാസ്തവതരമാക്കുന്നു. ഇങ്ങിനെ വാസ്തവത്തിന്റെ വ്യക്തമായ പ്രതിരൂപനിർമ്മാണത്തിലല്ല, അതിന്റെ അന്തർല്ലീനവ്യാഖ്യാനസാരത്തിലാണ് സാഹിത്യത്തിന്റെ വൈശിഷ്ട്യം സ്ഫുരിക്കുന്നതു്.

സാഹിത്യം സഹൃദയനെ കവിയോടുകൂടി ഏകീകരിക്കുന്നു. ഈ ഏകീകരണരോമാഞ്ചം തന്നെയാണ് സാഹിത്യത്തിന്റെ വിശിഷ്ടവിജയവും.

# കവിത.

കെ. മാധവി അമ്മ.

ഗഗനസീമയ്ക്കുമകലെപ്പോയ്പ്പുറ-
ന്നെന്തിനെയോ തേടും കവിതേ! നീ,

വരിക താഴത്തു കൊടിയ യാഥാർത്ഥ്യ-
ത്തിരയോടേറ്റൊന്നു പൊരുതുവാൻ!

ചുടുനട്ടുച്ചതൻ തുടിവിയർപ്പിക്കും
കഠിനരശ്മിതൻ കൊടുമയും

ഒരുതാരക്കണ്ണും തുറക്കാതുള്ളർദ്ധ-
നിശയിലെയിരുൾപ്പടലവും

മനുജജീവിത സരണിയിൽമുട്ടി
യെതിരിടും നാനാദുരിതവും

ഇവ താനാകട്ടെ, കവിതേ! നിനുടെ
നവനവഗാന മിനിമേലിൽ!

തെളുതെളെമിന്നും തരളതാരക-
ളിരുളിൻകണ്ണുകളവയെല്ലാം

നെടുവീർപ്പുംവിട്ടു തലയുംപൊക്കി നീ
നെടുനീളെനോക്കിയിരിക്കിലും

ഒരു പിടി മുത്തായ് വരികയില്ലല്ലോ
നരനുടെ പാഴ്ക്കൈപ്പിടിയിങ്കൽ !

ഉഴറിക്കത്തിടും ജഠരത്തീയിലൊ-
രുരിവെള്ളം കോരിപ്പകരുവാൻ

മിനുമിനുങ്ങാത്തപ്പഴയ ചെമ്മണ്ണിൻ
നിറമേലും നെല്ലിൻ പിടിമണം!

അതിനെവാഴ്ത്തുകെൻ കവിതേ, നെന്മണി
യതുതാൻ 'പൊന്മണി' നിനക്കെന്നും!

സമയമില്ലല്ലോ, കൊടിയ ജീവിത-
മരണപ്പാച്ചലിൽ നിനക്കിനി,-

മധുരമോഹന മൃദുല സ്വപ്നത്തിൽ
മതിയാവോളം വീണുരുളുവാൻ!

വഴിവക്കിൽപ്പൂത്തു മണമുതിർത്തിടും
പനിനീർപ്പൂവൊന്നു മുകരുവാൻ!

മനമിളക്കിടും തരളസന്ധ്യതൻ
കനകച്ചാറിൽച്ചായ് മുഴുകുവാൻ!

ഉലകിനെ നോക്കി ഹസിക്കുമമ്പിളി-
ക്കലയെപ്പോയൊന്നു തഴുകുവാൻ!

തരുണഭാസ്കരൻ ഗഗനത്തിൽത്തീർക്കും
കനകക്കല്പടി കയറുവാൻ!

സമയമില്ലല്ലോ കൊടിയജീവിത-
മരണപ്പാച്ചലിൽ നിനക്കിനി!

ഗഗനസീമയ്ക്കു മകലെപ്പോയ്പ്പുറ-
ന്നെതിനെയോ തേടും കവിത! നി

വരിക താഴത്തു കൊടിയ യാഥാർത്ഥ്യ-
നിരയോടേറെയൊന്നു പൊരുതുവാൻ!

# * ഫാത്തിഹ.

പ്രേമചന്ദ്.

സർക്കാർ അനാഥാലയത്തിൽ നിന്നും പുറത്തുവന്ന ഉടനെ ഞാൻ സൈന്യത്തിൽ ചേരുവാൻ പോയി. എന്റെ ശരീരം തടിച്ചതും ബലിഷ്ഠവുമാകുന്നു. സാധാരണ മനുഷ്യരെ അപേക്ഷിച്ച എന്റെ കൈകാലുകൾ വളരെ നീളമുള്ളതും ഉറപ്പുള്ളതുമാണ്. എന്റെ പൊക്കം തികച്ച് ആറടി ഒമ്പതിഞ്ച് ആണ്. സൈന്യത്തിൽ ഞാൻ 'ദേവ്' എന്ന പേരോടുകൂടിയാണ് വിഖ്യാതനായിരുന്നത്. ഞാൻ സൈന്യത്തിൽ ചേർന്നതോടുകൂടി എന്റെ ഭാഗ്യത്തിന്നും മാററം സംഭവിച്ചു. ബഹുമതിയോടുകൂടി വരവും വർദ്ധിക്കത്തക്കവണ്ണം അനവധി പ്രവൃത്തികൾ ഞാൻ ചെയ്തു. സൈന്യത്തിലുള്ള ഓരോ യുവാവും എന്നെ അറിഞ്ഞിരുന്നു. മേജർ സർദാർ ഹിമ്മത് സിംഹന് എന്റെ പേരിൽ വലിയ സ്നേഹമുണ്ടായിരുന്നു. കാരണം, ഞാൻ ഒരിക്കൽ അദ്ദേഹത്തിന്റെ പ്രാണനെ രക്ഷിച്ചിട്ടുണ്ട്. അതിന്നു ശേഷം, എന്താണെന്നറിഞ്ഞുകൂടാ, അദ്ദേഹത്തെ കാണുമ്പോൾ എന്റെ ഹൃദയത്തിൽ ഭക്തിയും സ്നേഹവും തോന്നിയിരുന്നു. എനിക്കു തോന്നി അദ്ദേഹം സ്നേഹത്തോടുകൂടിയാണ് പെരുമാറിയിരുന്നത് എന്ന്.

എനിക്കു എന്റെ അച്ഛനമ്മമാരുടെ വിവരമൊന്നുമില്ല. അവരെപ്പററി യാതൊരു ഓർമ്മയുമില്ല. ചിലപ്പോൾ ഞാൻ ഈ ചോദ്യത്തെപ്പററി ആലോചിക്കുമ്പോൾ ചില മങ്ങലോടുകൂടിയ ചിത്രങ്ങൾ എന്റെ സ്മരണയിൽ ഉണർന്നുവരും. ഏതോ വലിയ മലയിടുക്കിൽ താമസിക്കുന്ന ഒരു കുടുംബത്തിലെ ഒരു സ്ത്രീയായിരിക്കാം എന്റെ അമ്മ. മലംപ്രദേശങ്ങളിൽത്തന്നെയാണ് ഞാനും വളർന്നത്. പെഷവാറിൽ നിന്നു 80 മൈൽ ദൂരെയുള്ള 'കുലാഹം' എന്ന ഗ്രാമത്തിൽ ഒരു സർക്കാർ അനാഥാലയമുണ്ട്. അവിടെ നിന്നു വിട്ട് നേരിട്ടു സൈന്യത്തിൽ ചേരുവാൻ പോയി. ഹിമാലയത്തിലെ ജലവായു കൊണ്ടാണു എന്റെ ശരീരം ഉണ്ടാക്കപ്പെട്ടിട്ടുള്ളത്. ആ അതൃത്തി സംസ്ഥാനത്തിൽ അഫ്രിദി, ഗിൽജയ്, മഹസൂദി എന്നീ പ്രദേശങ്ങളിൽ താമസിക്കുന്ന കാബൂളികളെപ്പോലെത്തന്നെ ഞാൻ അത്രയും ദീർഘകായനും മുശിയനുമാണ്. എന്റേയും അവരുടേയും ജീവിതത്തിൽ വല്ല അന്തരവുമുണ്ടെങ്കിൽ അതു പരിഷ്കാരത്തിന്റെയാണ്. എനിക്കു കുറച്ചൊക്കെ വായി

---

* മുഹമ്മദീയരുടെ ശവസംസ്കാരഗാനം.

ക്കാനും എഴുതാനുമറിയാം; നിയമവും കുറച്ചൊക്കെ അറിയാം. ചെറിയ വരേയും വലിയവരേയും തിരിച്ചറിയാൻ എനിക്കു കഴിയും. അതുതിസം സ്ഥാനത്തിലുള്ള ആളുകളുടേതുപോലെതന്നെയാണ് എൻേറയും ശരീരം.

ചിലപ്പോൾ, എനിക്ക്, പർവ്വതത്തിന്മേലും മററും സ്വച്ഛന്ദമായി സഞ്ചരിക്കാൻ വലിയ ഒരാശതോന്നും. എന്നാൽ ജീവിതപ്രശ്നം എൻെറ ഇച്ഛയെ അടക്കിക്കളയുന്നു. ആ വരണ്ട പ്രദേശത്തു യാതൊന്നുംതന്നെ ഭക്ഷിക്കാനില്ല. അവിടത്തെ ആളുകൾ ഒരു കഷ്ണം റൊട്ടിക്കു വേണ്ടി മനുഷ്യരെ കൊല്ലുന്നു; ഒരു മുണ്ടിനുവേണ്ടി ശവത്തെപ്പോലും കീറിക്കളയുന്നു; ഒരു തോക്കിനുവേണ്ടി സർക്കാർ സൈന്യത്തെപ്പോലും അക്രമിക്കുന്നു. അതിനും പുറമേ, ആ കാട്ടുജാതിക്കാരിൽ ഓരോരുത്തനും എന്നെ അറിഞ്ഞിരുന്നു; ഓരോരുത്തനും എൻെറ രക്തത്തിനു ദാഹമുള്ളവനുമായിരുന്നു. ഞാൻ അവരെ കണ്ടുമുട്ടുകയാണെങ്കിൽ തീർച്ചയായും എൻെറ പേർ ലോകത്തിൽ ശേഷിപ്പുണ്ടാവില്ല. എത്ര അഫ്രീദികളേയും ഗിൽജയികളേയുമാണു ഞാൻ കൊന്നിട്ടുള്ളതു്; എത്രപേരെയാണു സക്കാർജയിലിൽ പിടിച്ചിട്ടിട്ടുള്ളതു്! എത്ര ഗ്രാമങ്ങളാണ് ഞാൻ തീവെച്ചു നശിപ്പിച്ചിട്ടുള്ളതു്! വലിയ ആശങ്കയോടുകൂടിയാണ് ഞാൻ കഴിച്ചുകൂട്ടിയിരുന്നതു്; കഴിയുന്നതും ഒരാഴ്ചയിലധികം ഒരു സ്ഥലത്തും ഞാൻ താമസിച്ചിരുന്നില്ല.

## II

ഒരുദിവസം, ഞാൻ മേജർ സർദാർ ഹിമത് സിംഹൻെറ വീട്ടിലേക്കു പോകയായിരുന്നു. പകൽ 2 മണിയായിരുന്നു അപ്പോൾ. ഈയിടെയായി കഴിവുദിവസം പോലെയാണ്: കാരണം, അടുത്തുതന്നെ വളരെ ഗ്രാമങ്ങൾ വെണ്ണീറാക്കിയിരുന്നതുകൊണ്ടു് ഇപ്പോൾ അവരിൽനിന്നും വലിയ ആശങ്കക്കു അവകാശമുണ്ടായിരുന്നില്ല. ഞങ്ങൾ യാതൊരു ചിന്തയുമില്ലാതെ നേരമ്പോക്കു പറഞ്ഞും കളിച്ചുചിരിച്ചും ദിവസങ്ങൾ കഴിച്ചുകൂട്ടിപ്പോന്നു. ഇരുന്നിരുന്നു മടുത്ത്, മനസ്സിന് ഒരുത്സാഹമുണ്ടാക്കാനായി സർദാർസാഹബിൻെറ വീട്ടിലേക്കു പോകയായിരുന്നു, വഴിക്കു ഒരാപത്തുണ്ടായി. ഒരു ഹിന്ദുസ്ഥാനിച്ചെറുപ്പക്കാരൻെറ തലകൊയ്യാൻ മതിയായ ഒരഫ്രീദികിഴവൻ ഒരു സൈനികയുവാവുമായി തമ്മിൽ തല്ലുകയായിരുന്നു. എന്നെ കണ്ടതോടുകൂടി, അയാൾ തൻെറ അരയിൽനിന്നും കത്തിയെടുത്തു അയാളുടെ മാറത്തു കുത്തിയിറക്കി. ആ ചെറുപ്പക്കാരൻെറ കയ്യിൽ ഒരു തോക്കുണ്ടായിരുന്നു. അതിന്നാണു പോലും ഈ യുദ്ധം.

ഒരു ഞൊടി നേരത്തിന്നിടയിൽ ആ സൈനികയുവാവിന്റെ കഥ അവസാനിച്ചു. ആ വൃദ്ധനാകട്ടെ, തോക്കെടുത്തു ഓരോട്ടവും. ഞാൻ അയാളുടെ പിന്നാലെ ഓടി. ക്ഷണനേരത്തിന്നുള്ളിൽ കണ്ണിൽനിന്നും മറയത്തക്കവണ്ണം വേഗത്തോടുകൂടിയാണ് അയാൾ പാഞ്ഞിരുന്നതു്. ഞാൻ നിരുത്സാഹനായില്ല. ഒടുവിൽ അതൃത്തിയിലെത്താറായപ്പോഴേയ്ക്കും ഞാൻ അയാളിൽനിന്നും ഒരിരുപതുവാര അകലെയായി. അയാൾ പിന്നാക്കം തിരിഞ്ഞു നോക്കി. എന്റെ നേരെ തോക്കിന്റെ ഉന്നം വെച്ചു. ഞാൻ ഉടനെ നിലത്തു കിടന്നു. തോക്കിന്റെ ഉണ്ട എന്റെ മുമ്പിൽ കിടക്കുന്ന കല്ലിന്മേൽ തട്ടി ഞാൻ ആ ഉണ്ടയ്ക്കു് ഇരയായെന്നു് ആ വൃദ്ധൻ വിചാരിച്ചു. അയാൾ മെല്ലെ അടിവെച്ചടിവെച്ചു് എന്റെ അടുത്തു വന്നു. ഞാൻ ശ്വാസമടക്കി കിടന്നു. അയാൾ എന്റെ അടുത്തെത്തിയെന്നു തീച്ചയായപ്പോൾ സിംഹത്തെപ്പോലെ ചാടിയെണീററു ഞാൻ അയാളുടെ കഴുത്തിൽപ്പിടിച്ചു അയാളെ നിലത്തു വീഴ്ത്തി കത്തിയെടുത്തു മാറത്തു കുത്തിയിറക്കി. അഫ്രീദിയുടെ കഥ അവസാനിച്ചു! അപ്പോഴേയ്ക്കും എന്റെ സൈന്യത്തിലുള്ള കുറേ പേർ അവിടെ എത്തി. നാലുഭാഗത്തുനിന്നും ആളുകൾ എന്നെ പ്രശംസിയ്ക്കാൻ തുടങ്ങി. ഇതുവരെയായും ഞാൻ എന്നിലല്ലായിരുന്നു, എന്നാൽ ഇപ്പോൾ എനിയ്ക്കു സുബോധം വന്നു. ആ കിഴവനെക്കണ്ടിട്ടു എന്റെ മനസ്സു് പതറിയിരുന്നതു് എന്താണെന്നു എനിയ്ക്കറിഞ്ഞുകൂടാ. ഇതേവരെ എത്ര അഫ്രീദികളെ കൊന്നിട്ടുണ്ടു്. എന്നിട്ടും, എന്റെ മനസ്സു് ഒരിക്കലും ഇത്ര പതറിയിട്ടില്ല. ഞാൻ നിലത്തിരുന്നു് ആ വൃദ്ധന്റെ നേരെ നോക്കി. സൈനിക യുവാക്കന്മാർ വന്നു എനിയ്ക്കു മുറിപററിയെന്നറിഞ്ഞു പലതും ചോദിക്കുവാൻ തുടങ്ങി. ഞാൻ എഴുന്നേററിനും മിണ്ടാതെ പട്ടണത്തിലേക്കു ഒരു നടകൊടുത്തു. ഭടന്മാർ ആ വൃദ്ധന്റെ ശവശരീരവും വലിച്ചിഴച്ചുംകൊണ്ടു് എന്നെ പിന്തുടന്നു. ഞാൻ സർദാർ ഹിമ്മത്സിംഹന്റെ വീട്ടിൽച്ചെന്നു

സർദാർ സാഹബ് അപ്പോൾ തന്റെ സ്വകാര്യമുറിയിലിരുന്നു് എന്തോ എഴുതുകയായിരുന്നു. എന്നെ കണ്ടിട്ടു് അദ്ദേഹം ചോദിച്ചു:— 'എന്താണ്, ആ അഫ്രീദിയെ കൊന്നിട്ടാണോ വന്നിരിയ്ക്കുന്നതു്?'

ഞാൻ ഇരുന്നിട്ടു പറഞ്ഞു:—'അതേ; എന്നാൽ, സർദാർ സാഹബ്, എന്താണെന്നറിഞ്ഞുകൂടാ, ഞാൻ വല്ലാതെ അസ്വസ്ഥനായിരിയ്ക്കുന്നു.'

സർദാർ സാഹബ് സാശ്ചര്യം പറഞ്ഞു:—'അസദ്ഖാനും അസ്വസ്ഥതയും! ഇതു രണ്ടും ഒരുസ്ഥലത്തുണ്ടാവുക അസംഭാവ്യമാണു്.'

ഞാൻ എഴുന്നേററു നിന്നു പറഞ്ഞു:—'സർദാർ സാഹബ്, ഇവിടെ ഒരു സുഖമില്ല. എഴുന്നേററ്, പുറത്തു വരാന്തയിൽ ചെന്നിരിക്കാം. എന്റെ മനസ്സ് എന്താണിങ്ങിനെ പതറുന്നതെന്ന് അറിയുന്നില്ല.'

സർദാർസാഹബ് എഴുന്നേററു അടുത്തുവന്ന് സ്നേഹത്തോടെ എന്റെ പുറത്തു തട്ടിക്കൊണ്ടു പറഞ്ഞു:—'അസദ്, നിങ്ങൾ കാടി വല്ലാതെ ക്ഷീണിച്ചിരിക്കുന്നു. അല്ലാതെ ഒന്നുമില്ല. വരാന്തയിൽ പോയിരിക്കാം. വൈകുന്നേരത്തെ കുളിർക്കാററു നിങ്ങൾക്കു ജീവൻ വെപ്പിക്കും.'

അദ്ദേഹവും ഞാനും വരാന്തയിൽ ചെന്നിരുന്നു. പട്ടണത്തിലെ നാല്ക്കൂട്ടുന്ന വഴിയിലായിരുന്നു ആ വൃദ്ധന്റെ ശവം. അതിന്റെ നാലുപുറവും ആളുകൾ കൂടിയിരുന്നു വരാന്തയിൽ ഞാനിരിക്കുന്നതു കണ്ടപ്പോൾ, ആളുകൾ എന്റെ നേരെ ചൂണ്ടിക്കാട്ടാൻതുടങ്ങി. സർദാർ സാഹബ് ഈ കാഴ്ച കണ്ടു പറഞ്ഞു:—'അസദ്ഖാൻ, ആളുകളുടെ ദൃഷ്ടിയിൽ നിങ്ങളെത്ര ശ്രേഷ്ഠനാണ്! നിങ്ങളുടെ വീരതയെ ഇവിടെ കുട്ടികൾകൂടി പ്രശംസിക്കുന്നു. എന്നിട്ടും നിങ്ങൾ പറയുന്നു 'ഞാൻ അസ്വസ്ഥനായിരിക്കുന്നുവെന്ന്.'

ഞാൻ പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു:—'ഈ വൃദ്ധനെ കൊന്നതുമുതൽ, എന്റെ ഹൃദയം എന്നെത്തന്നെ ധിക്കരിക്കുന്നു.'

സർദാർസാഹബ് ചിരിച്ചുംകൊണ്ട് പറഞ്ഞു:—'കാരണം, നിങ്ങൾ നിങ്ങളേക്കാൾ ബലഹീനനെയാണു കൊന്നതു്.'

ഞാൻ ധൈര്യമവലംബിച്ചു പറഞ്ഞു:—'അങ്ങിനെയാവാം.'

ഈ സമയത്തു ഒരപരിചിതസ്ത്രീ സാവധാനത്തിൽ സർദാർ സാഹബിന്റെ വീട്ടിന്മുമ്പിൽ വന്നു നില്പായി. അവളെക്കണ്ടതോടുകൂടി സർദാർ സാഹബിന്റെമുഖം വിളറി. അദ്ദേഹത്തിന്റെ ദയനീയമായ ദൃഷ്ടി അവളുടെ നേരെനിന്നും തിരിഞ്ഞു എന്റെ നേരെയായി. ഞാനും സാശ്ചര്യം അദ്ദേഹത്തിന്റെ നേരെ നോക്കിത്തുടങ്ങി അവളുടെ, ആളുയരമുള്ള ശരീരം പുരുഷന്മാർക്കുകൂടി ദുർല്ലഭമാണ്. കാക്കിനിറത്തിലുള്ള തടിച്ച കുപ്പായമാണ് ആ അപരിചിത ധരിച്ചിരുന്നതു്. ബലൂചിസ്ഥാനിലെ സ്ത്രീകളെപ്പോലെ തലയിൽ ഉറമാൽകെട്ടിയിരുന്നു. ചമ്പകപ്പൂ വിടർന്നതുപോലെ യൌവനത്തിന്റെ ശോഭ പുറത്തേക്കെല്ലാം പൊട്ടിപ്പുറപ്പെട്ടിരുന്നു. അവളുടെ കണ്ണുകളിൽ അപ്പോൾ ഭയങ്കരതയുണ്ടായിരുന്നു. എനിക്കുംകൂടി ഭയമുണ്ടാകത്തക്കവണ്ണം അവൾ എന്റെ നേരെ തിരിഞ്ഞു. ആ സ്ത്രീ സർദാർ സാഹബിന്റെ നേരെ ഒന്നു നോക്കി; പിന്നെ നിലത്തൊന്നു തുപ്പി, പിന്നീടു എന്റെനേരെ നോക്കിക്കൊണ്ട് മുററത്തേക്കു ഒരു നടകൊടുത്തു.

ആ സ്ത്രീ പോയപ്പോൾ, സർദാർ സാഹബിന്നു ഒരു ജീവൻ വെച്ചു. എന്റെ തലയിൽനിന്ന് ഒരു ഭാരം കഴിഞ്ഞുപോയി.

ഞാൻ സർദാർ സാഹബിനോടു ചോദിച്ചു:—'അങ്ങ് ഇവരെ അറിയുമോ?'

സർദാർ സാഹബ് ഒരു ദീർഘശ്വാസം വിട്ടുംകൊണ്ടു പറഞ്ഞു: 'നല്ലവണ്ണം. ഇവൾ എനിക്കുവേണ്ടി പ്രാണനെ ബലികഴിക്കാൻകൂടി തെയ്യാറായിരുന്നു; വാസ്തവത്തിൽ, ജീവനെപ്പോലും നിസ്സാരമായി കരുതി എന്നെ രക്ഷിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഇവൾക്ക് എന്നെ കണ്ടാൽ വെറുപ്പാണ്. ഇവൾ എന്റെ പത്നിയെ കൊന്നു. ഇവളെക്കാണുമ്പോൾ എന്റെ ബോധം കർപ്പൂരം പോലെ ആവിയായിപ്പോകുന്നു. എന്നല്ല, ആ ഭയങ്കരരൂപം എന്റെ കണ്ണിന്മുമ്പിൽ നൃത്തം വെയ്ക്കുകയും ചെയ്യുന്നു.

ഞാൻ ഭയംകൊണ്ടു വിറയ്ക്കുന്ന സ്വരത്തിൽ പറഞ്ഞു:—"സർദാർ സാഹബ്, എന്റെ നേരെയും അവൾ വലിയ ഭയങ്കരദൃഷ്ടിയോടുകൂടി നോക്കിയിരുന്നു. എന്താണെന്നറിഞ്ഞുകൂടാ, എന്റെ ദേഹം ഒന്നു കോരിത്തരിച്ചു'

സർദാർ സാഹബ് തലകുലുക്കി, ഗംഭീരതയോടുകൂടി പറഞ്ഞു: 'നിങ്ങളും സൂക്ഷിച്ചോളു. ഒരുപക്ഷെ അവൾക്ക് ആ വൃദ്ധനായ അഫ്രീദിയുമായി വല്ല ബന്ധവുമുണ്ടായിരിക്കും. നിങ്ങളുടെ നേരെ നോക്കുന്നതുകണ്ടാൽ അങ്ങിനെ തോന്നും. അവൾ ഒരു ഭയങ്കരിയാണ്!'

സാഹബ് പറയുന്നതുകേട്ട് എന്റെ ഞരമ്പുകൾ പോലും വിറകൊണ്ടു. ഞാൻ വിഷയം മാറ്റി: "സർദാർ സാഹബ്, അങ്ങ് എന്താണ് അവളെ പോലീസിനേല്പിയ്ക്കാത്തത്? എന്നാൽ അവളെ തൂക്കിക്കൊല്ലുമായിരുന്നു.'

സർദാർ സാഹബ്:- സഹോദര, അവൾ ഒരിയ്ക്കൽ എന്റെ ജീവനെ രക്ഷിച്ചിട്ടുണ്ട്. ഒരുപക്ഷെ, അവൾ ഇപ്പോഴും എന്നെ സ്നേഹിക്കുന്നുണ്ടായിരിക്കാം. അതൊരു നീണ്ട കഥയാണ്. സൗകര്യം കിട്ടുമ്പോൾ പറയാം.'

എനിക്കു ഒരു കുതൂഹലം തോന്നി. ഞാൻ ആ വർത്തമാനം കേൾക്കാൻ ആഗ്രഹം പ്രദർശിപ്പിച്ചു. ആദ്യമൊക്കെ അദ്ദേഹം ഒഴിയാൻ നോക്കി. പിന്നീട്, ഞാൻ വളരെ നിർബ്ബന്ധിച്ചപ്പോൾ വിവശനായി അദ്ദേഹം പറഞ്ഞു:—'അസദ് ഞാൻ നിങ്ങളെ എന്റെ സഹോദരനാണെന്നു കരുതുന്നതുകൊണ്ടു നിങ്ങളിൽനിന്നും എനിക്കു യാതൊന്നും മറച്ചുവെയ്ക്കേണ്ടതില്ല. കേട്ടോളു.—

ഒരഞ്ചുകൊല്ലം മുമ്പു ഞാൻ ഇത്രതന്നെ വൃദ്ധനായിരുന്നില്ല. എനിക്കു് ഇപ്പോൾ നാല്പതു വയസ്സിലധികം പ്രായമായിട്ടില്ലല്ലോ. ഒരൊററ രോമംപോലും നരച്ചിരുന്നില്ല. അന്നു രണ്ടു ചെറുപ്പക്കാരെ ഒന്നിച്ചു തോല്പിക്കാനുള്ള ബലമുണ്ടായിരുന്നു എനിക്കു്. ജർമ്മൻകാരോടു യുദ്ധം ചെയ്തു്, ഞാൻ അവരിൽ എത്രപേരെയാണു യമലോകത്തേക്കു പറഞ്ഞയച്ചിട്ടുള്ളതെന്നു് എനിക്കറിഞ്ഞുകൂടാ. ജർമ്മൻ യുദ്ധത്തിനുശേഷം ഞാൻ ഇവിടെ അതിർത്തിസംസ്ഥാനത്തിലെ സൈന്യത്തിൻെറ തലവനായി നിയമിക്കപ്പെട്ടു. ആദ്യം ഇവിടെ വന്നപ്പോൾ എനിക്കു വലിയ കഷ്ടപ്പാടുകളനുഭവിക്കേണ്ടിവന്നു. എന്നാൽ ഞാൻ അതൊട്ടുംതന്നെ വകവെച്ചില്ല. ക്രമേണ ഞാനതിൽ വിജയം നേടി. ആദ്യം ഇവിടെ വന്നഉടൻ ഞാൻ പശ്തോഭാഷ പഠിച്ചു. പിന്നെ, വേറെയും പല ഭാഷകൾ പഠിച്ചു; എളുപ്പത്തിൽ നല്ല ശൈലിയിൽ സംസാരിക്കാറുമായി—. പിന്നീടു വളരെ ആളുകളോടുകൂടി ഞാൻ ഉൾനാടുകളിൽപ്പോയി. ഈ സഞ്ചാരത്തിൽ ഞാൻ വളരെ പ്രാവശ്യം മരിച്ചുമരിച്ചു രക്ഷപ്പെട്ടു; എന്നാൽ എല്ലാത്തരം കഷ്ടപ്പാടുകളും സഹിച്ചു് ഇതിലും ഞാൻ വിജയം നേടി. അക്കാലത്തു ഞാൻ സർക്കാരിൽ വലിയ ശ്രേയസ്സും ബഹുമതിയും കിട്ടത്തക്കവണ്ണം അനവധി പ്രവൃത്തികൾ ചെയ്തു. കേർണൽ ഹാമിൽട്ടൻെറ മദാമ്മയെ ഒരിക്കൽ ഞാൻ രക്ഷിച്ചിട്ടുണ്ടു്. ഇങ്ങിനെ എത്ര പുരുഷന്മാരുടേയും സ്ത്രീകളുടേയും ജീവനെയാണു ഞാൻ രക്ഷിച്ചിട്ടുള്ളതു്! ഇതിനു മൂന്നുകൊല്ലം കഴിഞ്ഞശേഷമാണു് എൻെറ കഥ തുടങ്ങുന്നതു്.

ഒരു രാത്രി ഞാൻ എൻെറ കേമ്പിൽ കിടക്കയായിരുന്നു. അഫ്രീദികളുമായി യുദ്ധമുണ്ടായിരുന്നു. പകലുള്ള അദ്ധ്വാനംകൊണ്ടു ക്ഷീണിച്ചു സേനകൾ കിടന്നു. കേമ്പു നിശ്ശബ്ദം. കിടന്നുകിടന്നു് എനിക്കും ഉറക്കംവന്നു. പെട്ടെന്നു കണ്ണുതുറന്നു നോക്കിയപ്പോൾ ഞാൻ കണ്ടതു് ഒരഫ്രീദി—അയാൾക്കു് എന്നേക്കാൾ ഇരട്ടി പ്രായമായിട്ടുണ്ടാവും—എൻെറ മാറത്തിരിക്കുന്നതും എൻെറ നെഞ്ചിൽ കത്തി കുത്തിയിറക്കാൻ തുടങ്ങുന്നതുമാണു്. ഞാൻ തികച്ചും അയാളുടെ അധീനതയിലായിരുന്നു. ഒരുവിധത്തിലും രക്ഷപ്പെടാൻ ഉപായമുണ്ടായിരുന്നില്ല. എന്നാൽ അപ്പോൾ, ഞാൻ ധൈര്യത്തോടുകൂടി 'പശ്തോ' ഭാഷയിൽ പറഞ്ഞു: "എന്നെ കൊല്ലരുതു; ഞാൻ സർക്കാർ സൈന്യത്തിൽ ഒരുദ്യോഗസ്ഥനാണു്. അതുകൊണ്ടു് എന്നെ പിടിച്ചുകൊണ്ടുപൊയ്ക്കോളൂ. സർക്കാരിൽനിന്നു നിങ്ങൾക്കു പണം തന്നു എന്നെ വിടുവിക്കും."

ഈശ്വരകൃപകൊണ്ടു ഞാൻ പറഞ്ഞതു് അയാൾക്കു് ഉള്ളിൽ

തട്ടി. അരയിൽനിന്നു കയറൊട്ടെടുത്തു് എന്റെ കയ്യും കാലും കെട്ടി, അയാൾ തന്റെ ചുമലിൽവെച്ച് ഒരു ഭാരത്തെപ്പോലെ ചുമന്നുംകൊണ്ടു കൂടാരത്തിൽനിന്നും പുറത്തു കടന്നു. അവിടെ ധാരാളം കൊല നടക്കുന്നുണ്ടായിരുന്നു. അയാൾ ഒരു വിചിത്രതരത്തിൽ കുറച്ചുറക്കെപ്പറഞ്ഞു് എന്നെ ചുമന്നുംകൊണ്ടു കാടുള്ള ഒരു ഭാഗത്തേയ്ക്കു ഓടി. ഇതെനിയ്ക്കു പറയാൻ കഴിയും, അയാൾക്കു് എന്റെ ദേഹം ഭാരമുള്ളതായി തോന്നിയില്ല. എന്നുതന്നെയല്ല, അയാൾ വളരെ വേഗത്തിൽ ഓടുകയും ചെയ്തിരുന്നു. അയാളുടെ കൂട്ടത്തിലുള്ള വളരെ ആളുകൾ കവച്ചസ്സാമാനങ്ങളും കൊണ്ടു പിന്നാലെ വന്നിരുന്നു.

പുലച്ചയ്ക്കു ഞങ്ങൾ ഒരു കുളത്തിന്റെ അടുത്തെത്തി. ആ കുളം വലിയ കുന്നുകളെക്കൊണ്ടു ചുററപ്പെട്ടിരുന്നു. അതിലെ വെള്ളം വളരെ നിർമ്മലമായിരുന്നു. കാട്ടുവൃക്ഷങ്ങൾ അവിടവിടെയായി വളൎന്നുനില്പുണ്ടു്. കുളത്തിന്റെ അടുത്തെത്തിയപ്പോൾ ഞങ്ങൾ കുറച്ചുനേരം വിശ്രമിച്ചു. ആ കിഴവൻ വാസ്തവത്തിൽ അക്കൂട്ടത്തിലെ തലവനായിരുന്നു. അയാൾ എന്നെ ഒരു കല്ലിന്മേലിട്ടു. എന്റെ അരയിൽ ഒരു വല്ലാത്ത മുറിവുപററി; വല്ല എല്ലും പൊട്ടിയിട്ടുണ്ടാവുമെന്നെനിയ്ക്കു തോന്നി. ആ സേനത്തലവൻ എന്നെ നിലത്തിട്ടതിനുശേഷം ചോദിച്ചു: 'എത്ര ഉറുപ്പിക തരുവിയ്ക്കും?'

ഞാൻ വേദന അടക്കിക്കൊണ്ടു പറഞ്ഞു: 'അഞ്ഞൂറുറുപ്പിക.'

ആ സേനത്തലവൻ കൊഞ്ഞനംകാട്ടിക്കൊണ്ടു പറഞ്ഞു: 'ഇത്ര കുറച്ചോ? രണ്ടായിരത്തിൽ ഒരു പൈപോലും കുറഞ്ഞു കിട്ടിയാൽ സമ്മതിയ്ക്കില്ല. എന്നല്ല, നിങ്ങളുടെ ജീവനും വലിയ സുഖമുണ്ടായിരിയ്ക്കില്ല.'

ഞാൻ കുറച്ചാലോചിച്ചു പറഞ്ഞു: "ഗവൎമ്മേണ്ടിൽനിന്നും ഇത്രയധികം പണം കവൎച്ചക്കാരുടെ വേണ്ടി ചെലവാക്കില്ല.

സർദാർ കത്തിയെടുത്തുംകൊണ്ടു് പറഞ്ഞു: "പിന്നെ ഗവൎമ്മേണ്ടിൽനിന്നും ഇന്നാം തരുമെന്നു് അപ്പോൾ എന്തിന്നു പറഞ്ഞു? എന്നാൽ ഇപ്പോൾത്തന്നെ മരിച്ചോ;"

സർദാർ കത്തിയുംകൊണ്ടു് എന്റെ നേരെ ചാടി. ഞാൻ പരിഭ്രമിച്ചു പറഞ്ഞു:— 'എന്നാൽ, സർദാർ, ഞാൻ നിങ്ങൾക്കു രണ്ടായിരം ഉറുപ്പിക തരുവിയ്ക്കാം!'

സർദാർ അപ്പോൾ ഒരു ഊക്കൻചിരിചിരിച്ചു. അയാളുടെ ചിരിയുടെ പ്രതിധ്വനി നിർജ്ജീവങ്ങളായ പൎവ്വതങ്ങളെക്കൂടി കുലുക്കി. ഞാൻ തന്നത്താൻ പറഞ്ഞു:— 'വല്ലാത്ത ഭയങ്കര മനുഷ്യൻ!'

കൂട്ടത്തിലുള്ള മററുള്ളവർ തങ്ങളുടെ കവർച്ച സാമാനങ്ങൾ സർദാറിൻെറ മുമ്പിൽ വെച്ചു. അതിൽ വളരെ തോക്കുകളും വെടിയുണ്ടകളും റൊട്ടിയും, മുണ്ടും മററുമായിരുന്നു ഞാനും പരിശോധിക്കപ്പെട്ടു. എൻെറ കയ്യിൽ ഒരാറപൊട്ടുന്ന തോക്കുണ്ടായിരുന്നു. തോക്കുകിട്ടിയപ്പോൾ സർദാക്ക് വലിയ സന്തോഷം തോന്നി. അതു തിരിച്ചും മറിച്ചും നോക്കി. അവർ കവർച്ചസ്സാമാനങ്ങൾ ഭാഗിക്കാനാരംഭിച്ചു. എൻെറ തോക്കു കണക്കിൽപ്പെടുത്തിയില്ല. അതു സർദാർ സാഹബിൻെറ സ്വകായ്യ വസ്തുവാക്കി വെച്ചു.

കുറച്ചുനേരം വിശ്രമിച്ചതിന്നുശേഷം വീണ്ടും യാത്ര തുടൎന്നു. ഇത്തവണ എൻെറ കാലു് അഴിച്ചിട്ടു്, അയാൾ നടക്കാൻ പറഞ്ഞു. ഞാൻ വഴി കാണാതിരിക്കാൻ വേണ്ടി, എൻെറ കണ്ണുകെട്ടിയിരുന്നു. എൻെറ കയ്യു കയറുകൊണ്ടു കെട്ടി അതിൻെറ ഒരററം ഒരഫ്രിദി പിടിച്ചിരുന്നു.

നടന്നു നടന്നു് എൻെറ കാൽ വേദനിച്ചുതുടങ്ങി. എന്നാൽ അവരുടെ ആശ പൂൎത്തിയായിട്ടുണ്ടായിരുന്നില്ല. തലക്കുമീതെ ജ്യേഷ്ഠമാസത്തിലെ സൂൎയ്യൻ വല്ലാതെ പ്രകാശിച്ചിരുന്നു. കാലുപൊള്ളി ദാഹംകൊണ്ടു തൊണ്ട വരണ്ടു. അവർ തമ്മിൽത്തമ്മിൽ സംസാരിച്ചുകൊണ്ടാണു പോയിരുന്നതു്. എന്നാൽ എനിക്കു സംഗതിയൊന്നും മനസ്സിലായിരുന്നില്ല. ഇടക്കിടെക്കു ഒന്നു രണ്ടു വാക്കുകൾ മനസ്സിലായിരുന്നു. അവർ അവരുടെ വിജയത്തിൽ സന്തുഷ്ടന്മാരായിരുന്നു. ഒരഫ്രിദി സ്വന്തം ഭാഷയിൽ ഒരു പാട്ടുപാടി. പാട്ടു് വളരെ നന്നായിരുന്നു.'

ഞാൻ ചോദിച്ചു: 'സർദാർ സാഹബ്, ആ പാട്ട് എന്തിനെക്കുറിച്ചാണു്.'

സർദാർ സാഹബ്:— ആ പാട്ടിൻെറ അൎത്ഥം ഓൎമ്മയുണ്ടു്. അൎത്ഥം ഇതാണു്. ഒരഫ്രിദി എങ്ങോട്ടോ പോകാൻ ഭാവിച്ചപ്പോൾ അയാളുടെ ഭായ്യ ചോദിച്ചു: "എവിടേക്കാണു് പോകുന്നതു്?

യുവാവു്:— 'നിനക്കു റൊട്ടിയും വസ്ത്രങ്ങളും കൊണ്ടുവരാൻ.'

ഭാൎയ്യ:— കുട്ടിക്കു് ഒന്നും കൊണ്ടുവരില്ലേ?

യുവാവു്:— 'കുട്ടി വലുതാവുമ്പോൾ യുദ്ധം ചെയ്തു തൻെറ കാമുകിക്കു റൊട്ടിയും വസ്ത്രവും കൊണ്ടുവരാനായി അവന്നു തോക്കു കൊണ്ടുവരാം'

ഭായ്യ:— 'ശരി പറയു, എപ്പോൾ വരും?'

യുവാവു്:— ജയിച്ചു് എന്തെങ്കിലും കൊണ്ടുവരാൻ സാധിക്കുമ്പോഴേ മടങ്ങിവരികയുള്ളു അല്ലെങ്കിൽ, ഞാൻ അവിടെ വെച്ചു തന്നെ മരിക്കും;

ഭായ്യ: 'കൊള്ളാം. പൊയ്ക്കോളൂ. അങ്ങു് വീരനാണു്. അങ്ങയുടെ ഇച്ഛ സഫലമാവും.'

'പാട്ടു കേട്ട് ഞാൻ വളരെ സന്തോഷിച്ചു. പാട്ട് അവസാനിച്ചതോടുകൂടി ഞങ്ങളുടെ യാത്രയും അവസാനിച്ചു. എന്റെ കണ്ണുകൾ അഴിച്ചു. മുമ്പിൽ, ഒരു വലിയ മൈതാനവും അതിന്റെ നാലു പുറവും അവർക്കു താമസിയ്ക്കാനുള്ള ഗുഹകളുമായിരുന്നു.

വീണ്ടും അവർ എന്നെ പരിശോധിച്ചു. ഇത്തവണ എന്റെ കാലും ഒഴിച്ചു മറ്റെല്ലാ വസ്ത്രങ്ങളും അഴിച്ചെടുത്തു. മുമ്പിൽത്തന്നെ ഒരു വലിയ ശിലാഖണ്ഡം വെച്ചിരുന്നു. എല്ലാവരുംകൂടി അതു മാററി എന്നെ അവിടേയ്ക്ക് കൊണ്ടുപോയി. എന്റെ ആത്മാവു വിറയ്ക്കാൻ തുടങ്ങി. അവരെന്നെ ജീവനോടെ കുഴിച്ചുമൂടുമോ എന്നു ഞാൻ ഭയപ്പെട്ടു. ഞാൻ ഭയവിഹ്വലമായ ദൃഷ്ടികളോടുകൂടി സർദാറിനെ നോക്കിക്കൊണ്ട് പറഞ്ഞു: 'സർദാർ, നിങ്ങൾ എന്നെ കൊല്ലരുതേ! ഗവമ്മേണ്ടിൽ നിന്നും നിങ്ങൾക്ക് ഉറപ്പിക തരും.'

സർദാർ ചിരിച്ചുകൊണ്ട് പറഞ്ഞു: 'നിങ്ങളെ ആരാണ് കൊല്ലുന്നത്? തടവിലാക്കുകയാണ്. ഇതിനുള്ളിൽ അടച്ചിടും. പണം വരുമ്പോൾ വിടാം.'

സർദാർ പറയുന്നതു കേട്ട എനിയ്ക്കു സമാധാനമായി.

സർദാർ എന്റെ പോക്കററുബുക്ക് മുമ്പിൽ വെച്ചു പറഞ്ഞു: 'ഇതിൽ എഴുതിത്തരു. ഒരു പൈപോലും കുറഞ്ഞാൽ നിങ്ങൾക്കു മരണം നിശ്ചയമാണ്.

ഞാൻ സർദാർ സാഹബിന്റെ പേക്ക് ഒരു എഴുത്തെഴുതിക്കൊടുത്തു. അവർ കയറ് അഴിച്ചു കളഞ്ഞു എന്നെ ആ അന്ധകൂപത്തിലിട്ടടച്ചു.

## III

സർദാർ സാഹിബ് ഒരു ദീർഘശ്വാസം വിട്ടുംകൊണ്ട് വീണ്ടും പറയാനാരംഭിച്ചു. 'അസദ്ഖാൻ, എന്നെ ആ അന്ധകൂപത്തിലിട്ടടയ്ക്കുവാൻ കൊണ്ടുപോയപ്പോൾ എന്റെ അന്തരാത്മാവു വിറച്ചിരുന്നു. അകത്തു ഭയങ്കരമായ ഇരുട്ടിനു പകരം മങ്ങിയ നിലാവാണ് പ്രകാശിച്ചിരുന്നത്. നിലം പരുക്കനായിരുന്നു. വളരെക്കാലമായി മഴ പെയ്തിട്ടുണ്ടായതാണ് ആ കുഴി എന്നു എനിയ്ക്കു തോന്നി. ഈ കിണർ വലിയ കൽച്ചുമരുകളാൽ മൂടപ്പെട്ടിരുന്നു. അതിൽ അവിടവിടെ ഉണ്ടായിരുന്ന വിടവുകളിലൂടെ കാററും വെളിച്ചവും പ്രവേശിച്ചിരുന്നു. അകത്തു എത്തിയപ്പോൾ ഞാൻ എന്റെ ദുർദ്ദശയെക്കുറിച്ചാലോചിയ്ക്കാൻ തുടങ്ങി. മനസ്സ് വളരെ പരിഭ്രാന്തമായിത്തീന്നു. ആ കാലന്റെ മുറിയിലെ കഷ്ടപ്പാടനുഭവിയ്ക്കാനും എന്റെ തലയിൽ എഴുതിയിരുന്നു.

ക്രമേണ സന്ധ്യയായി. അവർ അതുവരെ എന്നെപ്പററി അന്വേഷിച്ചില്ല. വിശപ്പുകൊണ്ട് ആത്മാവു വ്യാകുലമായിത്തീന്നു. വീണ്ടും വീണ്ടും വിധിയേയും എന്നെത്തന്നേയും ശപിച്ചു. ഉപായമില്ലാതാകുമ്പോൾ, മനുഷ്യൻ വിധിയെ ശപിക്കുന്നു.

കട്ടവിൽ ഒരു വിടവിലൂടെ പുറത്തുനിന്നും ആരോ നാലു വലിയ റൊട്ടി എറിഞ്ഞുതന്നു. നായയെപ്പോലെ ഞാൻ ഒരു കഷണം റൊട്ടിക്കുവേണ്ടി അതിന്മേൽ ചാടി വീണ് അതെടുത്തു. പിന്നീട്ട ആ വിടവിലൂടെ നോക്കാൻ തുടങ്ങി. പിന്നെ ആരും ഒന്നും എറിഞ്ഞുതന്നില്ല. മറെറാരു വർത്തമാനവുമില്ല. ഞാൻ റൊട്ടി തിന്നാൻ തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ ആ ദ്വാരത്തിലൂടെ ഒരിരുമ്പുഗ്ലാസു വെച്ചുതന്നു. അതിൽ നിറച്ചു വെള്ളമുണ്ടായിരുന്നു. ഞാൻ ഈശ്വരന്നു ധന്യവാദം പറഞ്ഞുംകൊണ്ട് എഴുന്നേററ് ആ വെള്ളമെടുത്തു കുടിച്ചു. ആത്മാവിന്നു കുറച്ചു തൃപ്തിയായപ്പോൾ പറഞ്ഞു: 'കുറച്ചു വെള്ളംകൂടി കിട്ടിയാൽ തരക്കേടില്ല'.

ഇതിന്നു ചുമരിൻെറ വശത്തുനിന്നും ഒരു ഭീഷണിപ്പെടുത്തുന്ന ചിരിയുടെ പ്രതിധ്വനിയാണ് കേട്ടത്. ഒരു മുഴങ്ങുന്ന സ്വരത്തിൽ ആരോ പറഞ്ഞു: 'വെള്ളം നാളെ, നാളെ. ഗ്ലാസു തരു. അല്ലെങ്കിൽ, വെള്ളം നാളേയും കിട്ടില്ല'

'എന്തു ചെയ്യും.' മറെറാരു നിവൃത്തിയുമില്ലാതെ ഗ്ലാസ് അവിടെത്തന്നെ വെച്ചുകൊടുത്തു.

ഇങ്ങിനെ അനവധി ദിവസങ്ങൾ കഴിഞ്ഞുപോയി. ദിവസേന രണ്ടു നേരത്തും നാലു റൊട്ടിയും ഒരു ഗ്ലാസു വെള്ളവും കിട്ടിപ്പോന്നു. ക്രമേണ ഞാനും ഈ ശുഷ്കജീവിതവുമായി ഇണങ്ങി. നിർജ്ജനത അത്ര തന്നെ ചീത്തയായി തോന്നിയില്ല. ചിലപ്പോൾ ഞാൻ സ്വന്തം ഭാഷയിലും പശ്തോഭാഷയിലും പാടിയിരുന്നു. ഇതുകൊണ്ട് എനിക്കു കുറച്ചുകൂടി ഉന്മേഷവും ഹൃദയത്തിനു കുറേക്കൂടി ശാന്തതയുമുണ്ടായി.

ഒരു ദിവസം രാത്രി ഞാൻ പശ്തോഗീതം പാടുകയായിരുന്നു. ചൂടുള്ള ചുഴലിക്കാററിനോട് പറയുന്നു: 'കാഫിറകളെ ദഹിപ്പിച്ചു വെണ്ണീറാക്കുന്ന നിനക്ക് ഈ ചൂടുള്ള എന്നെ ദഹിപ്പിക്കാൻ ശക്തിയില്ലേ? എൻെറ ഉള്ളിൽത്തന്നെ ഒരു ജ്വാല നിറഞ്ഞിരിപ്പുണ്ട്. അതുകൊണ്ടായിരിക്കുമോ?

നോക്കു, കാമുകി അന്വേഷിച്ച് ഇവിടെ വരുമ്പോൾ, എൻെറ ശരീരം പൂഴികൊണ്ട് മൂടണം അല്ലെങ്കിൽ, അവളുടെ ഹൃദയം കണ്ണാടിച്ചില്ലെന്നപോലെ തകന്നുപോവും.'

ഞാൻ പാട്ടുനിർത്തി. അപ്പോൾ വിടവിലൂടെ ആരോ പറഞ്ഞു:—
"തടവുകാരൻ ഒന്നുകൂടി പാടു"

ഞാൻ ഞെട്ടി. എനിക്കു കുറച്ചു സന്തോഷവും ആശ്ചര്യവും തോന്നി—ചോദിച്ചു—'നിങ്ങൾ ആരാണ്.'

ആ വിടവിലൂടെ മറുപടി കിട്ടി—'ഞാൻ തുരയയാണ്. സർദാറിൻെറ മകൾ.'

ഞാൻ:— നിങ്ങൾക്ക് ഈ പാട്ടു ഇഷ്ടമാണോ?

തുരയ:— അതേ, തടവുകാരൻ. പാട്ടു ഞാനൊന്നുകൂടി കേൾക്കട്ടെ.

ഞാൻ സന്തോഷത്തോടുകൂടി പാടാൻ തുടങ്ങി. പാട്ട് അവസാനിച്ചതോടുകൂടി തുരയ പറഞ്ഞു. നിങ്ങൾ ദിവസേന എന്നെ ഈ പാട്ടു കേൾപ്പിച്ചുതരണം. ഇതിനു പകരം ഞാൻ നിങ്ങൾക്ക് റൊട്ടിയോ വെള്ളമോ തരാം.

തുരയ പോയി. ഇതിന്നു ശേഷം ഞാൻ ദിവസേന ഈ പാട്ടു തന്നെ പാടി. തുരയ എല്ലായ്പ്പോഴും ചുമരിന്നടുക്കൽവന്ന് ഈ പാട്ടു കേട്ടിരുന്നു.

എൻെറ മനസ്സിനെ സന്തോഷിപ്പിക്കാൻ ഒരു മാർഗ്ഗവും കൂടിയായി.

ക്രമേണ ഒരു മാസം കഴിഞ്ഞു. എന്നിട്ടും എന്നെ വിടുവിക്കാൻ ആരും പണമയച്ചില്ല. ദിവസങ്ങൾ പോകുംതോറും ഞാൻ ജീവിതത്തിൽ നിരാശനായിത്തീർന്നു.

തികച്ചും ഒരുമാസം കഴിഞ്ഞപ്പോൾ സർദാർ വന്നു പറഞ്ഞു; 'തടവുകാരൻ, നാളെക്കും പണം വന്നില്ലെങ്കിൽ നിങ്ങൾക്കു മരണം നിശ്ചയമാണ്. എനിക്കു ചെലവിനു തരാനാവില്ല.'

'എനിക്കു ജീവിച്ചിരിക്കാൻ ഒട്ടും ആശയില്ലാതായി. അന്ന് എനിക്കു ജലപാനത്തിനുപോലും രുചിയുണ്ടായില്ല. രാത്രിയായി. റൊട്ടി പിന്നേയും കിട്ടി. എന്നാൽ തിന്നാൻ രുചിയുണ്ടായിരുന്നില്ല.

നിശ്ചിതസമയത്തു തുരയ വന്നുപറഞ്ഞു 'തടവുകാരൻ, പാട്ടു പാടൂ.'

അന്ന് എനിക്കു തീരെ ഉത്സാഹമുണ്ടായിരുന്നില്ല. ഞാൻ മിണ്ടാതെ ഇരുന്നു.

തുരയ വീണ്ടും ചോദിച്ചു:—'തടവുകാരൻ, ഉറങ്ങിപ്പോയോ?'

ഞാൻ വളരെ ഉന്മേഷരഹിതമായ സ്വരത്തിൽ പറഞ്ഞു:— 'ഇല്ല. ഇന്നു ഉറങ്ങിയിട്ടെന്താണ്? നാളെ മരിക്കലും ഉണരാതിരിക്കത്തക്കവണ്ണം ഉറങ്ങും.'

തുരയ:—എന്താണ ഗവമ്മേണ്ടിൽനിന്നും പണമയച്ചില്ലേ?

ഞാൻ:—അയയ്ക്കും. പക്ഷേ ഞാൻ നാളെ മരിക്കും. ഞാൻ മരിച്ചതിന്നു ശേഷം ഉറുപ്പിക വന്നാൽത്തന്നെ എന്തിനാണ്?

തുരയ സാന്ത്വനപൂർണ്ണമായ സ്വരത്തിൽ പറഞ്ഞു. 'കൊള്ളാം. പാട്ട്, നാളെ ഞാൻ നിങ്ങളെ മരിയ്ക്കാൻ അനുവദിയ്ക്കില്ല.'

ഞാൻ പാടാൻതുടങ്ങി. പോകുമ്പോൾ തുരയ ചോദിച്ചു 'തടവുകാരൻ, നിങ്ങൾക്കു മരക്കൂട്ടിൽ താമസിയ്ക്കാൻ ഇഷ്ടമാണോ?'

ഞാൻ സഹർഷം ഉത്തരം പറഞ്ഞു. എങ്ങിനെയെങ്കിലും ഈ നരകത്തിൽനിന്നു വിട്ടുകിട്ടിയാൽ മതിയായിരുന്നു.

തുരയ:—ആട്ടേ, ഞാൻ നാളെ അച്ഛനോടു പറയാം.

പിറേറദിവസം ഞാൻ ആ അന്ധകൂപത്തിൽനിന്നും പുറത്തു കടന്നു. എൻെറ രണ്ടു കാൽകളും രണ്ടു തടിച്ച മരക്കഷണത്തിൻെറ ദ്വാരത്തിൽ കെട്ടി അതു മരത്തിൻെറ ആണികൊണ്ടുതന്നെ സാധാരണ കുഴിയിൽ ഉറപ്പിച്ചിരുന്നു

സർദാർ എൻെറ അടുത്തുവന്നു പറഞ്ഞു:—'തടവുകാരൻ, പതിനഞ്ചുദിവസത്തെ അവധികൂടി. അതിന്നുശേഷം നിങ്ങളുടെ കഥ കഴിയ്ക്കും. ഒരെഴുത്തുകൂടി വീട്ടിലേയ്ക്കു് എഴുതിക്കൊള്ളൂ. * അതുവരെ ഉറപ്പിക വന്നില്ലെങ്കിൽ നിങ്ങളുടെ കഥ കഴിയ്ക്കും.'

ഞാൻ ഒരെഴുത്തെഴുതിക്കൊടുത്തു.

സർദാർ പോയതിന്നുശേഷം തുരയ വന്നു. ഇതു ഇപ്പോൾ അന്നെ പോയ ആ സ്ത്രീയായിരുന്നു. ഇവൾതന്നെയാണു സർദാറിൻെറ മകൾ. ഇവൾതന്നെയാണു പാട്ടുകേട്ടിരുന്നതും, ശുപാർശിചെയ്തു എൻെറ ജീവനെ രക്ഷിച്ചതും.

തുരയ വന്നു എൻെറ നേരെ നോക്കാൻതുടങ്ങി. ഞാനും അവളുടെ നേരെ നോക്കി.

തുരയ:—തടവുകാരൻ, വീട്ടിൽ നിങ്ങളുടെ ആരൊക്കെയുണ്ടു്?

ഞാൻ വലിയ കാതരസ്വരത്തിൽ പറഞ്ഞു:—'രണ്ടു ചെറിയ കുട്ടികൾ; വേറെ ആരുമില്ല.'

അഫ്രീദികൾ ചെറിയ കുട്ടികളെ സ്നേഹിയ്ക്കുന്നവരാണെന്നെനിയ്ക്കറിയാമായിരുന്നു.

തുരയ:—അവരുടെ അമ്മയില്ലേ?

ഞാൻ കേവലം ദയ ഉണ്ടാകുവാനായി പറഞ്ഞു: 'ഇല്ല; അവരുടെ അമ്മ മരിച്ചുപോയിരിക്കുന്നു. അവർ തനിച്ചാണു്. ജീവിച്ചിരിപ്പുണ്ടോ മരിച്ചുപോയോ എന്നുപോലും അറിഞ്ഞുകൂടാ. കാരണം, ഞാനൊഴിച്ചു മററാരും അവരെ നോക്കാനില്ല.'

പറഞ്ഞുപറഞ്ഞു് എൻെറ കണ്ണിൽ വെള്ളംനിറഞ്ഞു. തുരയയുടെ കണ്ണും നിറഞ്ഞു. തുരയ തൻെറ ആവേശത്തെ അടക്കിക്കൊണ്ടു

പറഞ്ഞു—അപ്പോൾ നിങ്ങൾക്കു വേറെ ആരുമില്ലേ? കുട്ടികൾ മാത്രം. അവർ വല്ലാതെ കരയുന്നുണ്ടായിരിക്കും.

ഞാൻ മനസാ സന്തോഷിച്ചുംകൊണ്ടു പറഞ്ഞു—'നിശ്ചയമായും കരയുന്നുണ്ടാവും. ആർക്കറിയാം. ഒരുപക്ഷേ മരിച്ചിട്ടുതന്നെയുമുണ്ടാവും.'

തുരയ കയറിപ്പറഞ്ഞു—ഇല്ല. ഇപ്പോൾ മരിച്ചിട്ടുണ്ടാവില്ല. നിങ്ങൾ എവിടെയാണു താമസിക്കുന്നതു്? ഞാൻ പോയി വിവരമറിഞ്ഞുവരാം.

ഞാൻ എന്റെ വീട്ടിലേക്കുള്ള വഴി പറഞ്ഞുകൊടുത്തു. അവൾ പറഞ്ഞു: 'ആ സ്ഥലത്തു ഞാൻ അനവധിതവണ വന്നിട്ടുണ്ട്. അങ്ങാടിയിൽനിന്നു സാമാനംവാങ്ങാൻ ഞാനാണു മിക്കവാറും പോകാറ്. ഇനി പോകുമ്പോൾ നിങ്ങളുടെ കുട്ടികളുടെ വർത്തമാനം അറിഞ്ഞുവരാം.'

ഞാൻ കുറച്ചൊരു ശങ്കയോടുകൂടി ചോദിച്ചു: 'എപ്പോഴാണു പോകുന്നതു്.'

അവൾ കുറച്ചാലോചിച്ചു പറഞ്ഞു: "ഈ വരുന്ന ശനിയാഴ്ച പോകും. നിങ്ങൾ ആ പാട്ടുതന്നെ പാടു.'

ഞാൻ അന്നു വലിയ ആഹ്ലാദത്തോടും ഉത്സാഹത്തോടുംകൂടി പാടി. അതിന്റെ ശക്തി അവളിൽ എത്രത്തോളമുണ്ടെന്നു ഞാൻ അന്നു കണ്ടു. അവളുടെ ശരീരം വിറച്ചുതുടങ്ങി. കണ്ണുകൾ നിറഞ്ഞു. കവിളുകൾ വിവർണ്ണമായി; അവൾ വിറച്ചിട്ടു ഇരുന്നുപോയി. അവളുടെ ഈ സ്ഥിതി കണ്ടിട്ടു ഞാൻ ഇരട്ടി ഉത്സാഹത്തോടുകൂടി പാട്ടു തുടർന്നു; അവസാനം പറഞ്ഞു: "തുരയേ, എന്നെ കൊല്ലുകയാണെങ്കിൽ, എന്റെ വിവരം കുട്ടികളെ അറിയിക്കണേ!"

ഞാൻ പറഞ്ഞതിനു നിശ്ചയം ഫലമുണ്ടായി. തുരയ ഇടറിയ സ്വരത്തിൽ പറഞ്ഞു. 'തടവുകാരൻ, നിങ്ങളെ കൊല്ലില്ല. ഞാൻ നിങ്ങളുടെ കുട്ടികൾക്കുവേണ്ടി നിങ്ങളെ വിടാം.'

ഞാൻ നിരാശതയോടെ പറഞ്ഞു: 'തുരയേ, നിങ്ങൾ വിട്ടാൽ തന്നെയും എനിക്കു രക്ഷപ്പെടാൻ കഴിയില്ല. ഈ കാട്ടിൽ അലഞ്ഞിട്ടു തന്നെ ഞാൻ മരിച്ചുപോകും. പിന്നെ, നിങ്ങൾക്കും ആപത്തു വന്നുവെന്നു വരാം. സ്വന്തം ജീവനുവേണ്ടി ഞാൻ നിങ്ങളെ ആപത്തിൽ ചാടിക്കില്ല.'

തുരയ:—എന്നെപ്പററി നിങ്ങൾ വിചാരപ്പെടേണ്ട. എന്നെ ആരും സംശയിക്കയില്ല. ഞാൻ സർദാറിന്റെ മകളാകയാൽ, പറഞ്ഞാൽ എല്ലാം സമ്മതിക്കും. എന്നാൽ, നിങ്ങൾ പോയി പണം അയച്ചുതരില്ലേ?

ഞാൻ സന്തോഷത്തോടുകൂടി പറഞ്ഞു: 'ഉവ്വ്; തുരയേ, ഞാൻ പണമയച്ചുതരും.'

തുരയ നടന്നുംകൊണ്ടു പറഞ്ഞു: 'എന്നാൽ ഞാൻ നിങ്ങളെ വിടാം.'

ഈ സംഭവത്തിനുശേഷം തുരയ എല്ലായ്പോഴും എന്റെ കുട്ടികളെപ്പറ്റി സംസാരിച്ചിരുന്നു. വാസ്തവത്തിൽ ഈ അഫ്രീദികൾക്കു കുട്ടികളെ വളരെ സ്നേഹമുണ്ടു്. ബ്രഹ്മാവു് അവരെ ഹിംസ്രജന്തുക്കളെപ്പോലെയാണു സൃഷ്ടിച്ചിട്ടുള്ളതെങ്കിലും, മനുഷ്യപ്രകൃതിയിൽനിന്നും അവരെ വഞ്ചിച്ചിട്ടില്ല. ഒടുവിൽ വ്യാഴാഴ്ച വന്നു. എന്നിട്ടും സർദാർ മടങ്ങിവന്നില്ല. അന്നു സന്ധ്യയ്ക്കു തുരയ വന്നു പറഞ്ഞു: 'തടവുകാരൻ, ഇപ്പോൾ എനിക്കു പോകുവാൻ കഴിവില്ല; കാരണം, അച്ഛൻ ഇതേവരെയും മടങ്ങിവന്നില്ല. നാളെയും വന്നില്ലെങ്കിൽ, ഞാൻ നിങ്ങളെ വിട്ടുതരാം. നിങ്ങൾ കുട്ടികളുടെ അടുക്കലേക്കു പോകണം, എന്നാൽ, പണമയയ്ക്കാൻ മറക്കരുതു്. ഞാൻ നിങ്ങളെ വിശ്വസിക്കുന്നു.'

ഞാൻ അന്നു വലിയ ഉത്സാഹത്തോടുകൂടി പാട്ടുപാടി. അർദ്ധരാത്രിവരെ തുരയ കേട്ടുകൊണ്ടിരുന്നു; പിന്നെ ഉറങ്ങാൻ പോയി. പിറ്റേദിവസവും സർദാർ വരരുതെന്നു ഞാൻ ഈശ്വരനോടു പ്രാർത്ഥിച്ചുംകൊണ്ടിരുന്നു. മരത്തിൽ കെട്ടിയിട്ടു എന്റെ കാലുകളെല്ലാം ഉപയോഗശൂന്യങ്ങളായിത്തീർത്തിരുന്നു. ദേഹം മുഴുവനും വേദന. ഇതുകൊണ്ടു, കാലന്റെ മുറിയിൽത്തന്നെയാണു ഭേദം എന്നു തോന്നി; കാരണം, അവിടെ കയ്യും കാലും ഇളക്കാൻ കഴിഞ്ഞിരുന്നു.

പിറ്റേദിവസവും അക്കൂട്ടർ മടങ്ങിവന്നില്ല. അന്നു തുരയ വളരെ ചിന്താകുലയായിത്തീർന്നിരുന്നു. സന്ധ്യയ്ക്കു തുരയ വന്നു് എന്റെ കാലുകളഴിച്ചു എന്നോടു പറഞ്ഞു. 'തടവുകാരൻ, നിങ്ങൾ പൊയ്ക്കൊള്ളു. നടക്കു, ഞാനും നിങ്ങളുടെകൂടെ കുറച്ചു ദൂരംവരെ വരാം.'

കുറച്ചുനേരം ഞാൻ വിവശനായി കിടന്നു. സാവധാനത്തിൽ എന്റെ കാലുകൾ ശരിയായി. ഞാൻ ഈശ്വരനെ സ്തുതിച്ചുംകൊണ്ടു തുരയയുടെകൂടെ നടന്നു.

തുരയയെ സന്തോഷിപ്പിക്കാനായി ഞാൻ വഴിയ്ക്കൊക്കെ പാടിയിരുന്നു. തുരയ, ഇടയ്ക്കിടയ്ക്കു, കേൾക്കുകയും കരയുകയും ചെയ്തിരുന്നു. ഏകദേശം അർദ്ധരാത്രിയായപ്പോഴയ്ക്കു ഞാൻ കുളത്തിന്റെ വക്കത്തെത്തി. അവിടെ എത്തിയപ്പോൾ തുരയ പറഞ്ഞു: 'നിങ്ങൾ നേരിട്ടു പോയാൽ പെഷവാറിലെത്തും. നോക്കു, സൂക്ഷിച്ചു പോകണം. അല്ലെങ്കിൽ, വല്ലവരും നിങ്ങളെ തോക്കിന്നിരയാക്കും. ഇതെടുത്തോളു, നിങ്ങളുടെ മുണ്ടാണു്. എന്നാൽ പണം തീർച്ചയായും അയയ്ക്കണം. ഞാൻ

നിങ്ങൾക്കു ജാമ്യം കൊടുക്കും. എന്നാൽ, പണം തന്നില്ലെങ്കിൽ, എന്റെ പ്രാണൻ പോകും; നിങ്ങളുടെ പ്രാണനും പോകും. പണം തന്നാൽ നിങ്ങൾ ഒരു ഫ്രീദിയെ കൊന്നുവെന്നാൽത്തന്നെയും ഒരു ഫ്രീദിയും നിങ്ങളെ ഉപദ്രവിയ്ക്കില്ല. പൊയ്ക്കൊള്ളു, ഈശ്വരൻ നിങ്ങളെ രക്ഷിയ്ക്കും. നിങ്ങൾക്കു കുട്ടികളേയും കിട്ടും.”

തുരയ പിന്നെ താമസിച്ചില്ല. പിറുപിറുത്തുംകൊണ്ടു മടങ്ങിപ്പോയി. അർദ്ധരാത്രി കഴിഞ്ഞിരുന്നു. നാലുഭാഗത്തും ഭയാനകമായ നിസ്തബ്ധത പ്രതിഫലിച്ചുകണ്ടു. കാററുമാത്രം മന്ദമായി വീശി ആകാശമദ്ധ്യത്തിൽ ചന്ദ്രൻ തന്റെ പതിനാറുകലകളോടുംകൂടി പ്രകാശിച്ചിരുന്നു. കുളത്തിന്റെ വക്കത്തു നില്ക്കാൻ രക്ഷ മതിയായിരുന്നില്ല. ഞാൻ സാവധാനത്തിൽ തെക്കോട്ടുനടന്നു. വീണ്ടും വീണ്ടും നാലുപാടും നോക്കി. ഈശ്വരാനുഗ്രഹംകൊണ്ടു പുലച്ചയാവുമ്പോഴയ്ക്കും ഞാൻ പെഷൽ അതിർത്തിയിൽ എത്തി.

അതിർത്തിയിൽ സേനകൾ കാവൽ നില്പുണ്ടായിരുന്നു. എന്നെ കണ്ടതോടുകൂടി സൈന്യത്തിലൊട്ടാകെ ഒരു ബഹളമുണ്ടായി. എല്ലാവരും ഞാൻ മരിച്ചുവെന്നാണു കരുതിയിരുന്നതു്. ജീവനോടെ മടങ്ങിവരുന്നതുകണ്ടു എല്ലാവരും സന്തോഷിച്ചു.

കേർണൽ ഹാമിൽടനും വർത്തമാനമറിഞ്ഞു് എന്നെ കാണാനായി അപ്പോൾ അവിടെ എത്തി; എല്ലാ വർത്തമാനങ്ങളും ചോദിച്ചറിഞ്ഞു. ‘മേജർ സാഹബ്’, നിങ്ങൾ മരിച്ചുവെന്നാണു് ഞാൻ കരുതിയിരുന്നതു്. എനിയ്ക്കു നിങ്ങളുടെ രണ്ടു കത്തുകിട്ടി. എന്നാൽ അതു നിങ്ങൾ എഴുതിയതാണെന്നു് എനിയ്ക്കു സ്വപ്നത്തിൽപോലും വിശ്വാസമുണ്ടായില്ല. അതു കളവാണെന്നാണു് ഞാൻ കരുതിയതു്. നിങ്ങൾ രക്ഷപ്പെട്ടു മടങ്ങിവന്നതിനാൽ ഈശ്വരനോടു ഞാൻ നന്ദിപറയുന്നു.’

ഞാൻ കേർണൽ ഹാമിൽട്ടനു നന്ദിപറഞ്ഞു തന്നത്താൻ വിചാരിച്ചു—‘ഒരിന്ത്യക്കാരൻ എഴുതിയാൽ കളവാണു്. എന്നാൽ ഒരു വെള്ളക്കാരനാണു് എഴുതിയിരുന്നതെങ്കിൽ രണ്ടിന്റെ സ്ഥാനത്തു നാലായിരം ഉറുപ്പിക വന്നേനെ. എത്ര ഗ്രാമങ്ങൾ നശിപ്പിയ്ക്കും! എന്നല്ല എന്തൊക്കെയുണ്ടാവുമെന്നു ആർക്കറിയാം.’

ഞാൻ മിണ്ടാതെ വീട്ടിലേയ്ക്കുപോന്നു. കുട്ടികളെ കിട്ടിയതോടുകൂടി എനിയ്ക്കു വലിയ സന്തോഷമായി. അന്നുതന്നെ ഒരു വിശ്വാസയോഗ്യനായ ഭൃത്യന്റെ കയ്യിൽ തുരയയ്ക്കു രണ്ടായിരം ഉറുപ്പിക കൊടുത്തയച്ചു.

## IV

സർദാർ ഒരു ദീർഘശ്വാസം വിട്ടുകൊണ്ടു പറഞ്ഞു: 'അസദ് ഖാൻ, ഇപ്പോഴും എന്റെ കഥ അവസാനിച്ചിട്ടില്ല. ഇനിയും ദുഃഖകരമായ ഭാഗം ബാക്കിയാണ്. ഇവിടെ വന്നു ക്രമേണ ഞാൻ എല്ലാ ബുദ്ധിമുട്ടുകളും മറന്നു. എന്നാൽ തുരയയെ മറക്കാൻ കഴിഞ്ഞില്ല. തുരയയുടെ ദയകൊണ്ടാണ് എനിക്കു ഭാര്യയെയും കുട്ടികളെയും കിട്ടിയതു്. എന്നുതന്നെയല്ല, ജീവനും കിട്ടിയതു്. അവളെ പിന്നെ എങ്ങിനെ മറക്കാൻ കഴിയും?

മാസങ്ങളും കൊല്ലങ്ങളും കഴിഞ്ഞുപോയി ഞാൻ തുരയയേയോ അവളുടെ അച്ഛനേയോ കണ്ടില്ല. തുരയ വരാമെന്നു പറഞ്ഞിരുന്നു. എന്നാൽ വന്നില്ല. അവിടെനിന്നും വന്നു്, ഞാൻ പത്നിയെ അവളുടെ അമ്മയുടെ വീട്ടിലേക്കു പറഞ്ഞയച്ചു; കാരണം, ഒരു പക്ഷേ തുരയ വന്നെങ്കിൽ, ഞാനവളുടെ മുമ്പിൽ കള്ളനാകുമായിരുന്നു. എന്നാൽ മൂന്നുകൊല്ലം കഴിഞ്ഞിട്ടും തുരയ വരാഞ്ഞതുകണ്ടപ്പോൾ, അവൾ വരില്ലെന്നു കരുതി ഞാൻ പത്നിയെ അമ്മയുടെ വീട്ടിൽനിന്നും വിളിച്ചുകൊണ്ടുപോന്നു. ഞങ്ങൾ സുഖമായി ദിവസം പോക്കുന്നതിനിടക്കു് ഒരു ദുർദ്ദശ വന്നുപെട്ടു.

ഒരുദിവസം സന്ധ്യാസമയത്തു വരാന്തയിലിരുന്നു പത്നിയുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, ആരോ പുറത്തുവന്നു പാതില്ക്കൽ മുട്ടി.

ഭൃത്യൻ വാതിൽ തുറന്നുകൊടുത്തപ്പോൾ ഒരു കാബൂളിസ്ത്രീ കോണിപ്പടി കയറി നിശ്ശബ്ദം മുകളിലേക്കുവന്നു. അവൾ വരാന്തയിൽവന്നു നല്ല പശ്തോഭാഷയിൽ ചോദിച്ചു—'സർദാർ സാഹബ് എവിടെ?'

ഞാൻ മുറിയിൽനിന്നും പുറത്തുവന്നു ചോദിച്ചു—'നിങ്ങളാരാണ്? എന്താണ് വേണ്ടതു്?'

ആ സ്ത്രീ കുറച്ചു പവിഴം പുറത്തെടുത്തു പറഞ്ഞു—"ഞാൻ ഈ പവിഴം വില്ക്കാൻ വന്നിരിക്കയാണ്", വാങ്ങുന്നുവോ? ഇതു പറഞ്ഞു് അവൾ വലിയ വലിയ പവിഴമെടുത്തു പുറത്തു മേശമേൽ വെച്ചു.

എന്റെ പത്നിയും എന്റെ കൂടെ മുറിയിൽനിന്നും പുറത്തുവന്നിരുന്നു. അവൾ പവിഴമെടുത്തു നോക്കാൻ തുടങ്ങി. ആ കാബൂളിസ്ത്രീ ചോദിച്ചു.—സർദാർ സാഹബ്, ഇവർ അങ്ങയുടെ ആരാണ്?

ഞാൻ:—എന്റെ ഭാര്യ. അല്ലാതെ ആരാണ്?

കാബൂളിസ്ത്രീ:—അങ്ങയുടെ ഭാര്യ മരിച്ചില്ലേ? അങ്ങു വേറെ വിവാഹം ചെയ്തുവോ?

ഞാൻ ക്രോധസ്വരത്തിൽ പറഞ്ഞു. 'വിഡ്ഢിത്തം പറയുന്നുവോ? നീയായിരിക്കും മരിച്ചതു്.'

എന്റെ പത്നിക്കു പശ്തോഭാഷ അറിഞ്ഞുകൂടാ. അവൾ പവിഴം നോക്കി രസിക്കയായിരുന്നു.

എന്റെ വാക്കുകൾകേട്ട് എന്താണെന്നറിഞ്ഞുകൂടാ, ആ കാബൂളി സ്ത്രീയുടെ കണ്ണുകൾ പ്രകാശിക്കാൻ തുടങ്ങി. അവൾ ഒരു ഭയങ്കരസ്വരത്തിൽ പറഞ്ഞു:—'ഞാൻ വിഡ്ഢിയാണ്. അല്ലെങ്കിൽ, നിങ്ങളെ വിട്ടുമായിരുന്നോ? ചതിയപ്പെട്ടി. എന്നോടു നീ നുണ പറഞ്ഞു. നോക്കിക്കോ, നിന്റെ ഭാര്യ മരിച്ചിട്ടില്ലെങ്കിൽ, ഇപ്പോൾ മരിക്കട്ടെ!'

പറഞ്ഞു പറഞ്ഞു പെൺസിംഹത്തെപ്പോലെ ചാടി, അവൾ ഒരു മൂർച്ചയുള്ള കത്തി എന്റെ പത്നിയുടെ മാറത്തു കുത്തിയിറക്കി. ഞാൻ അവളെ തടയുന്നതിനു മുമ്പോട്ടു ചാടി. എന്നാൽ അവൾ മുററത്തേക്കു ചാടി പറഞ്ഞു: 'ഇപ്പോൾ ധരിച്ചോളൂ, ഞാൻ തുരയയാണ്. ഇന്ന്, ഞാൻ നിന്റെ വീട്ടിൽ താമസിക്കുന്നതിന്നാണ് വന്നത്. ഞാൻ നിങ്ങളെ വിവാഹം ചെയ്തു നിങ്ങളുടെയായി താമസിച്ചു. നിങ്ങൾക്കുവേണ്ടി ഞാൻ അച്ഛൻ, വീടു എന്നിവ എല്ലാം ഉപേക്ഷിച്ചു. എന്നാൽ നീ വഞ്ചകനാണ്, ദുഷ്ടനാണ്. നീ നിന്റെ പത്നിയെപ്പററി വിചാരിച്ചു കരയ്, ഞാൻ നിന്നെപ്പററി വിചാരിച്ചു കരയാം!' ഇതു പറഞ്ഞു അവൾ വേഗത്തിൽ ചുവട്ടിലേക്കുപോയി

ഞാൻ പത്നിയുടെ അടുക്കൽച്ചെന്നു. കത്തി ശരിക്കു ഹൃദയത്തിൽ കൊണ്ടിരുന്നു. ഒരൊററ കുത്തുകൊണ്ടു അവളുടെ കഥ അവസാനിച്ചു. ഡാക്ടരെ വിളിച്ചു; പക്ഷേ, അവൾ മരിച്ചിരുന്നു.

പറഞ്ഞുപറഞ്ഞു സർദാർ സാഹിബിന്റെ കണ്ണുകളിൽ വെള്ളം നിറഞ്ഞു. അദ്ദേഹം തന്റെ നനഞ്ഞ കണ്ണു തുടച്ചുകൊണ്ടു പറഞ്ഞു: 'അസദ്ഖാൻ, ഞാൻ സ്വപ്നത്തിൽപോലും വിചാരിച്ചിരുന്നില്ല തുരയ ഒരു പിശാചാവുമെന്ന്. ഞാൻ അവളെ ആദ്യം അറിഞ്ഞിരുന്നെങ്കിൽ, ഈ ആപത്തു വരില്ലായിരുന്നു. അതിനുപുറമേ, എനിക്കു അവളിൽ ആശയില്ലാതായി.'

അന്നുമുതല്ക്കു തുരയ ഒരിക്കലും വന്നിട്ടില്ല. വല്ലപ്പോഴും എന്നെ കണ്ടാൽ എന്റെ നേരെ നോക്കി പെൺപാമ്പിനെപ്പോലെ ചിററിക്കൊണ്ടു നടന്നുകളയും. അവളെ കാണുമ്പോൾ എന്റെ ഹൃദയം വിറച്ചിരുന്നു. എന്നല്ല, ഞാൻ വിവശനായിത്തീന്നു അവളെ പിടിപ്പിക്കുവാനായി ഞാൻ വളരെ തവണ ശ്രമിച്ചു. എന്നാൽ, അവളെ കാണുമ്പോൾ ഞാൻ തീരെ അധീനനായിത്തീരും. കയ്യും കാലും അധീനമായിരുന്നില്ല; എന്റെ സവ്വ വീര്യവും അസ്തമിക്കും.

എന്നല്ല, എനിക്കിപ്പോഴും തുരയയെ ഇഷ്ടമുണ്ട്. എന്റെ കുട്ടികൾക്ക് അവൾ പലപ്പോഴും പല വിലപിടിച്ച സാധനങ്ങളും കൊണ്ടു

വന്നു കൊടുക്കും. ഒരുദിവസം കുട്ടികളെ കാണാൻ സാധിച്ചില്ലെങ്കിൽ, അവൾ വാതിലിലൂടെ എറിയും. അതിൽ ഒരു കടലാസ്സു കെട്ടിച്ചു എഴുതിയിട്ടുണ്ടാവും:- "സർദാർ സാഹബിൻെറ കുട്ടികൾക്ക്."

എനിക്കു ഇതുവരേയും ആ സ്ത്രീയെ മനസ്സിലായിട്ടില്ല. മനസ്സിലാക്കാൻ ശ്രമിക്കുംതോറും ബുദ്ധിമുട്ടാവുന്നു. എനിക്കു മനസ്സിലാവുന്നില്ല, അവൾ മാനുഷിയോ രാക്ഷസിയോ എന്ന്?

ഈ സമയത്തു സർദാർ സാഹബിൻെറ കുട്ടി വന്നു പറഞ്ഞു: 'നോക്കു, ആ സ്ത്രീ സ്വർണ്ണംകൊണ്ടുള്ള ഒരു ഏലസ്സ് തന്നിരിക്കുന്നു.'

സർദാർ സാഹിബ്: നോക്കു, അസദ്ഖാൻ, ഞാൻ പറഞ്ഞില്ലേ? നോക്കു, ഇന്നിതാ ഒരേലസ്സു കൊടുത്തു പോയിരിക്കുന്നു. ഇങ്ങിനെ അർജ്ജുനനും നിഹാലനും എത്ര ഏലസ്സും മാറമാറു കൊണ്ടുവന്നു കൊടുത്തിരിക്കുന്നതു്! തുരയ ഒരു വിചിത്രസ്ത്രീയാണെന്നേ പറയേണ്ടു!'

## V

സർദാർ സാഹബിനോടു യാത്രപറഞ്ഞു ഞാൻ വീട്ടിലേക്കു നടന്നു. നാലുംകൂടുന്ന വഴിയിൽനിന്നും ആ വൃദ്ധൻെറ ശവം മാററിയിട്ടിരുന്നു. പക്ഷേ, അവിടെ എത്തിയപ്പോൾ, എന്താണെന്നറിഞ്ഞുകൂടാ, രോമാഞ്ചംകൊണ്ടു ഒരു മിനിട്ടുനേരം ഞാൻ നിന്നുപോയി! പെട്ടെന്നു പിന്നാക്കംനോക്കി. നിഴലെന്നപോലെ ഒരു സ്ത്രീ എൻെറ പിന്നാലെ വന്നിരുന്നു. ഞാൻ നില്ക്കുന്നതു കണ്ടു് അവളും നിന്നു; പിന്നിട്ട് ഒരു പീടികയിലേക്കു സാമാനം വാങ്ങാൻ പോയി.

ഞാൻ എൻെറ ഹൃദയത്തോടുതന്നെ ചോദിച്ചു—'അവൾ തുരയയാണോ?'

ഹൃദയം ഉത്തരം പറഞ്ഞു -'അതേ,ഒരു പക്ഷേ, അവൾ തന്നെയായിരിക്കും.'

തുരയ എൻെറ പിന്നാലെ വരുന്നതെന്തിനായിരിക്കും? ഇതിനെപ്പററി വിചാരിച്ചുകൊണ്ടു തന്നെ ഞാൻ വീട്ടിലെത്തി ഭക്ഷണം കഴിച്ചുകിടന്നു. ഒരിക്കലും ഉറക്കം വരാതിരിക്കത്തക്കവണ്ണം ആ സംഭവം എൻെറ മേൽ ശക്തി നടത്തിവന്നിരുന്നു. ഞാൻ ഉറങ്ങാൻ യത്നിക്കുന്തോറും ഉറക്കം എന്നിൽ നിന്നും അകന്നുപോയി.

സൈനികഘടികാരം മണി പന്ത്രണ്ടടിച്ചു, ഒന്നടിച്ചു, രണ്ടടിച്ചു. എന്നിട്ടും എനിക്കുറക്കം വന്നില്ല. ഞാൻ തിരിഞ്ഞും മറിഞ്ഞും കിടന്നു ഉറങ്ങാൻ നോക്കി. ഈ കഴപ്പത്തിനിടയിൽ, ഉറക്കം എപ്പോഴാണ് എന്നിൽ സ്ഥലം പിടിച്ചതെന്നു് എനിക്കോർമ്മയില്ല.

ഞാൻ ഉറങ്ങുകയായിരുന്നു. എങ്കിലും, എൻെറ ജ്ഞാനം ഉണർന്നു

കൊണ്ടുതന്നെ ഇരുന്നു. ഏതോ ഒരു സ്ത്രീ—അവളുടെ ആകൃതി ത്തുരയയു ടേതിനോടു സാമ്യമുള്ളതാണെന്നെനിക്കുതോന്നി—എന്നാൽ അതിലുമധികം ഭയങ്കരം—മതിൽ ചാടിക്കടന്നു് അകത്തു പ്രവേശിച്ചതായി എനിക്കു തോന്നി. അവളുടെ കയ്യിൽ മൂച്ചയുള്ള ഒരു കത്തിയുണ്ടു്. അതു വിളക്കിൻെറ പ്രകാശത്തിൽ ജ്വലിക്കുന്നുണ്ടു്. അവൾ പതുക്കെ അടി വെച്ചടിവെച്ചു സതൃഷ്ണനേത്രങ്ങളോടുകൂടി എൻെറ അടുക്കലേക്കു വരുന്നു. ഞാൻ അവളെ കണ്ടതോടുകൂടി എഴുന്നേല്ക്കാൻ തുടങ്ങുന്നു; എന്നാൽ കയ്യും കാലും എൻെറ അധീനത്തിലല്ല. അവക്കു ജീവനില്ലെന്നുകൂടിതോന്നി. ആ സ്ത്രീ എൻെറ അടുത്തെത്തി. കുറച്ചുനേരം എൻെറ നേരെ നോക്കി. പിന്നെ തൻെറ കത്തി പിടിച്ചിരുന്ന കയ്യ് ഉയൎത്തി ഞാൻ നിലവിളിക്കാൻ നോക്കി. എന്നാൽ എൻെറ ശബ്ദം അടഞ്ഞുപോയി. ശബ്ദം കണ്ഠത്തിൽ നിന്നു പുറപ്പെട്ടില്ല. അവൾ എൻെറ രണ്ടു കൈകളും മുട്ടുകൊണ്ടു് അമൎത്തിപ്പിടിച്ചു എൻെറ മാറത്തു കയറിയിരുന്നു. ഞാൻ വിറക്കാൻ തുടങ്ങി കണ്ണുകൾ തുറന്നു. വാസ്തവത്തിൽ ഒരു കാബൂളിസ്ത്രീ എൻെറ മാറത്തു ഇരുന്നിരുന്നു. അവളുടെ കയ്യിൽ കത്തിയുണ്ടു്. ആ കത്തി കൊല്ലാൻ ആഗ്രഹിക്കുന്നുമുണ്ടായിരുന്നു.

ഞാൻ ചോദിച്ചു—ആര്? ത്തുരയയോ?

അതു വാസ്തവത്തിൽ ത്തുരയയായിരുന്നു അവൾ എന്നെ നല്ലവണ്ണം ശക്തിയോടുകൂടി അമൎത്തിപ്പിടിച്ചുംകൊണ്ടു പറഞ്ഞു. "അതേ; ത്തുരയയാണ്. ഇന്നു നീ എൻെറ അച്ഛനെകൊന്നു. അതിനു പകരം നീയും മരിക്കും."

ഇതു പറഞ്ഞു അവൾ കത്തി ഉയൎത്തിപ്പിടിച്ചു. അപ്പോൾ എൻെറ മുമ്പിൽ ജീവിതമരണങ്ങളുടെ പ്രശ്നമായിരുന്നു. ജീവനിലുള്ള കൊതി എന്നിൽ ധൈൎയ്യമുളവാക്കി. ഞാൻ മരിക്കാൻ തെയ്യാറല്ലായിരുന്നു. എൻെറ അഭിലാഷവും ആയുസ്സും പിന്നെയും ബാക്കിയുണ്ടു്. ഞാൻ ശക്തിയോടുകൂടി എൻെറ വലത്തുകയ്യ് വിടുവിക്കാൻ ശ്രമിച്ചു. ഒരൊററ കുതറിച്ചയാൽ എൻെറ കയ്യു വിടുവിച്ചു. ഞാൻ എൻെറ സൎവ്വശക്തിയുമെടുത്തു ത്തുരയയുടെ കത്തിയുണ്ടായിരുന്ന കയ്യു പിടിച്ചു. എന്താണെന്നറിഞ്ഞുകൂടാ, ത്തുരയ ഒരു വിരോധവു ഭാവിച്ചില്ല. അവൾ എൻെറ കയ്യുനോക്കിക്കൊണ്ടു മാറത്തുനിന്നു ഇറങ്ങി. അവളുടെ കണ്ണുകൾ അമ്പരന്നു. അവൾ എൻെറ കയ്യിന്മേലേക്കു സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്നു.

ഞാൻ ചിരിച്ചുംകൊണ്ടു പറഞ്ഞു: 'ത്തുരയ, മുക്കിണി ഇപ്പോൾ തിരിഞ്ഞുപോയി! മരിക്കേണ്ട ഊഴം ഇപ്പോൾ നിൻെറയാണ്. നിൻെറ അച്ഛനെ കൊന്നു. ഇപ്പോൾ നിന്നെയും കൊന്നേക്കാം.'

ത്തുരയ അപ്പോഴും എൻെറ കയ്യിന്നു നേരെ സൂക്ഷിച്ചുനോക്കിയിരുന്നു. അവൾ ഒന്നും ഉത്തരം പറഞ്ഞില്ല.

ഞാൻ അവളെ പിടിച്ചു കുലുക്കിക്കൊണ്ടു പറഞ്ഞു: 'എന്താണു മിണ്ടാത്തതു്? ഇപ്പോൾ എൻെറ കൈപ്പിടിയിലാണു നിൻെറ ജീവൻ.'

ത്തുരയക്കു ബോധം വന്നു അവൾ വളരെ ഗംഭീരവും ദുഃഖവുമായ സ്വരത്തിൽ പറഞ്ഞു: 'നീ എൻെറ സഹോദരനാണു്. ഇന്നു നീ നിൻെറ അച്ഛനെ കൊന്നു.'

ത്തുരയ പറയുന്നതു കേട്ടു് എനിക്കപ്പോഴും ചിരി വന്നു. ഞാൻ ചിരിച്ചുംകൊണ്ടു പറഞ്ഞു —'അഫ്രിദി നുണയും പറയുമോ? ഇതു് ഇന്നു മാത്രമാണു എനിക്കു മനസ്സിലായതു്.'

ത്തുരയ ശാന്തമായ സ്വരത്തിൽ പറഞ്ഞു: "നിങ്ങൾ എൻെറ നഷ്ടപ്പെട്ടുപോയ ജ്യേഷ്ഠ സഹോദരൻ നാജിയാണു്."

കുട്ടിക്കാലത്തുതന്നെ എൻെറ കയ്യിന്മേൽ സർപ്പാകൃതിയിലുള്ള ഒരു പച്ചകുത്തിയിട്ടുണ്ടായിരുന്നു. ഇതു എന്നെ അറിയുന്നതിന്നായി സൈനികരജിസ്റ്ററിലും എഴുതിയിട്ടുണ്ടു്.

ഞാൻ ചിരിച്ചുംകൊണ്ടു പറഞ്ഞു: 'ത്തുരയ, നിനക്കു് എന്നെ ചതിക്കാൻ പററില്ല. ഞാൻ നിന്നെ വിടില്ല.'

ത്തുരയ തൻെറ കയ്യിൽനിന്നും കത്തി വലിച്ചെറിഞ്ഞുംകൊണ്ടു പറഞ്ഞു "വാസ്തവത്തിൽ നിങ്ങൾ എൻെറ സഹോദരനാണു്. നിങ്ങൾക്കു വിശ്വാസമില്ലെങ്കിൽ, ഇതാ നോക്കൂ, എൻെറ കയ്യിന്മേലും നിങ്ങളുടെ കയ്യിന്മേലുള്ളപോലെ സർപ്പത്തിൻെറ പച്ച കുത്തിയിട്ടുണ്ടു്."

ഞാൻ ത്തുരയയുടെ കയ്യിന്മേൽ നോക്കി. അതിന്മേലും എൻെറതുപോലുള്ള പച്ച കുത്തിയിട്ടുണ്ടായിരുന്നു.

കുറച്ചാലോചിച്ചു ഞാൻ പറഞ്ഞു: 'ത്തുരയ, നിനക്കെന്നെ വിശ്വസിപ്പിക്കാൻ കഴിയില്ല. ഇതൊരു യാദൃച്ഛിക സംഗതിയാണു്.'

ത്തുരയ: "എൻെറ കയ്യു വിടു ഞാൻ നിങ്ങളെ ഉപദ്രവിക്കില്ല. അഫ്രിദി നുണ പറയില്ല"

ഞാനവളുടെ കയ്യു വിട്ടു അവൾ നിലത്തിരുന്നു് എൻെറ നേരെ നോക്കാൻ തുടങ്ങി. കുറച്ചുകഴിഞ്ഞു പറഞ്ഞു: "ശരി, നിങ്ങൾക്കു നിങ്ങളുടെ അച്ഛനെപ്പററിയും അമ്മയെപ്പററിയും വല്ല വിവരവുമുണ്ടോ?"

ഞാൻ തലകുലുക്കിക്കൊണ്ടു പറഞ്ഞു: "ഇല്ല; ഞാൻ സർക്കാർ അനാഥാലയത്തിലാണു വളന്നതു്."

ഞാൻ പറയുന്നതു കേട്ടു അവൾ എഴുന്നേററുനിന്നു പറഞ്ഞു. 'അപ്പോൾ, നിങ്ങൾ എൻെറ നഷ്ടപ്പെട്ടുപോയ ജ്യേഷ്ഠസഹോദരൻ നാ

ജീറാണ്. ഞാൻ ജനിയ്ക്കുന്നതിന്നു ഒരു കൊല്ലം മുമ്പു നിങ്ങൾ നഷ്ടപ്പെട്ടിരിയ്ക്കുന്നു. എൻെറ അച്ഛനും അമ്മയും സർക്കാർ സൈന്യത്തെ ആക്രമിയ്ക്കാൻ വന്നപ്പോൾ നിങ്ങളും അവരുടെ കൂടെയുണ്ടായിരുന്നു. എൻെറ അമ്മ യുദ്ധത്തിൽ വളരെ സാമർത്ഥ്യമുള്ളവളായിരുന്നു. നിങ്ങളെ അവരുടെ പുറത്തു കെട്ടിയിട്ടു യുദ്ധംചെയ്തുകൊണ്ടിരിയ്ക്കുന്ന സമയത്തു ഒരു വെടിയുണ്ടവന്നു അവരുടെ കാലിന്മേൽ തട്ടി; അവർ ബോധംകെട്ടു വീണു. ആരോ നിങ്ങളെ അഴിച്ചുകൊണ്ടുപോയി. എൻെറ അമ്മയെ അച്ഛൻ തോളിൽവെച്ചുകൊണ്ടുപോന്നു; എന്നാൽ നിങ്ങളെ അന്വേഷിയ്ക്കാൻ കഴിഞ്ഞില്ല. പിന്നീടും നിങ്ങളെ കണ്ടുകിട്ടിയില്ല. അമ്മ എല്ലായ്പോഴും നിങ്ങളുടെ വർത്തമാനം പറയാറുണ്ടായിരുന്നു. അവരുടെ കയ്യിന്മേലും ഈ അടയാളമുണ്ടായിരുന്നു!"

ഇതു പറഞ്ഞ് അവൾ വീണ്ടും ആ കയ്യ് എനിയ്ക്കു കാണിച്ചുതന്നു. ഞാൻ എൻേറയും അവളുടേയും അടയാളം ഒത്തുവെച്ചു നോക്കി. വാസ്തവത്തിൽ രണ്ടും ഒരുപോലെയായിരുന്നു. ലേശം വ്യത്യാസമുണ്ടായിരുന്നില്ല. ഞാൻ ഹതാശനെന്നപോലെ കട്ടിലിന്മേൽ വീണു.

സുരയ എൻെറ അടുത്തിരുന്നു സ്നേഹത്തോടുകൂടി എൻെറ നെററിമേലുള്ള വിയർപ്പു തുടച്ചു. അവൾ പറഞ്ഞു—"നാജീർ, അമ്മ പറഞ്ഞിരുന്നു നിങ്ങൾ മരിച്ചിട്ടില്ല, ജീവിച്ചിരിപ്പുണ്ട്, ഒരു ദിവസം നിങ്ങൾ ഞങ്ങളോടു ചേരും" എന്നൊക്കെ!

സുരയയുടേ വാക്കിൽ എനിയ്ക്കു വിശ്വാസം വന്നു. സുരയ പറയുന്നതു ശരിയാണ് എന്നു എൻെറ ഹൃദയത്തിലിരുന്ന് ആരാണ് പറഞ്ഞിരുന്നതെന്നു എനിയ്ക്കു അറിഞ്ഞുകൂടാ. ഞാൻ ഒരു ദീർഘശ്വാസം വിട്ടുംകൊണ്ടു ചോദിച്ചു—'സുരയ, ഇന്നു ഞാൻ കൊന്ന ആ ആൾ നമ്മുടെ അച്ഛനാണോ?'

സുരയയുടെ മുഖം ശോകത്തിൻെറ ഒരു മേഘത്താൽ വളയപ്പെട്ടിരുന്നു. അവൾ ദുഃഖപൂർണ്ണമായ സ്വരത്തിൽ പറഞ്ഞു—അതേ, നാജീർ, ആ ദുർഭഗൻ നമ്മുടെ അച്ഛനാണ്. ആരാണറിഞ്ഞിരുന്നതു്, അദ്ദേഹം തൻെറ പ്രിയപ്പെട്ട പുത്രൻെറ കയ്യുകൊണ്ടു മരിയ്ക്കുമെന്ന്?'

വീണ്ടും സാന്ത്വനപൂർണ്ണമായ സ്വരത്തിൽ പറഞ്ഞു—'എന്നാൽ, നാജീർ, നിങ്ങൾ അറിയാതെയാണ് ഈ പ്രവൃത്തി ചെയ്തതു്. അച്ഛൻെറ മരണംമൂലം ഞാൻ ഒററയ്ക്കായി എന്നാൽ നിങ്ങളെ കിട്ടിയതുകൊണ്ടു ഞാൻ, അച്ഛനെസ്സംബന്ധിച്ചുള്ള എൻെറ ദുഃഖം മറന്നുപോകുന്നു. നാജീർ, നിങ്ങൾ ദുഃഖിയ്ക്കരുതു്. നിങ്ങൾക്കറിയാമായിരുന്നുവോ, നിങ്ങളുടെ അച്ഛനാരാണെന്നും അമ്മയാരാണെന്നും? നോക്കു; ഞാൻ

നിങ്ങളെ കൊല്ലാനാണ് വന്നതു്; ഞാൻ കൊല്ലുകയും ചെയ്യുമായിരുന്നു. എന്നാൽ ഈശ്വരകൃപകൊണ്ടു ഞാൻ സ്വന്തം കുടുംബിനിയാളം കണ്ടുപിടിച്ചു. ഈശ്വരേച്ഛ ഇങ്ങിനെയായിരുന്നു.'

എന്റെ അച്ഛൻ ഹൈദർഖാനായിരുന്നുവെന്നും, അദ്ദേഹം ഒരു സേനാപതിയായിരുന്നുവെന്നും തുരയയിൽനിന്നും എനിക്കു മനസ്സിലായി. സർദാർ ഹിമ്മത്സിംഹനെപ്പററി അവളോടു സംസാരിച്ചപ്പോൾ, എനിക്കു മനസ്സിലായി, അവൾ സർദാർ സാഹബിനെ സ്നേഹിക്കുന്നുണ്ടെന്നു് അവൾ ഞങ്ങളുടെ അച്ഛനുമായി തെററിയിട്ടു സർദാർ സാഹബിനെ വിവാഹം ചെയ്യാൻ വരികയായിരുന്നു. എന്നാൽ അവിടെ അദ്ദേഹത്തിന്റെ ഭാര്യയെ കണ്ടിട്ടു് അവൾക്കു് ഈർഷ്യം കൊണ്ടും ക്രോധം കൊണ്ടും ഭ്രാന്തുപിടിച്ചു് അവൾ അദ്ദേഹത്തിന്റെ ഭാര്യയെകൊന്നു. കാബൂളിസ്ത്രീയുടെ വേഷത്തിൽ വന്നു അവൾ നേരമ്പോക്കു കാണിക്കുവാനിച്ഛിച്ചു; എന്നാൽ ഭാഗ്യചക്രം അവളെ മററാരിടത്തേക്കു കൊണ്ടുപോയി.

ഞാൻ സർദാർ സാഹബിന്റെ സ്ഥിതി വിവരിച്ചു. അതു കേട്ടു് അവൾ പറഞ്ഞു: ഇല്ല, അയാൾ കള്ളനും ചതിയനുമാണ്. ഞാൻ അയാളെ വിവാഹം ചെയ്യില്ല. എന്നാൽ നിങ്ങളോടുള്ള ആദരവ് എന്നെ എല്ലാം മറപ്പിക്കുന്നു. നാളെ അയാളുടെ കുട്ടികളെ കൊണ്ടുവരികയാണെങ്കിൽ, ഞാൻ അവരെ സ്നേഹിക്കും.'

പ്രഭാതത്തിൽ തുരയയെ കണ്ടിട്ടു് എന്റെ ഭൃത്യൻ ആശ്ചര്യപ്പെട്ടു. ഞാൻ അയാളോടു പറഞ്ഞു: ഇതു് എന്റെ നേരെ സഹോദരിയാണ്.

ഭൃത്യനു് എന്റെ പേരിൽ വിശ്വാസമുണ്ടായില്ല. അപ്പോൾ ഞാൻ എല്ലാ വിവരങ്ങളും വിസ്തരിച്ചു പറയുകയും, അപ്പോൾത്തന്നെ അച്ഛന്റെ ശവശരീരത്തെപ്പററി അന്വേഷിച്ചുവരാൻ അയാളെ പറഞ്ഞയയ്ക്കുകയും ചെയ്തു. ഭൃത്യൻ വന്നു പറഞ്ഞു:— "ശവം ഇപ്പോഴും പോലീസുസ്റ്റേഷനിൽ സൂക്ഷിച്ചുവെച്ചിട്ടുണ്ടു്.'

ഞാൻ വലിയ സാഹബിനു് കത്തെഴുതുകയും ശവം കിട്ടുവാനായി ഒരു ഹരജി കൊടുക്കുകയും ചെയ്തു. അപ്പോൾത്തന്നെ സാഹിബ്ബ സ്വീകരിച്ചു.

കത്തെഴുതി സർദാർ സാഹിബിനെ വിളിച്ചുവരുത്തി.

മേജർസാഹബ് വന്നിട്ടു ചോദിച്ചു: 'എന്താ, അസദ്' ഇത്ര വേഗം വരുവാൻ എന്തിനാണെഴുതിയതു്?'

ഞാൻ ചിരിച്ചുംകൊണ്ടു പറഞ്ഞു: മേജർ സാഹബ്, എന്റെ പേരു് അസദ് എന്നല്ല; എന്റെ ശരിയായ പേർ നാജിർ എന്നാണ്.

മേജർസാഹബ് സംശയപൂർവ്വം എൻെറ നേരെ നോക്കി പറഞ്ഞു: 'രാത്രി നിങ്ങൾ ഭ്രാന്തനായിത്തീർന്നില്ലല്ലോ?'

ഞാൻ ചിരിച്ചുംകൊണ്ടു പറഞ്ഞു: 'ഇല്ല, സർദാർസാഹബ്. കേൾക്കൂ, തുരയ എൻെറ നേരെ സഹോദരിയാണ്. ഇന്നലെ ഞാൻ കൊന്ന ആ മനുഷ്യൻ എൻെറ അച്ഛനായിരുന്നു.'

ഞാൻ പറയുന്നതുകേട്ടു സർദാർസാഹബ് ആകാശത്തുനിന്നും പൊളിഞ്ഞുവീണതുപോലെ തോന്നി. അദ്ദേഹം മേല്പോട്ടുനോക്കി. അദ്ദേഹം പറഞ്ഞു: 'എന്താ അസദ്, നിങ്ങൾ എന്നെയും ഭ്രാന്തനാക്കിത്തീർക്കുമോ?'

ഞാൻ സർദാർസാഹബിൻെറ കയ്യു പിടിച്ചു പറഞ്ഞു: "വരൂ, തുരയയുടെ മുഖത്തുനിന്നുതന്നെ നിങ്ങൾക്ക് എല്ലാ സംഗതികളും കേൾപ്പിച്ചുതരാം. തുരയ നിങ്ങളെ പ്രതീക്ഷിച്ചുംകൊണ്ടിരിക്കയാണ്."

സർദാർസാഹബ് എൻെറ പിന്നാലെ വന്നു. തുരയ അദ്ദേഹം ചെല്ലുന്നതു കണ്ടു് എഴുന്നേററുനിന്നു ചിരിച്ചുംകൊണ്ടു പറഞ്ഞു: "തടവുകാരൻ, നിങ്ങൾ ആ പാട്ടുതന്നെ പാടു." തുരയ പറയുന്നതു കേട്ടു ഞാനും സർദാർസാഹബും ചിരിച്ചുതുടങ്ങി.

സർദാർസാഹിബിനെ ഇരുത്തിയിട്ടു് ഞാൻ എല്ലാ സംഗതികളും പറഞ്ഞു. സർദാർ:—നാജിർ, ഇപ്പോൾ ഞാൻ നിങ്ങളെ നാജിർ എന്നുതന്നെ വിളിക്കട്ടെ, തുരയയെ ഞാൻ യാചിക്കുന്നു ഞാൻ ഇവളെ വിവാഹംചെയ്യും.

ഞാൻ ചിരിച്ചുംകൊണ്ടു പറഞ്ഞു: പക്ഷേ, അവൾ ഹിന്ദുവാണ്, ഞങ്ങൾ മുസൽമാന്മാരുമാണ്.

സർദാർസാഹബു ചിരിച്ചുംകൊണ്ടു പറഞ്ഞു: 'സൈനികർക്ക്' ഒരു ജാതിയുമില്ല!

തുരയ:—പക്ഷേ, സർദാർസാഹബ്, ഞാൻ നിങ്ങളെ വിവാഹം ചെയ്യില്ല. നിങ്ങൾ നാളെ നിങ്ങളുടെ കുട്ടികളെ അയച്ചുതരുമെങ്കിൽ, ഞാൻ അവരുടെ അമ്മയായിക്കൊള്ളാം.'

സർദാർസാഹബ് ചിരിച്ചുംകൊണ്ടു യാത്ര പറഞ്ഞു

ആ ദിവസം സന്ധ്യയ്ക്കുതന്നെ ഞങ്ങൾ—സർദാർസാഹബും ഞാനും തുരയയും മററ സേനകളുംകൂടി അച്ഛൻെറ ശവശരീരം മറവുചെയ്തു.

സൂര്യൻ അസ്തമിക്കാറായിരുന്നു. ക്രമേണ ഇരുട്ടായിത്തുടങ്ങി. ഞങ്ങൾ രണ്ടുപേരും—ഞാനും തുരയയും—അച്ഛൻെറ ശവകുടീരത്തിലിരുന്നു "ഫാത്തിഹ" ചൊല്ലുകയായിരുന്നു.

# മിസ്റ്റിസിസം.

(ജി. ശങ്കരക്കുറുപ്പ്)

പ്രകൃതത്തിന്റേയും അപ്രകൃതത്തിന്റേയും നടുക്കുനിന്നുകൊണ്ടു്, നിങ്ങൾ അനുവദിക്കുകയാണെങ്കിൽ, എനിക്കു രണ്ടുവാക്കു പറയുവാൻ ആഗ്രഹമില്ലായ്കയില്ല. കുട്ടികളോടുകൂടി മേഞ്ഞുകൊണ്ടുപോകുന്ന ഒരു പിടയാടിന്റെ അലസഗമനമാണു് എനിക്കു് ഇപ്പോൾ ഓർമ്മവരുന്നതു്. അമ്മയുടെ മന്ദമന്ദമായ ഗതി ആട്ടിൻകുട്ടികളുടെ ഉത്സാഹം നിറഞ്ഞ കാലുകളെ അക്ഷമങ്ങളാക്കിത്തീർക്കുന്നു; അവ കുതിച്ചു മുൻപേ കടക്കുവാൻ ഭാവിക്കുന്നു. അമ്മയുടെ വാത്സല്യത്തിൽ ഭയാശങ്കകളുടെ ചില തരംഗങ്ങളുളവാക്കി ഗതിക്കല്പം വേഗം വരുത്തുവാനാണു് ആ സന്താനങ്ങൾ ആഗ്രഹിക്കുന്നതു്. അവ പിന്നെയും മാതൃസന്നിധിയിൽതന്നെ തിരിച്ചെത്താതിരിക്കുകയില്ല; വാത്സല്യപരവശയായ അമ്മയുടെ ഗതിക്കു വേഗം കൂടാതിരിക്കുകയുമില്ല. സമസ്തകേരളസാഹിത്യപരിഷത്തിനെ നിന്ദിക്കുവാനോ നശിപ്പിക്കുവാനോ അല്ലാ, അതിന്റെ മാന്ദ്യം, അക്ഷന്തവ്യമായ ആലസ്യം, പരിഹരിക്കുവാനാണു് എന്നെപ്പോലെയുള്ള പാവപ്പെട്ട ആട്ടിൻകുട്ടികൾ ആഗ്രഹിക്കുന്നതു്.

ഇനി പ്രകൃതത്തിലേക്കു്—

പാശ്ചാത്യസാഹിത്യപരിചയംകൊണ്ടു ഭാഷയിൽ സംക്രമിച്ചിട്ടുള്ള നവീനമായ ഒരു ആശയപ്രകാശനസമ്പ്രദായംമാത്രമാണു് 'മിസ്റ്റിസിസം'—ഗുപ്തഭാവമായ ആദ്ധ്യാത്മികകാവ്യവിശേഷം—എന്നു വിചാരിക്കുന്ന വിമർശകവിദഗ്ദ്ധന്മാർ നമ്മുടെ ഇടയിൽ സുലഭമാണു്. ഭാരതഖണ്ഡത്തിന്റെ രക്തനാഡിയിൽ ലീനമായിക്കിടക്കുന്ന ആദ്ധ്യാത്മികസംസ്കാരമാഹാത്മ്യത്തേയും, പ്രശസ്തമായ പുരാതനസാഹിത്യത്തേയും, സ്മരിക്കുന്നപക്ഷം ഈ ബോധം പ്രാമാദികമാണെന്നു സുഗ്രഹമാകാതിരിക്കുകയില്ല. മനുഷ്യന്റെ മാനസികങ്ങളായ വാസനാവിശേഷങ്ങളെ വിളിച്ചുണർത്തുന്നതു പ്രകൃതിയിൽനിന്നുള്ള ഒരു വിളിയാണെന്നു സുപ്രസിദ്ധനായ ഒരു പാശ്ചാത്യശാസ്ത്രകാരൻ പറഞ്ഞിട്ടുള്ളതു് ഇവിടെ സ്മരണീയമാകുന്നു. ഭാരതഖണ്ഡത്തിന്റെ ആദ്ധ്യാത്മികതയ്ക്കുള്ള പ്രധാനകാരണം പരിതഃസ്ഥിതിയല്ലാതെ മറ്റൊന്നുമല്ല ഉന്നതങ്ങളായ ചിന്തകളാൽ ഉറങ്ങിയപോലെ നില്ക്കുന്ന ഗിരിനിരകൾ, പ്രകൃതിയുടെ പരിശുദ്ധവാത്സല്യംപോലെ പ്രവഹിക്കുന്ന നദികൾ, പ്രാർത്ഥനയ്ക്കു വിരിച്ച പച്ചപ്പട്ടുപോലെ പരന്നുകിടക്കുന്ന മൈതാനങ്ങൾ, ഇവയെല്ലാം ഭാരതീയന്റെ ചിന്താഗതിയെ സവിശേഷം സ്പർശിച്ചിട്ടുണ്ടു്. എഴുപത

ല്ലാ, ഏഴായിരം സംവത്സരം കഴിഞ്ഞാലും, ആശയത്തിനു വാർദ്ധക്യം വരുന്നില്ലെന്നു ഇന്നും ശക്തിമത്തായിരിക്കുന്ന ആ ആർഷസംസ്കാരം തെളിയിക്കുന്നു. നവിനവിജ്ഞാനത്തിനും സംസ്കാരത്തിനും, ആ അദ്ധ്യാത്മിക ഭാവത്തെ ഉണൎത്തുവാനും ഉജ്വലമാക്കുവാനും അല്ലാതെ, എന്നന്തേയ്ക്കുമായി ഉറക്കുവാൻ സാധിച്ചിട്ടില്ല; സാധിക്കയുമില്ല. ഭാരതീയജീവിതത്തിന്റെ സൎവ്വതോമുഖമായ വ്യാപാരത്തെ ഈ സംസ്കാരവിശേഷം പോഷിപ്പിക്കുകയും ശുദ്ധമാക്കുകയും ചെയ്തുകൊണ്ടാണിരിക്കുന്നതു്. ലോകത്തിൽ എവിടെകേട്ടിട്ടുണ്ടു് ആദ്ധ്യാത്മികസംസ്കാരം രാഷ്ട്രീയപ്രവൃത്തികളെ പരിശുദ്ധവും ശക്തിമത്തരവും ആക്കുന്നതായിട്ടു്? ഇൻഡ്യയിൽ മാത്രം! പാശ്ചാത്യശാസ്ത്രത്തിന്റെ പ്രകാശത്തിൽ, ജീവിതം സൎവ്വഗതവും ഏകവുമാണെന്ന വൈദാന്തികസിദ്ധാന്തം തെളിയിക്കുന്ന ജെ. സി. ബോസിന്റെ ചിന്താഗതിയെയും ഈ ആർഷമനോഭാവം സംസ്പൃശിച്ചിട്ടുണ്ടെന്നു വ്യക്തമാണല്ലോ.

അഗാധവും അപാരവുമായ ഒരു മഹാസമുദ്രമാകുന്നു ജീവിതം. അതിന്റെ ഉപരിതലത്തിൽ, പരസ്പരഭിന്നങ്ങളായി പ്രത്യക്ഷപ്പെടുകയും മത്സരിക്കുകയും ചെയ്യുന്ന തരംഗങ്ങളിൽ, നിലകിട്ടാതെ നീന്തിക്കൊണ്ടിരിക്കുന്ന ബുദ്ധിക്കു് അന്തൎഭാഗത്തിന്റെ ശാന്തതയും സമതയും ഏകതയും ദീപ്തിമത്തയും ഗംഭീരതയും കാണുവാൻ കഴിയുന്നില്ല. എന്നാൽ പൂൎവ്വികന്മാരായ ഋഷിപുംഗവന്മാരുടെ, ഒരിക്കലും ക്ഷീണിക്കാത്ത, ജ്ഞാനം ഏകവും സനാതനവുമായ ആ അഗാധതയിൽ കാൽകുത്തിയിട്ടുണ്ടു്. ആ ബുദ്ധിയുടെ നീണ്ടകാലിനു Intuition എന്നു ഞാൻ പറയും. അസുലഭവും അന്യാദൃശവുമായ ഈ ശക്തിവിശേഷത്താൽ ഋഷിവരേണ്യന്മാരുടെ അന്തർദൃഷ്ടിക്കു വിഷയമായിത്തീൎന്നിട്ടുള്ള ആ നിത്യസത്തയാണു പൂൎണ്ണത്വം, ശക്തി, സൗന്ദൎയ്യം, ഈശ്വരൻമുതലായ അശക്തപദങ്ങളാൽ വ്യവഹരിക്കപ്പെടുന്ന പ്രഥമതത്വം. 'ശാശ്വതമായ സൃഷ്ടിസ്ഥിതിലയത്തിനു കാരണമായി അവിരതം പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന പ്രപഞ്ചഹൃദയം' എന്നു് എഡ്വർഡ് സിംപ്സൺ എന്ന പാശ്ചാത്യശാസ്ത്രവിശാരദൻ വിവരിക്കുന്ന പരമതത്വവും മറ്റൊന്നല്ല. ബാഹ്യമായ നാനാത്വത്തിന്റെ അടിയിലുള്ള ശാശ്വതമായ ഐക്യത്തെ ദൎശിച്ച ഒരു ഹൃദയമാണു 'മിസ്റ്റിസിസ'ത്തിന്റെ ബീജം എന്നു സംക്ഷിപ്തമായി പ്പറയാം. ഈ ആദ്ധ്യാത്മികസത്തയോടു് ഐക്യം പ്രാപിക്കുവാനുള്ള തൃഷ്ണ വിരഹിണിയായ കാമിനിയായിട്ടു, ഉന്മത്തയായ ഭക്തയായിട്ടു്, സ്നേഹവിവശമായ അപത്യമായിട്ടു്, ഇങ്ങനെ പല രൂപത്തിലും പ്രത്യക്ഷപ്പെടാറുണ്ടു്. ഈ അവസ്ഥയിൽ വെളിച്ചം, ശബ്ദം, രൂപം, സൌ

രഭ്യം മുതലായവയെല്ലാം ആ മഹാതത്വത്തിന്റെ സന്ദേശവാഹകന്മാരായിപ്പരിണമിക്കുന്നു. അപൂർണ്ണമായ പ്രകൃതിയിൽകൂടി പൂർണ്ണമായ നിത്യസത്തയെ നിരീക്ഷിക്കുന്നതാണു മിസ്റ്റിസിസത്തിന്റെ സ്വഭാവം എന്നു ഇപ്പോൾ വിശദമായിരിക്കുമല്ലോ. 'ഈശാവാസ്യമിദം സർവ്വം' എന്ന ഉപനിഷദ്വാക്യവും' പ്രപഞ്ചം സജീവമായ ദൈവത്തിന്റെ ആവരണമാണെന്നുള്ള സിംപ്സന്റെ മതവും ഈ മനോഭാവത്തിലാണു അന്യോന്യം ആലിംഗനം ചെയ്തുനിൽക്കുന്നതു്.

ഇനി ഒരു ചെറിയ ഉദാഹരണംകൊണ്ടു് ഈദൃശമായ മനോഭാവം തെളിയിക്കുവാൻ ശ്രമിക്കാം. പ്രഭാതത്തിൽ കറുകപ്പുല്ലിന്റെ തലപ്പത്തു സൂര്യരശ്മിതട്ടിത്തിളങ്ങുന്ന ഹിമബിന്ദു ഒരു സാധാരണന്റെ കണ്ണുകളെ ആകർഷിച്ചില്ലെന്നുവരാം. ഭാവനാസമ്പന്നനായ ഒരു സചേതസ്സിന്റെ ദൃഷ്ടിക്കു 'സർവ്വാനുഗ്രഹദാത്രിയായിരുന്ന രാത്രിയുടെ മരണത്താൽ വിഷാദിക്കുന്ന കറുകയുടെ നീലക്കൺപീലിത്തുമ്പിൽ പൊടിഞ്ഞ ഒരു ബാഷ്പബിന്ദുവായിത്തോന്നെന്നുവരാം അതു്. ആന്തരമായ ആദ്ധ്യാത്മികസൗന്ദര്യം സർവ്വത്ര കാണുന്ന ഒരു മിസ്റ്റിക്ക്കാവ്യകാരനു അപാരവും ശാശ്വതവുമായ ആകാശത്തെത്തന്നെ അല്പവും ക്ഷണികവുമായ ആ കണികയിൽ ദർശിക്കുവാൻ കഴിയുന്നു; ആ മൂടുപടത്തിന്റെ അന്തർഭാഗത്തുള്ള മുഗ്ദ്ധമുഖത്തെ കാണുവാൻ സാധിക്കുന്നു. ആദ്ധ്യാത്മികമായ സംസ്കാരവിശേഷത്താൽ അനുഗൃഹീതമായ ഭാവനാശക്തി ലോകത്തിനു നൽകുന്ന വിപുലവും വിശിഷ്ടവും ആയ വ്യാഖ്യാനമാണു 'മിസ്റ്റിസിസം'

ആദ്ധ്യാത്മികഭാവനകൊണ്ടു പ്രകൃതിക്കു നവീനവും അനന്തവും ആയ അർത്ഥം കല്പിക്കുന്ന ഈദൃശകാവ്യപ്രസ്ഥാനം ജീവിതത്തിന്റെ ശുദ്ധിയും വൈപുല്യവും വിശദമാക്കി ഹൃദയത്തേയും വ്യക്തിജീവിതത്തെയും വികസിപ്പിക്കുകയും ആത്മാവിനെ ഉണർത്തുകയും ഉയർത്തുകയും ചെയ്യണം. ആദ്ധ്യാത്മികമായ അലസതയിൽ (quietism) മനുഷ്യജീവിതത്തെ മുക്കിക്കളയരുതു്. ഇതാകുന്നു ടാഗോർ കവിതയ്ക്കുള്ള മാഹാത്മ്യം. 'ഏകാന്തമായ ധ്യാനത്തിൽ ഇരിക്കുന്ന അങ്ങു് അപ്പുറത്തുനിന്നുമുള്ള വല്ല സന്ദേശവും കേൾക്കുന്നുണ്ടോ' എന്നു ഒരു ഹൃദയാലുവായ ജിജ്ഞാസു ചോദിക്കുന്നതായി സങ്കല്പിച്ചുകൊണ്ടു് ആ മഹാകവി എന്താണു പറയുന്നതു്? ഇതല്ലേ, "മരണത്തേയും തദനന്തരമുള്ള ജീവിതത്തേയും ചിന്തിച്ചുകൊണ്ടു് ജീവിതത്തിന്റെ കരയിൽ ഞാനിരുന്നാൽ, യുവാക്കന്മാർക്കുവേണ്ടി വികാരതുന്ദിലങ്ങളായ ഗാനങ്ങൾ വിരചിക്കുവാൻ ആരാണു്?' നിത്യജീവിതത്തിൽ ഭാവനയുടെ വലവീശുക, അതിൽപ്പെടുന്ന അനുഭ

വങ്ങളെ ആദ്ധ്യാത്മികതയാൽ പരിശുദ്ധമാക്കി ലോകത്തിന്റെ മുൻപിൽ സമർപ്പിക്കുക, ഇങ്ങനെ ജീവിതത്തെ അനുഭവസമ്പന്നവും വികസ്വരവുമാക്കുകയത്രേ ആദ്ധ്യാത്മികകാവ്യകാരന്റെ കർത്തവ്യം.

ആദ്ധ്യാത്മികങ്ങളായ ആശയങ്ങളെ നഗ്നമായ രൂപത്തിൽ വിവരിക്കുന്നതായാൽ കേവലം തത്വചിന്തമാത്രമേ ആകുകയുള്ളു. വികാരജനകമായ രീതിയിലുള്ള പ്രതിപാദനംകൊണ്ടു മാത്രമല്ലാതെ അതു കവിതയാകുന്നതല്ല. അതിനാൽ കാമിനീകാമുകന്മാരുടെ പ്രേമം, പിതൃപുത്രസഹജമായ സ്നേഹം, സുഹൃജ്ജനോചിതമായ മൈത്രി മുതലായ ലൗകികവികാരങ്ങളേയും തദനുസാരങ്ങളായ ചില സങ്കേതങ്ങളേയും കവികൾ ആദ്ധ്യാത്മികഭാവം പ്രതിഫലിപ്പിക്കുവാൻ അംഗീകരിക്കാറുണ്ട്. എല്ലാത്തിനും ഉദാഹരണം ഉദ്ധരിക്കുന്നില്ല. ഒരു ജർമ്മൻമിസ്റ്റിക് മനുഷ്യപ്രകൃതിയെ നായികയായും ക്രിസ്തുവിനെ നായകനായും വർണ്ണിച്ചിരിക്കുന്നു. രാധാമാധവന്മാരും ഈ ആശയം തന്നെയാണല്ലോ വിശദമാക്കുന്നതു്. മീരയുടെ ശ്രീകൃഷ്ണസ്തുതികൾ കേവലം പ്രേമസല്ലാപമായി ഭ്രമിക്കത്തക്ക വിധത്തിലാണ്. ആ ഭക്ത പാടുകയാണ്:—"ഞാൻ റാണ പറയുന്നതു കേൾക്കുകയില്ല. എന്റെ സർവ്വസ്വവും ഞാൻ ഒരാൾക്കു സമർപ്പിച്ചുകഴിഞ്ഞു. എന്റെ ശ്യാമനു്. . . ."

ആത്മീയങ്ങളായ ആശയങ്ങളെ ഹൃദയംഗമമാക്കുവാൻ ഉപകരണമായിട്ടു ലൗകികവസ്തുക്കളെയും വികാരങ്ങളേയും സ്വീകരിക്കുകയാൽ 'സിംബോളിസം' മിസ്റ്റിസിസത്തിൽ സാധാരണമായിത്തീർന്നിട്ടുണ്ടു്. ജീവാത്മപരമാത്മാക്കളുടെ അഭേദം കാണിക്കുവാൻ സുപ്രസിദ്ധനായ ഒരു പാരസികകവി സ്വീകരിച്ചിരിക്കുന്ന ചിഹ്നം (Symbol) നോക്കുക: 'കാമുകൻ പ്രേമസർവ്വസ്വത്തിന്റെ വാതിൽക്കൽ മുട്ടി. അകത്തുനിന്നു് ഒരു ശബ്ദംകേട്ടു. 'ആരാണതു്?' അവൻ പറഞ്ഞു: 'ഞാൻ.' അകത്തുനിന്നു വീണ്ടും ഒരു ശബ്ദം: 'എനിക്കും നിനക്കും ഇടമില്ലാ ഇവിടെ.'

ആഗതൻ വനത്തിൽപോയി തപശ്ചര്യയിൽ നിരതനായി കുറെക്കാലം കഴിഞ്ഞു മടങ്ങിച്ചെന്നു വാതിൽക്കൽ മുട്ടി. 'ആരാണതു്?' അന്തഃചോദ്യം. 'നീതന്നെ', ഇതായിരുന്നു സമാധാനം. ഉടൻ വാതിൽ തുറന്നു. 'തത്വമസി' എന്ന വാക്യത്തിന്റെ വിസ്തൃതമായ ഒരു വ്യാഖ്യാനമാണ് ഈ കാമുകവൃത്താന്തം എന്നു വ്യക്തമാണല്ലോ.

ആത്മീയചിന്തയുടെ പ്രകാശനത്തിനു ഭാരതീയർ പണ്ടേ 'സിംബോളിസ'ത്തെ സാഹായ്യത്തിനു ക്ഷണിക്കാറുണ്ടു്. ഒരു ശ്രുതിവാക്യത്തിൽ മൂലപ്രകൃതിയെ വർണ്ണിച്ചിരിക്കുന്നതു കേട്ടാൽ "ലോഹിതശുക്ലകൃഷ്ണവർണ്ണങ്ങളോടുകൂടിയ രൂപവതിയായ ഒരു അജയെ"പ്പറ്റിയാണെ

പ്രസ്താവിക്കുന്നതെന്നു വാച്യാൎത്ഥമാത്രപരന്മാൎക്കു തോന്നിപ്പോയേക്കും. പൌരാണികമായ അഹല്യാവൃത്താന്തംതന്നെ പരമമായ ഒരാദ്ധ്യാത്മികതത്വത്തിൻെറ നിഴലാണെന്നു വിശദമാകുന്നതാണു്. ബ്രഹ്മാവിൻെറ മാനസപുത്രിയാകുന്നു അഹല്യ എന്നു പ്രസിദ്ധമാണല്ലോ. ഭോഗപനായ ഇന്ദ്രനും ത്യാഗരതനായ ഗൌതമനും ഒരു സുന്ദരിയെ ആഗ്രഹിച്ചു. മഹൎഷിക്കാണു് അത്യന്തദുൎല്ലഭയായ ആ ശുദ്ധബാലികയെ വിവാഹം ചെയ്യുവാൻ സാധിച്ചതു്.

അഹല്യയുടെ ആഗമനത്തോടുകൂടി ആശ്രമം സമുജ്ജ്വലവും പരമസുന്ദരവുമായി. സ്വൎഗ്ഗപതിയുടെ ഭോഗലാലുപമായ കണ്ണു് ആ പൎണ്ണശാലയുടെ മുകളിൽ പാറിപ്പറക്കാത്ത സമയമില്ലെന്നായി. ഇന്ദ്രൻെറ ഭോഗേച്ഛ ആ താപസസഹധൎമ്മിണിയെ മലിനയാക്കി. ശപ്തയായ അഹല്യ ശിലയായിട്ടുതന്നെ പാവനമായ രാമപാദസ്പൎശം ലഭിക്കുന്നതു വരെ കിടന്നു.

ഈ പൌരാണിക കാവ്യശകലം യഥാശ്രുതമായ അൎത്ഥത്തിൽ സ്വീകരിച്ചാൽ പോരാ. വസ്തുവല്ല ആ ലൌകികാൎത്ഥം; നിഴലാണു്. അതിനു പല ന്യൂനതകളുമുണ്ടു്. എന്തിനാണു ബ്രഹ്മാവിൻെറ മാനസപുത്രിയാണെന്നു പറഞ്ഞതു്. എന്തുകൊണ്ടു വ്രതകൃശനും വിരക്തനും ആയ ഗൌതമനു് അവളെ ലഭിച്ചു. ആഡംബരപ്രിയനും സ്വൎഗ്ഗനാഥനും ആയ ഇന്ദ്രനല്ലേ വരനാവാൻ അൎഹത. ഇങ്ങനെ ആ ഇതിവൃത്തത്തിനോടു് ഏതാനും സംശയങ്ങൾ ചോദിച്ചാൽ പിറകിൽ നില്ക്കുന്ന ആദ്ധ്യാത്മികസത്യം ഹൃദയാലുവിൻെറ മുൻപിൽ ആകൎഷകമായ രൂപത്തോടുകൂടി വന്നുനിന്നു "നിങ്ങൾ കണ്ടതു് എൻെറ മൂടുപടത്തെയാണു്, എന്നെയല്ല", എന്നു തീൎച്ചയായും ആത്മാവിനു മാത്രം കേൾക്കാവുന്ന സ്വരത്തിൽ പറയാതിരിക്കുകയില്ല.

അരൂപവും പരമപാവനവുമായ കേവലസൌന്ദൎയ്യംതന്നെയാണു് അഹല്യ. തപസ്സിനു മാത്രമേ അതിനെ വശഗമാക്കുവാൻ സാധിക്കു. ഭോഗലാലസത്വം ശുദ്ധസൌന്ദൎയ്യത്തെ മലിനമാക്കുന്നു. ജഡബദ്ധമായ ഓരോ ആത്മാവും ഓരോ ശിലാസ്ഥിതിയിൽ കിടക്കുന്ന ഓരോ അഹല്യയാണു്. പശ്ചാത്താപവും ദൈവികമായ അനുഗ്രഹവുംകൊണ്ടുമാത്രമേ ശുദ്ധവും പരമവുമായ അവസ്ഥ പ്രാപിക്കുവാൻ സാധിക്കുകയുള്ളു. ഈ ആദ്ധ്യാത്മികതത്വശകലമാണു്, ശിലയുടെ അടിയിൽ സുന്ദരിയായ അഹല്യയെപ്പോലെ, പൌരാണിക കഥയുടെ ഉള്ളിൽ മറഞ്ഞിരിക്കുന്നതു്.

വന്ദ്യമഹാകവിയായ രവീന്ദ്രനാഥൻെറ പ്രസിദ്ധകാവ്യമായ ഗീതാഞ്ജലി, വികാരജനകമായ രീതിയിൽ, സുന്ദരമായ രൂപത്തിൽ,

പ്രകാശിപ്പിച്ചിട്ടുള്ള ആദ്ധ്യാത്മികജീവിതത്താലാണു ലോകാദരണീയമായിത്തീന്നിരിക്കുന്നതു്. 'ഈ ക്ഷണനശ്വരമായ പാത്രം അവിടുന്നു പിന്നെയും പിന്നെയും ശൂന്യമാക്കുന്നു; എപ്പോഴും നൂതനചൈതന്യത്താൽ നിറയ്ക്കുകയും ചെയ്യുന്നു.' എന്നു് അദ്ദേഹം പാടുമ്പോൾ പുനർജ്ജന്മത്തിലും ജീവൻെറ നിത്യത്വത്തിലും വിശ്വാസമുള്ള ഭാരതീയനു് ആശയം എത്ര ഹൃദയംഗമമായിത്തീരുന്നു. 'അവിടത്തെ അപരിമേയമായ അനുഗ്രഹം ഈ കൊച്ചുകൈകളിൽക്കൂടി മാത്രമാണു് എനിക്കു ലഭിക്കുന്നതു്. യുഗങ്ങൾ കടന്നുപോകുന്നു; പിന്നെയും അവിടുന്നു് ആ അനുഗ്രഹം പകന്നുകൊണ്ടിരിക്കുന്നു; ഇനിയും അതു നിറഞ്ഞിട്ടില്ല,' ആ മഹാകവിയുടെ ഈ ലഘുവാക്യത്തിൽ അനുഭവിച്ചിരിക്കുന്ന ജീവിതരഹസ്യം ആരെയാണു് അത്ഭുതപരവശരും ഭക്ത്യുന്മുഖരും ആക്കാത്തതു്.

ഏകദേശം ഈ ആശയത്തോടു സാദൃശ്യം വഹിക്കുന്ന മഹാകവി വള്ളത്തോളിൻെറ ഒരു പദ്യം ഈ സന്ദർഭത്തിൽ സ്മൃതിപഥത്തിൽ വരുന്നു.

'ശ്യാമപ്പൂമെത്ത ചഞ്ചൽക്കുളിർ വിശറി മണി-
    കിണ്ണമാം നീലമേലാ-
പ്പോമൽ താരങ്ങളോപ്പിവക വിഭവശതം
    ചേന്ന കേളീഗൃഹം മേ
പ്രേമത്താലേ സ്വയം തന്നരുളിയ പരമോ-
    ദാരശീലൻെറ മുമ്പിൽ
കാമത്താൽ കൊച്ചുകൈക്കുമ്പിളിതഹഹ! മല-
    ർത്തുന്ന ഞാനെത്ര ഭോഷൻ!'

സംതൃപ്തവും ശാന്തസുന്ദരവും ആയ ജീവിതം നയിക്കുന്നതിനു പ്രേമത്താൽ മാത്രം പ്രേരിതനായിട്ടു പ്രാത്ഥിക്കാതെതന്നെ ദൈവം നൽകിയിട്ടുള്ള അനുഗ്രഹം എത്ര വിപുലം! എത്ര അത്ഭുതജനകം! ദാതാവിൻെറ സങ്കല്പത്തിനനുസരിച്ചു ഉപയോഗിക്കാതെ, അതിൻെറ മാഹാത്മ്യം മനസ്സിലാക്കാതെ, വീണ്ടും കാമവശഗനായി കൈക്കുമ്പിൾ കാണിക്കുന്ന മനുഷ്യൻെറ ക്ഷുദ്രത എത്ര ദയനീയം! ദൈവികമായ രതിയെ ഉദ്ദീപിപ്പിക്കുന്ന പ്രസ്തുത പദ്യത്തിൻെറ ആദ്ധ്യാത്മികഭാവം മനുഷ്യൻെറ കണ്ണു തുറപ്പിക്കുവാൻ പര്യാപ്തമാകുന്നുവെന്നു പ്രസ്താവിക്കേണ്ടതില്ല.

ചണ്ഡാലഭിക്ഷുകി കേവലം ലൗകികമായ ഒരു കാവ്യമാണെങ്കിലും ഇതിവൃത്തം സൂക്ഷ്മമായി നിരീക്ഷിക്കുന്നതായാൽ അതിലെ കഥാപാത്രങ്ങളും സംഭവങ്ങളും ആദ്ധ്യാത്മികമായ ഒരാശയ

വിശേഷത്തിന്റെ മനോഹരമായ മൂടുപടം മാത്രമാണെന്നു സുഗ്രഹമാകും. ചണ്ഡാലബാലിക പ്രാകൃതയായ മനുഷ്യപ്രകൃതിയുടെ പ്രതിരൂപം മാത്രമാകുന്നു. ഭൗതികതൃഷ്ണാവശഗയായ അവൾക്കു വിജനസ്ഥലത്തുവച്ച് ആകസ്മികമായുണ്ടാകുന്ന 'ആനന്ദദർശനം' ജീവിതത്തിൽ ചിലർക്കു ചില സന്ദർഭങ്ങളിൽ അനുഭവഗോചരമാകുന്ന, നിത്യസൗന്ദര്യജന്യവും ക്ഷണികവുമായ, പരമാനന്ദാനുഭവംതന്നെയാണ്. ഐശ്വരമായ ആ സൗന്ദര്യാനുഭവം മനുഷ്യാത്മാവിനെ ഊണിലും ഉറക്കത്തിലും അഭിരുചിയില്ലാത്തതാക്കിത്തീർക്കുമെന്നു ഭാഗവൽപ്രേമപരവശന്മാർ വിശദമാക്കിയിട്ടുണ്ട്. ബുദ്ധന്റെ — ജ്ഞാനത്തിന്റെ — സമീപത്തുനിന്നാണ് ആ ശാശ്വതമായ ആനന്ദത്തെ വീണ്ടും ലഭിക്കുന്നത്. മനുഷ്യപ്രകൃതി അസുലഭവും ആകസ്മികവുമായ ഐശ്വരചൈതന്യത്തിന്റെ ക്ഷണികമായ അനുഭൂതിയാൽ കണ്ണുതുറന്നു വിശ്വാസമാത്രസഹായയായിട്ടു ഓരോ അടി മുൻപോട്ടുചെന്നു പരമജ്ഞാനത്തെയും തത്സഹചരമായ പരമാനന്ദത്തെയും ദർശിച്ചു പരിശുദ്ധയായിത്തീരുന്നതാണ് ചണ്ഡാലഭിക്ഷുകിയിലെ ഇതിവൃത്തത്തിൽ ഗോപനംചെയ്തിരിക്കുന്ന ആദ്ധ്യാത്മികാശയം എന്ന് ഇതിൽനിന്നു വ്യക്തമായിരിക്കുമല്ലോ.

മഹാകവി ഉള്ളൂരിന്റെ കൃതികളിലും ഗുപ്തങ്ങളായ ആദ്ധ്യാത്മികാശയങ്ങളുടെ പ്രതിരൂപങ്ങൾ കാണാം.

കവിതയുടെ മുഖ്യമായ ഉദ്ദേശം ജീവിതത്തെ വികസിപ്പിക്കുകയും നിരീക്ഷണത്തെ വിപുലമാക്കുകയും ദിവ്യവും നൂതനവും ആയ രൂപത്തിൽ പ്രകൃതിയെ ദർശിക്കുവാൻ ശക്തി ജനിപ്പിക്കുകയുമാണെങ്കിൽ ശാസ്ത്രവും തത്വചിന്തയും കവിയുടെ മുൻപിൽ സമർപ്പിച്ചിട്ടുള്ള അസംസ്കൃതപദാർത്ഥങ്ങളെ (Raw material) ഭാവനയുടേയും വികാരത്തിന്റേയും മൂശയിൽ ഉരുക്കി പുതിയ രൂപത്തിൽ പ്രകാശിപ്പിക്കുവാൻ യത്നിക്കേണ്ടതാകുന്നു. വികാരംകൊണ്ടു മയപ്പെടുത്തുക; ഭാവനകൊണ്ടു മേനിപ്പെടുത്തുക; പുതിയ രൂപംകൊണ്ടു ആകർഷകമാക്കുക; ശാസ്ത്രത്തിന്റേയും തത്വചിന്തയുടേയും സമ്പത്തു കവിയുടെ മുൻപിൽ സമർപ്പിച്ചിരിക്കുന്നതു മറ്റൊന്നിനുമല്ല.

മനുഷ്യഹൃദയംപോലെ അത്ഭുതജനകമായ ഒരു വസ്തു ആകാശത്തെ ഇന്നുവരെ സ്പഷ്ടമാക്കിയിട്ടില്ല. എന്തൊരു സൗന്ദര്യവും ശക്തിയുമാണതിന്! സ്വതവേ സുഭഗമായ പ്രകൃതിയിലെ ഓരോ പദാർത്ഥത്തെയും തന്നിമിത്തം മനുഷ്യൻ സുഭഗതരമാക്കുന്നു. പ്രകൃതിയിലെ മഹാശക്തികളെ അവൻ സ്വേച്ഛാനുസാരം അടക്കിനിർത്തുന്നു. ഏതു പർവ്വതത്തിന്റെ അത്യുന്നതമായ ശിഖരമാണ് മനുഷ്യന്റെ ചെറിയകാലുകൾക്ക് ഇന്നു

തല കുനിച്ചുകൊടുക്കാത്തതു്! ഉള്ളുകാണിക്കാത്ത ഏതുമഹാസമുദ്രമാണു മനുഷ്യനു ഏതുഭാഗവും തുറന്നുകാണിക്കാത്തതു്! കാലവും ദൂരവും പിൻമാറുകയാൽ ഒരു നിമിഷത്തിൽ ഒരുനൂറുകൊല്ലത്തെ ജീവിതം ഒതുങ്ങിത്തുടങ്ങിയിരിക്കുന്നു. കവിതയ്ക്കു മനുഷ്യനെക്കാൾ മഹനീയമായ ഒരു വിഷയമില്ല. മനുഷ്യഹൃദയത്തിൽ ദിവ്യവും ശക്തിമത്തരവുമായ നാളത്തെ ലോകം കിടക്കുന്നുണ്ടു്.

---

MUL
082753

22.FEB.19[illegible]6